Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൮ ഫെബ്രുവരി ൧൦-ാം | ലക്കം ൨൭
പേജ് ൧൬ | ൧൧൨൩ മകരം ൨൭-ാം തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

# അമേരിക്കൻ വനിതകൾ

1918-ൽ ലോകമഹായുദ്ധം അവസാനിച്ചപ്പോൾ പാശ്ചാത്യലോകത്തിലെല്ലാം സ്ത്രീസമുദായത്തിൽ ഒരു ക്ഷോഭത്തിന്റെ വേലിയേററം ഉണ്ടായി. ഫ്ളാപ്പരവോട്ടോടെ സ്ത്രീകൾ മാമൂലിൽനിന്നു മോചിപ്പിക്കപ്പെട്ടു. ഇന്ന് അമേരിക്കയിൽ സ്ത്രീകൾക്ക് പരിപൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യമുണ്ട്. ഏതൊരു ജീവിതവൃത്തിയിലും, പൗരകാര്യങ്ങളിലും സ്ത്രീകൾ പുരുഷന്മാരുമായി സമത്വത്തിൽ മത്സരിക്കുന്നു. ന്യൂജഴ്സി എന്ന സംസ്ഥാനത്തിലൊഴിച്ച് മറെറല്ലായിടത്തും അവൎക്ക് വസ്തു അവകാശവും, പിൻതുടർച്ചയായി വസ്തു ലഭിക്കുന്നതിനുള്ള നിയമസമ്മതവും നിലവിലിരിക്കുന്നു. ന്യൂജഴ്സിയിൽമാത്രം സ്ത്രീകൾക്ക് വസ്തുഉടമ അനുവദിക്കപ്പെട്ടിട്ടില്ല.

ശ്രീ ചന്ദ്രലേഖാപണ്ഡിററ്

(മലയാളരാജ്യത്തിനു പ്രത്യേകം)

ഇന്ത്യൻ വനിതകളുടെ സൗമ്യവും മനോഹരതയും ഇന്ത്യ സന്ദർശിക്കുന്നവരെയെല്ലാം ആകർഷിക്കാറുണ്ട്. കിണററിൽനിന്ന് കുടത്തിൽ വെള്ളം കോരിക്കൊണ്ടുപോകുന്ന ഗ്രാമീണബാലികയുടെ താളാനുകൂലമായ നടപ്പ്, കൃഷീവലവനിതയുടെ ബഹുമാന്യമായ ഭാവം, പാരമ്പര്യമനുസരിച്ചു വളൎന്ന സ്ത്രീകളുടെ അടക്കം, സമനില, എന്നിവയെല്ലാം ആദരപൂർവം ഗണിക്കപ്പെടുകയും, അസൂയാവഹമായി എണ്ണപ്പെടുകയും ചെയ്യുന്നു എങ്കിലും നമ്മുടെ സൗന്ദര്യം, സുമുഖത എന്നിവയോടൊപ്പംതന്നെ തങ്ങളുടെ ഗൃഹാങ്കണങ്ങളിൽതന്നെ കഴിഞ്ഞുകൂടുന്നവരും, ലോകം കാണാത്തവരും, സാമാന്യജീവിതത്തെപ്പററി അറിയാത്തവരുമായ അനേകായിരം സ്ത്രീകളെ കണ്ടുമുട്ടേണ്ടിവരികയെന്ന അവസ്ഥയും ഇന്ത്യയിൽ ശേഷിക്കുന്നു. വിവാഹശേഷം ഭർത്തൃഗൃഹത്തിൽ പ്രവേശിക്കുന്ന സ്ത്രീ ഒടുവിൽ ശവദാഹവേളയിൽമാത്രമേ വെളിയിൽ ഇറങ്ങുന്നുള്ളു എന്ന് പർദാസ്ത്രീകളെപ്പററി ഒരു ചൊല്ലുണ്ട്. നേരെമറിച്ചു അനേകലക്ഷം കർഷകരും, തൊഴിലാളികളുമായ സ്ത്രീകൾക്ക് ധാരാളം സഞ്ചരണസ്വാതന്ത്ര്യമുണ്ടെങ്കിലും അവൎക്ക് രക്ഷയോ, സൗഖ്യമോ ആരോഗ്യത്തിനും, സുഖത്തിനും ഒഴിച്ചുകൂടാൻവയ്യാത്ത ആഹാരമോ ലഭിക്കുന്നില്ല. ആഹാരം കഴിച്ചും, വേണ്ടത്ര വസ്ത്രധാരണം ചെയ്തും, വിദ്യാഭ്യാസത്തോടുകൂടിയും ഇന്നത്തെ ലോകത്തിലെ പൗരരുടെ കൂട്ടത്തിൽ അർഹമായ സ്ഥാനം അനുവദിക്കപ്പെട്ടും കഴിഞ്ഞുകൂടുന്ന ഇന്ത്യൻ സ്ത്രീകൾ ഒരു വെറും ന്യൂനപക്ഷം മാത്രമാണ്. അതിനാൽ ഇന്ത്യൻ പശ്ചാത്തലത്തിൽ വർത്തിക്കുന്ന ആൎക്കും അമേരിക്കനായിട്ടുള്ള സംഗതികളെല്ലാം മോടിപ്പകിട്ടിലും ഐശ്വര്യത്തിലും മൂടിയിരിക്കുന്നതായും രോമഹർഷണമായും തോന്നുന്നതാണ്. ഇവയിൽ പ്രധാനം അമേരിക്കൻ വനിതകളാകുന്നു. മാമൂലിൽനിന്നു മോചനംനേടിയ സ്ത്രീകളെപ്പററി ഓൎക്കുമ്പോഴൊക്കെ അമേരിക്ക നമ്മുടെ സ്മൃതിപഥത്തിലെത്തുന്നു. തന്റെ പുരുഷന്റെ ചങ്ങാതിയായി, സുഖദുഃഖങ്ങൾ ഒപ്പം പങ്കുകൊണ്ട് അതിവിസ്തൃതവും, ഫലഭൂയിഷ്ഠവുമായ തങ്ങളുടെ ഭൂമിയെ ഐശ്വര്യസമൃദ്ധമാക്കിത്തീർക്കുകയെന്ന പാരമ്പര്യമാണ് അമേരിക്കൻ വനിതയ്ക്കുള്ളതു്.

അമേരിക്കയുടെ ആദിമചരിത്രം അപദാനങ്ങളുടെ ഒരു നോവൽപോലെയായിരിക്കുന്നു. മേയ്ഫ്ലവർ എന്ന കപ്പലിൽ പിൽഗ്രിംഫാദേഴ്സ് അമേരിക്കയിൽ ആദ്യമായി വന്നെത്തിയപ്പോൾ മുതൽ അനേകം വൈഷമ്യങ്ങൾ അവർ നേരിടേണ്ടിയിരുന്നു. വനംതെളിക്കുക കെട്ടിടങ്ങൾ ഉണ്ടാക്കുക. ഭക്ഷ്യസാധനങ്ങൾ കൃഷിചെയ്യുക, ആദിമനിവാസികളായ ഇന്ത്യന്മാരുമായി പൊരുതുക എന്നിവയെല്ലാം അവർ സഹിക്കേണ്ടിവന്ന ബുദ്ധിമുട്ടുകളിൽ ചിലതാണ്. പൂർവ്വതീരം കൃഷിചെയ്യപ്പെട്ടുകഴിഞ്ഞപ്പോൾ അവർ അതിവിശാലമായി നീണ്ടുകിടന്നിരുന്ന പശ്ചിമപ്രദേശങ്ങളിലേക്ക് നീങ്ങി, അതുവരെ അവിടത്തെ മണ്ണിൽ ഒരു ചാലുപോലും ആരും ഉഴുതിരുന്നില്ല. അമേരിക്കൻ ഭൂഖണ്ഡത്തിൽ മനുഷ്യവാസം ഉറപ്പിക്കുന്ന ജോലിയിൽ സ്ത്രീകൾ വഹിക്കേണ്ടിവന്ന പങ്ക് അതിമഹത്താണ്. ധൈര്യം, ശേഷി, മനക്കരുത്ത് എന്നിവയാൽ രാജ്യത്തിന്റെ ഭാഗധേയം രൂപവൽക്കരിക്കുന്ന കാര്യത്തിൽ അവർ തങ്ങളുടെ പങ്ക് ശരിക്ക് വഹിക്കുകതന്നെ ചെയ്തു.

ജനവാസമില്ലാത്ത സ്ഥലങ്ങളിൽ വീടുകൾ പണിയുന്നതിനുവേണ്ടി സ്ത്രീകൾ പുരുഷന്മാരോടൊപ്പം പ്രവൎത്തിച്ചു. അവർ കൃഷിനിലങ്ങളിൽ പണിയെടുക്കുകയും ആരോഗ്യമേറിയ കുടുംബങ്ങളെ വളൎത്തുകയും ചെയ്തു. ഒരുപക്ഷെ സ്ത്രീകൾ അന്നു വീട്ടിൽതന്നെ കഴിഞ്ഞുകൂടുന്നതിൽ തൃപ്തിയുള്ളവരായിരിക്കണം. പുരുഷൻ കുട്ടികളുടെ സഹായത്തോടെ ആഹാരസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കുമ്പോൾ സ്ത്രീകൾ വീട്ടിലിരുന്നു നൂൽനൂൽക്കുക, നെയ്യുക, ഭക്ഷണം പാകംചെയ്യുക, മുതലായ കൃത്യങ്ങൾ നിൎവ്വഹിക്കത്തക്ക വിധമാണ് അന്ന് തൊഴിൽ വിഭജനം തന്നെ ഏൎപ്പെട്ടിരുന്നതു്.

൧൯൧൮-ൽ ലോകമഹായുദ്ധം അവസാനിച്ചപ്പോൾ പാശ്ചാത്യലോകത്തിലെല്ലാം സ്ത്രീസമുദായത്തിൽ ഒരു ക്ഷോഭത്തിന്റെ വേലിയേററം ഉണ്ടായി. ഫ്ളാപ്പർവോട്ടോടെ സ്ത്രീകൾ മാമൂലിൽനിന്ന് മോചിപ്പിക്കപ്പെട്ടു. ഇന്ന് അമേരിക്കയിൽ സ്ത്രീകൾക്ക് പരിപൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യമുണ്ട്. ഏതൊരു ജീവിതവൃത്തിയിലും, പൗരകാര്യങ്ങളിലും സ്ത്രീകൾ പുരുഷന്മാരുമായി സമത്വത്തിൽ മത്സരിക്കുന്നു. ന്യൂജഴ്സി എന്ന സംസ്ഥാനത്തിലൊഴിച്ച് മറെറല്ലായിടത്തും അവൎക്ക് വസ്തു അവകാശവും, പിൻതുടർച്ചയായി വസ്തു ലഭിക്കുന്നതിനുള്ള നിയമസമ്മതവും നിലവിലിരിക്കുന്നു. ന്യൂജഴ്സിയിൽ മാത്രം സ്ത്രീകൾക്ക് വസ്തു ഉടമ അനുവദിക്കപ്പെട്ടിട്ടില്ല.

അമേരിക്കൻ വനിതയുടെ പ്രത്യേക സ്വഭാവവിശേഷം അവളുടെ കാര്യക്ഷമതയാണ്. യുണൈറെറഡ് സ്റ്റേററ്സിലെ സാധാരണ സ്ത്രീകൾക്കെല്ലാം ഒരു ജീവിതപരിപാടി ഉണ്ട്. അതിനാൽ വീട്ടുജോലി ചെയ്യാനും, അതേസമയം കുടുംബബാഹ്യമായ ജീവിതവൃത്തികളിൽ ഏൎപ്പെടാനും അവൎക്കു കഴിയുന്നു. തന്റെ വീട് ഭരിക്കുക, അതോടൊപ്പം വെളിയിൽ എന്തെങ്കിലും ഒരു ജോലിയിൽ ഏൎപ്പെട്ടിരിക്കുക, എന്നതാണ് അമേരിക്കയിലെ സ്ത്രീകളുടെ സാധാരണ മുറ.

വെളിയിൽ എന്തെങ്കിലും ജോലിയുള്ള ഒരു സ്ത്രീ വീട്ടിലെ ജോലികളെ ശ്രദ്ധിക്കരുതെന്നുള്ള ഇന്ത്യൻ സ്ത്രീകളുടെ മതം അമേരിക്കയിൽ അംഗീകരിച്ചിട്ടില്ല. ചുറുക്കും, ചൊടിയും ഉള്ള അമേരിക്കൻ സ്ത്രീകൾ തങ്ങളുടെ മാനസികവും, കായികവുമായ ശക്തിവിശേഷങ്ങളിൽനിന്ന് ഏററവും കൂടുതൽ ഗുണം നേടാൻ ശ്രമിക്കുന്നു. വളരെ വിപുലമായ സൗകര്യവിശേഷങ്ങൾ ഉള്ളതിനാൽ സാധാരണ ശേഷിയുള്ള സ്ത്രീകൾക്കുപോലും ജോലിയിൽ സാമൎത്ഥ്യം ഉണ്ടാകത്തക്ക പരിശീലനം സിദ്ധിക്കുന്നു.

കായികമായ ശേഷി, വ്യായാമം എന്നിവ അതിപ്രധാനമായി ഗണിക്കപ്പെടുന്നതിനാൽ അമേരിക്കയിൽ ശരീരഘടനാസൗന്ദര്യത്തേക്കാൾ ഓജസ്സുകൊണ്ടുള്ള ആകർഷകത്വമാണ് കാര്യമായി എണ്ണപ്പെടുന്നതു്. ചൈതന്യവും, വ്യക്തിവിശേഷത്തിന്റെ യോഗ്യതയും തികഞ്ഞ സ്ത്രീകൾ ആകർഷകത്വമുള്ളവരായി ഗണിക്കപ്പെടുകയെന്നതാണ് അമേരിക്കൻപതിവ്. നല്ലവണ്ണം വേഷം ധരിക്കുക, കായികമായ കാഴ്ച ഭംഗിയാക്കുക എന്നിവയ്ക്ക് അളവററ പ്രാധാന്യമാണു കല്പിക്കപ്പെട്ടിരിക്കുന്നതു്.

അമേരിക്ക സന്ദർശിക്കുന്നവർ സ്ത്രീകളുടെ വേഷഭംഗിയാൽ ആകൃഷ്ടരായിപ്പോകുന്നതാണ്. ഒരു സോഡാഫൗണ്ടനു പിന്നിൽ ജോലിചെയ്യുന്ന സ്ത്രീപോലും ചൊടി തോന്നിക്കുന്ന വേഷംധരിച്ചും, തലമുടി ഏററവും നൂതനരീതിയിൽ വിധാനംചെയ്തും, മുഖം നല്ലവണ്ണം മിനുക്കിയും കാണപ്പെടാതിരിക്കയില്ല. ഏററവും വിലകുറഞ്ഞ വേഷംപോലും പാരിസ്സിൽനിന്നോ ന്യൂയാൎക്കിൽനിന്നോ വരുന്ന വിലയേറിയ മാതൃക അനുസരിച്ചാണ് തയാറാക്കപ്പെടുന്നതു്. അതിനാൽ പാവപ്പെട്ടവൎക്കുപോലും വേഷഭംഗിയുണ്ടായിരിക്കുന്നതാണ്. ഇതിനു രാഷ്ട്രത്തിന്മേൽ മാനസികമായ ഒരു ഫലം വരുത്താൻ സാധിക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

കുടുംബഭരണത്തിന് അമേരിക്കൻസ്ത്രീയ്ക്കു സ്വതേതന്നെ ഒരു വാസനയുണ്ട്. എത്രതന്നെ വരവു കുറഞ്ഞിരുന്നാലും അവളുടെ വീട് വളരെ വൃത്തിയുള്ളതായിരിക്കും. പ്രധാനമായ ഉദ്യോഗങ്ങൾ വഹിക്കുന്നതിലെന്നപോലെതന്നെ നല്ല ഭാര്യമാരും, നല്ല മാതാക്കളും ആയിരിക്കുന്നതിലും അമേരിക്കൻസ്ത്രീകൾക്ക് ഒരു അഭിമാനമുണ്ട്. ആഹാരം പോഷകമായിരുന്നാൽപോരെന്നും, കാഴ്ചയ്ക്കു ഭംഗികൂടി ഉള്ളതായിരിക്കണമെന്നും അവർ കരുതുന്നു. അതിനാൽ മേശ അലങ്കരിക്കുന്നതിലും അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. അടുക്കളയ്ക്കുള്ള ഉപകരണങ്ങൾ ഉപയോഗപ്രദമായിരിക്കുന്നതിനു പുറമെ മനോഹരങ്ങളും കൂടിയാകയാൽ ആവക സാധനങ്ങൾ വാങ്ങാൻ പോവുകയെന്നതു് അമേരിക്കനിൽ ആഹ്ളാദകരമായ ഒരുജോലിയാണ്. മൺപാത്രങ്ങൾ, മേശക്കത്തി മുതലായവ ഏററവും വിലയേറിയ സാധനങ്ങൾപോലെ മനോഹരമായിരിക്കണമെന്ന് അമേരിക്കന്മാർ ആഗ്രഹിക്കുന്നു. ഓരോ അമേരിക്കൻസ്ത്രീയ്ക്കും വീട്ടിലേക്കാവശ്യമായ ശൈത്യയന്ത്രങ്ങൾ, പൊടിയടിപ്പൻയന്ത്രങ്ങൾ, ഗ്യാസ് അടുപ്പ് മുതലായവ ഉണ്ടായിരിക്കും.

അമേരിക്കൻ കാളേജുകളിലും, സർവകലാശാലകളിലും ഗൃഹഭരണകല പ്രത്യേകപഠനവിഷയമാണ്. ഭക്ഷണസാധനങ്ങൾ തകരത്തിലടച്ചു സൂക്ഷിക്കുക, പാകംചെയ്യുക, വസ്ത്രങ്ങൾ അലക്കുക, പ്രഥമശുശ്രൂഷ ചെയ്ക, പയറുകൾ മുതലായവ വൃത്തിയാക്കുക എന്നിവയിൽ പരിശീലനം കഴിക്കുകയെന്നതു് വിവാഹത്തിന്റെ പ്രാരംഭാവശ്യമാണ്. ഇന്നത്തെ സ്ത്രീകൾ മുഖംമിനുക്കി പേരിന്റെകൂടെ കുറെ ഡിഗ്രികൾ കൂടി കോൎത്തുകെട്ടിക്കൊണ്ട് വരനെ കാത്തിരിക്കുന്നവരല്ല, തങ്ങളുടെ അറിവിനെ പ്രയോഗത്തിൽവരുത്തുന്നവരാണ്. വീട്ടിൽതന്നെയിരിക്കാൻ കഴിവുള്ള അമേരിക്കൻ സ്ത്രീകൾപോലും വെളിയിൽ എന്തെങ്കിലും ജോലിയിൽ ഏൎപ്പെടാതിരിക്കയില്ല.

കാളേജുകളിൽ പെൺകുട്ടികൾ സെക്രട്ടറിമാർ, കമേർഷ്യൽ കലാകാരിണികൾ, റേഡിയോ കലാകാരിണികൾ, ജേർണ്ണലിസ്ററുകൾ, ഡാക്ടർമാർ, നഴ്സുമാർ, വക്കീലന്മാർ അദ്ധ്യാപികമാർ, ശില്പികൾ എന്നിങ്ങനെ പല നിലകളിലും ജോലിചെയ്യാൻ പഠിക്കുന്നു. ഹോട്ടൽ പരിചാരികമാർ, ഷാപ്പുവേലക്കാർ, എന്നിങ്ങനെയുള്ള ജോലികളും അവരെ അഭ്യസിപ്പിക്കുന്നുണ്ട്. വീട്ടുവേലക്കാരികളായിരിക്കാൻ പഠിക്കുന്നവരുടെ സംഖ്യ ചുരുങ്ങിവരികയാണ് ചെയ്യുന്നതു്.

യുദ്ധത്തിനിടയിൽ ഡിഫൻസ് സംബന്ധിച്ച് യന്ത്രശാലകളിലും, ഡ്രൈവർമാരായും ബസ്, ട്രെയിൻ കൺഡക്ടർമാരായും, മററും സ്ത്രീകൾ ധാരാളം ജോലിയിലേൎപ്പെട്ടു. അനേകശതം പേർ സൈന്യത്തിലെ സ്ത്രീവിഭാഗത്തിൽ ചേൎന്നു. രാജ്യത്തിന്റെ യുദ്ധയത്നത്തിൽ അവർ ഒട്ടുവളരെ പ്രവൎത്തിക്കയുണ്ടായി.

രാഷ്ട്രീയകാര്യങ്ങളിൽ അവർ അത്ര പ്രധാനമായ പങ്കു വഹിക്കുന്നില്ല. ഇതിനു സ്ത്രീകൾക്കെതിരായി അതിസൂക്ഷ്മമായ വിവേചനങ്ങൾ നടക്കുന്നുണ്ട്. വൈദ്യവിദ്യ, വക്കീൽപണി എന്നിവയിൽ അവൎക്ക് കടുത്ത മത്സരംതന്നെ നടത്തേണ്ടിവരുന്നതായിട്ടാണു കാണുന്നതു്.

എന്നാൽ ഇവിടെ വിവേചനം എന്നതല്ല ശരിയായ വാക്ക്. പിതാക്കന്മാരിൽനിന്നോ, ഒരു ഭർത്താവിൽനിന്നോ അതിലധികം പേരിൽനിന്നോ അവകാശപ്രകാരം നേടിയതോ സ്വന്തമായി സമ്പാദിച്ചതോ ആയ സ്വത്തുകൾ സ്ത്രീകൾക്കുണ്ട്. ഇങ്ങനെ രാജ്യത്തിലെ ൭൦ ശതമാനം ധനവും സ്ത്രീകളുടെ കൈവശമാണെന്ന് പറയണം. അമേരിക്കൻ പുരുഷന്മാർ അവരുടെ സ്ത്രീകളെ ഓമനിച്ചു പോററി വഷളാക്കുന്നു. പുരുഷന്മാരും സ്ത്രീകളോടൊപ്പം വീട്ടുജോലികൾ ചെയ്യുന്നതു് അമേരിക്കയിൽ സാധാരണമാണ്. പാത്രങ്ങൾ കഴുകുക, കുട്ടികളെ നോക്കുക എന്നിങ്ങനെ ഏഷ്യയിലും, യൂറോപ്പിലും പുരുഷ

# ഇൻഡോ–ചൈന

## സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടുന്ന ഒരു പൗരസ്ത്യരാജ്യം

എൻ. ജി. വി. തിരുമുല്ലാട്ട്, ചേർത്തല

ധനദുർമ്മോഹം; അധികാരാസക്തി: എന്നിവയെ ധാർമ്മികകടപ്പാടുകളുടെയും ഉടമ്പടികളുടെയും മറവിൽവെച്ചു വിജയിച്ചരുളിയ പാശ്ചാത്യരുടെ സാമ്രാജ്യദുഷ്പ്രഭുത്വം ദ്വിതീയലോകമഹായുദ്ധകാലത്തു പൂർവ്വദേശആശ്രിതരാജ്യങ്ങളെ ജപ്പാൻെറ ക്രൂരതകൾ അനുഭവിക്കുവാൻ നിരാലംബരായി വിട്ടിട്ടു കപ്പൽ കയറിയ ചരിത്രം സ്മൃതിപഥത്തിൽനിന്നും മാഞ്ഞുപോകുവാൻ കാലമായിട്ടില്ല. അച്ചുതണ്ടുശക്തികളുടേയും ജപ്പാൻെറയും പരാജയത്തോടെ സ്വയം നിലനില്ക്കുവാൻ ത്രാണിയില്ലാത്ത ചെറിയ പാശ്ചാത്യരാജ്യക്കാർ ഓരോരുത്തരായി വൻകിട ശക്തികളുടെ സഹായത്തോടെ വീണ്ടും സാമ്രാജ്യസ്ഥാപനത്തിനുള്ള ഒരുക്കമാണ് നാം ഇനുകാണുന്നത്. ഇൻഡോ—ചൈനയിൽ നടക്കുന്ന നരബലി ആ രാജ്യത്തെ അടിമത്വത്തിലേയ്ക്കാഴ്ത്തുവാൻ വേണ്ടിയുള്ള ഫ്റാൻസിൻെറ ഉദ്യമമല്ലാതെ മറെറാന്നുമല്ല. സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടുന്ന ഒരു പൗരസ്ത്യരാജ്യമെന്ന നിലയിൽ ഇൻഡോ—ചൈന നമ്മുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നു. പ്രസ്തുത രാജ്യത്തെപ്പററി ഏതാനും വിവരങ്ങൾ അറിയുന്നതു രസാവഹമായിരിക്കും.

പൗരസ്ത്യശക്തിയായ ചൈനയുടെ ദക്ഷിണഭാഗത്തായി കിഴക്കും തെക്കും വശങ്ങൾ സമുദ്രത്താൽ വലയം ചെയ്യപ്പെട്ടുകിടക്കുന്ന ഒരു രാജ്യമാണ് ഇൻഡോ—ചൈന. മനോഹരമായ പർവ്വതങ്ങൾ. നദികൾ തടാകങ്ങൾ, എന്നിവ അവിടെ ചെല്ലുന്ന സന്ദർശകരെ ആഹ്ളാദിപ്പിക്കും.

കൊച്ചിൻചൈന; നാട്ടുരാജ്യങ്ങളായ ടോങ്കിങ്; അന്നാം; കാംബോഡിയ; ലയോസ്; ചൈനയിൽനിന്നും ലഭിച്ച 'കാങ്-ചൌ-വാൻ' എന്നീ പ്രദേശങ്ങൾ അടങ്ങിയതാണ് ഇൻഡോ—ചൈന. അന്നാംരാജ്യത്തിനു ഒരു ചക്രവത്തിയും മററു നാട്ടുരാജ്യങ്ങൾക്ക ഓരോ രാജാക്കന്മാരുമുണ്ട്. അവരെല്ലാവരും ഫ്റഞ്ചുഗവർണർ ജനറലിൻെറ നിയന്ത്രണത്തിലാണ് സ്ഥിതിചെയ്യുന്നതു്. 'ഹാനോയി'ആണ് ഇൻഡോ—ചൈനയുടെ തലസ്ഥാനവും ഗവർണ്ണർ ജനറലിൻെറ ആസ്ഥാനവും. ഇൻഡോചൈനയുടെ പ്രധാന തുറമുഖം 'സെയിഗോൺ' ആണ്. ഫ്റഞ്ചുസംസ്കാരത്തിൻെറ പ്രഭാവം അവിടെ സർവ്വത്രദൃശ്യമാണ്. പൗരസ്ത്യദേശത്തെ പാരീസ് എന്നും 'സെയിഗോണി'നെ പറയാറുണ്ട്. പ്രസ്തുത തുറമുഖത്തിനു നാല്പതുമൈൽ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന മറെറാരു തുറമുഖമാണ് 'മിത്തൊ'.

ഇൻഡോചൈനയിൽ വിവിധവർഗ്ഗക്കാരായ ഉദ്ദേശം ൨൦ ലക്ഷം ആളുകൾ അധിവസിക്കുന്നുണ്ട്. അന്നാമിലെ ഗിരിപ്രദേശങ്ങളിൽ 'മോയ്' വർഗ്ഗക്കാരും ഉത്തരദേശങ്ങളിൽ 'തായ്' വർഗ്ഗക്കാരും നിവസിച്ചുവരുന്നു. രാജ്യത്തിലെ യൂറോപ്യന്മാർ ജനസംഖ്യയിൽ ൪൨,000 വരും. അവരിൽ ഭൂരിപക്ഷവും ഫ്റഞ്ചുകാർ തന്നെയാണ്. ഇവരെക്കൂടാതെ നാലുലക്ഷത്തോളംവരുന്ന ചൈനാക്കാരും വിവിധവൃത്തികളിലേർപ്പെട്ടു ഇൻഡോ—ചൈനയിൽ താമസമാക്കിയിട്ടുണ്ട്.

അന്നാംകാരും കാംബോഡിയാക്കാരുമാണ് അവിടുത്തെ പ്രബുദ്ധരായ ജനത. ഇൻഡോചൈനയിലെ സംസ്കാരപരവും ഭാഷാപരവും മതപരവുമായ സ്ഥാപനങ്ങൾ ആ രാജ്യത്തിനു ചൈനയോടുള്ള അടുപ്പത്തെ സൂചിപ്പിക്കുന്നുണ്ട്. പടിഞ്ഞാറൻപ്രദേശങ്ങളിൽ ഇൻഡ്യൻബുദ്ധമതത്തിൻെറ സ്വാധീനത തെളിഞ്ഞുകാണാം.

നെൽകൃഷിയാണ് ഇൻഡോചൈനയിലെ പ്രധാന കാർഷികാദായം. ൧൯൩൯-ൽ അവിടെനിന്നും ഇരുപതുലക്ഷം ടൺ അരി ലഭിച്ചതായി കാണുന്നു. നെൽകൃഷിയ്ക്കു ലോകത്തിൽ നാലാമത്തെ സ്ഥാനമാണ് ഇൻഡോചൈനയ്ക്കുള്ളതു്. അതുകൂടാതെ പോളം, നിലക്കടല. കാപ്പി, പഞ്ഞി, തെങ്ങ്, റബ്ബർ എന്നിവയും അവിടെ ഉല്പാദിപ്പിക്കപ്പെടുന്നു. റബ്ബർ കയററുമതിയ്ക്കു ആ രാജ്യം മൂന്നാമത്തെ സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്. ലോകാവശ്യത്തിൽ ആറുശതമാനം റബ്ബർ അവിടെ ഉണ്ടാകുന്നുണ്ട്.

നദികളും തടാകങ്ങളും കടലോരങ്ങളും മത്സ്യവ്യവസായത്തിൽ മികച്ചുനില്ക്കുന്നവയാണ്. വിദൂരപൂർവ്വദേശങ്ങളിലെ കല്ക്കരി കയററുമതി ചെയ്യുന്ന പ്രധാനരാജ്യവും മറെറാന്നല്ല. സിങ്ക്; ടിൻ, എന്നീ ലോഹങ്ങളും അവിടെ ഖനനം ചെയ്യപ്പെടുന്നുണ്ട്.

കോളനികളുടെയൊക്കെത്തന്നെ സാമ്പത്തികാസൂത്രണം അധീശശക്തികളുടെ താല്പര്യങ്ങൾക്ക വിധേയമായിരിക്കുമെന്നുള്ള സാമാന്യതത്വം ഇൻഡോചൈനയെ സംബന്ധിച്ചും, വ്യത്യസ്ഥമല്ല. സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവയ്ക്കുവേണ്ടി നിലകൊള്ളുന്നുവെന്ന് അന്താരാഷ്ട്രീയമണ്ഡലത്തിൽ അഭിമാനിയ്ക്കുന്ന ഫ്രാൻസ് തങ്ങളുടെ സാമ്പത്തികസുസ്ഥിതിയ്ക്കു ഇൻഡോ—ചൈനയെ ചൂഷണം ചെയ്യുന്ന കാര്യത്തിൽ ഇതരരാഷ്ട്രങ്ങളെ അധഃകരിച്ചിട്ടുണ്ടെങ്കിലേയുള്ളു. വ്യവസായനിയന്ത്രണങ്ങളുംതാരിപ്പുകളുംമൂലം ഫ്രാൻസ് സ്വന്തതാല്പര്യങ്ങളെ പരിരക്ഷിച്ചിട്ടുണ്ട്. ഇൻഡോചൈനയിലെ ഇറക്കുമതിയിൽ അഞ്ചിൽ മൂന്നുഭാഗവും ഫ്റാൻസിൽ നിന്നാണ് നടത്തപ്പെടുന്നതു്. ൧൯൩൯-ൽ അവിടത്തെ കയററുമതിസാധനങ്ങളുടെ വില ഇറക്കുമതിയുടേതിനെക്കാൾ അമ്പതുശതമാനം കൂടിയിരുന്നുവത്രേ! തന്മൂലം ദുർവ്വഹമായ ഫ്റാൻസിൻെറ സൈനികച്ചിലവിനു നിർഭാഗ്യയായ ഇൻഡോ—ചൈന ഒരു താങ്ങായിക്കഴിഞ്ഞിരുന്നുവെന്നു കാണാം.

ഇൻഡോ—ചൈനയിലെ ഫ്രഞ്ചുഭരണകാലത്തെ മൂന്നായി വിഭജിക്കാം. ആദ്യഘട്ടം പിടിച്ചടക്കലാണ്. 1787-ലാണ് ഫ്രഞ്ചുകാർ അവിടെ ആദ്യമായി എത്തിയതു്. ഇൻഡ്യയിൽ സംഭവിച്ചതുതന്നെ ഇൻഡോ ചൈനയിലും ഉണ്ടായി. നാട്ടുകാർതമ്മിൽ അധികാരം കൈക്കലാക്കാൻ വേണ്ടിയുള്ള മത്സരം. അവസാനിയ്ക്കാത്ത ആഭ്യന്തര സമരം കൌശലക്കാരായ ഫ്രഞ്ചുകാർ തക്കംനോക്കി കക്ഷിപിടിച്ചു സഹായം നൽകുന്നവെന്ന ഭാവത്തിൽ അവരുടെ കാര്യം കണ്ടു.

ദക്ഷിണഭാഗത്തു സ്ഥിതിചെയ്യുന്ന കൊച്ചിൻ—ചൈനയിലെ ഒരു രാജാവുമായി ഒരു പാതിരി ഫ്രാൻസിലെ അന്നത്തെ രാജാവായ ലൂയി പതിനാറാമൻെറ പേരിൽ സന്ധിയിലേപ്പെട്ടുകൊണ്ടു സൈനികസഹായം നൽകിയതിനു പ്രതിഫലം കിട്ടിയതാണ് ഫ്രഞ്ചുകാൎക്കു ഇൻഡോചൈനയെ ഒരു കോളനിയാക്കിത്തീൎക്കുവാൻ സഹായകമായ സംഭവം. അതിനെത്തുടൎന്നു ഓരോ പ്രദേശങ്ങളും അവർ സമ്പാദിച്ചു.

കുറച്ചുകാലം കഴിഞ്ഞപ്പോഴാണ് നാട്ടുകാർതങ്ങൾക്ക പററിയ പ്രമാദത്തിൻെറ ആഴം മനസ്സിലാക്കിയതു്. അവർ സൌകര്യം ലഭിയ്ക്കുമ്പോഴൊക്കെ വിദേശികളെ ഉപദ്രവിക്കുവാൻ തുടങ്ങി. പക്ഷെ ഇതൊന്നുംകൊണ്ടു ഫ്രാൻസ് പിൻവാങ്ങാൻ തയ്യാറായില്ല. 1858—ൽ അവർ സൈന്യബലത്തോടുകൂടി ഇൻഡോചൈനയിൽ അധികാരം സ്ഥാപിച്ചു. 1862—ൽ ടുഡക്ക ചക്രവത്തിയിൽ നിന്നും കൊച്ചിൻ—ചൈനയുടെ തെക്കുകിഴക്കൻ ജില്ലകളായ സെയിഗോൺ; മിത്തൊ; ബയൻഹൊ എന്നിവ പിടിച്ചെടുത്തു. ആണ്ടുതോറും ഇരുപതുലക്ഷം വെള്ളിഫ്രാങ്കു പത്തുവർഷത്തേയ്ക്കു നഷ്ടംകൊടുക്കാനും ചക്രവത്തി നിർബ്ബന്ധിതനായി.

1880—ൽ അന്നാം ചൈനയുടെ സഹായത്തോടെ ഫ്രാൻസുമായി ഒരു സമരം നടത്തിയെങ്കിലും അതിൽ ഫ്റാൻസ് ജയിക്കുകയാണുണ്ടായതു്.

1887—ൽ ഇൻഡോ—ചൈനയുടെ ഭരണം ഒരു ഫ്റഞ്ചു ഗവർണ്ണർ ജനറലിൽ നിക്ഷിപ്തമായി. സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ അടിച്ചമത്തപ്പെട്ടു. ഫ്റഞ്ചുകാരുടെ ഇഷ്ടം തദ്ദേശീയരിൽ അടിച്ചേല്പിക്കപ്പെട്ടു. അങ്ങിനെ ഫ്റാൻസ് ഇൻഡോ—ചൈനയെ ഭരിക്കുവാൻതുടങ്ങി.

ഇരുപതാം ശതാബ്ദമായതോടുകൂടിഫ്രാൻസിൻെറ ഭരണത്തിൽ തങ്ങൾക്കുള്ള അസഹനീയത നാട്ടുകാർ വീണ്ടും പ്രദർശിപ്പിക്കുവാൻ തുടങ്ങി. ചൈനയിലെയും ഭാരതത്തിലെയും നവോത്ഥാനം ഇൻഡോ—ചൈനക്കാൎക്കും ഒരു ഉണർവുനൽകി. സാമ്രാജ്യത്വത്തോടുള്ള മൂകമായവിധേയത്വത്തിനു അവർ വിരാമമിട്ടു. അന്നാമീസ് യുവവിപ്ലവകക്ഷി ആവിർഭവിച്ചു. 1916—ലും 1930—ലും വിപ്ലവങ്ങൾ ഉണ്ടായി; പക്ഷെ അവ നിർദ്ദയം അമത്തപ്പെട്ടു. അങ്ങിനെയിരിക്കുമ്പോഴാണ് ദ്വിതീയലോകമഹായുദ്ധം ഉണ്ടായതു്.

1940 ജൂൺ മാസത്തിലുണ്ടായ ഫ്രഞ്ചുശക്തിയുടെ അധഃപതനത്തോടുകൂടി ഇൻഡോചൈനയിലെ ഗവർണ്ണർ ജനറലായിരുന്ന ജീൻഡിക്രൂക്സ് ജപ്പാൻെറ വാദങ്ങൾക്ക വഴങ്ങേണ്ടതായിവന്നു. അവിടെ വിമാനത്താവളങ്ങൾ നിർമ്മിക്കുവാനും സൈന്യത്തെ ഉപനിവേശിപ്പിക്കുവാനുമുള്ള അവകാശം ജപ്പാൻകാൎക്കു സിദ്ധിച്ചു. 1941-ൽ ഇൻഡോ—ചൈനയിലെ 'കാംറാൻ' എന്ന നൌകാശയം ഉപയോഗിക്കുന്നതിനുള്ള അവകാശം വിഷി ഗവർമ്മെൻറിൽനിന്നും ജപ്പാനു ലഭിച്ചു. 1945-ആയതോടെ ഇൻഡോ—ചൈന ജപ്പാൻകാരുടെ കയ്യിലായിയെന്നുതന്നെ പറയാം.

ഫ്റഞ്ചാധിപത്യത്തിനു ഉടവുതട്ടുകയും ജാപ്പനീസ് ശക്തി സ്ഥാപിതമാവുകയും ചെയ്ത കാലങ്ങളിലും ഇൻഡോ—ചൈനക്കാർ തങ്ങളുടെ സ്വാതന്ത്ര്യസമ്പാദനയത്നത്തെ ത്വരിപ്പിച്ചുകൊണ്ടിരുന്നു. 1945- ആഗസ്റ്റ് 2-ാംതീയതി എല്ലാ കക്ഷികളും യോജിച്ചു സ്വാതന്ത്ര്യലീഗു രൂപവൽക്കരിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത ലീഗാണ് 'വിയററ്നാം' എന്ന പേരിൽ ഇന്നറിയപ്പെടുന്നതു്. അവർ ഇൻഡോ ചൈനയുടെ സ്വാതന്ത്ര്യം പ്രഖ്യാപനംചെയ്തു. അങ്ങനെ വിയററ്നാം റിപ്പബ്ളിക്ക സ്ഥാപിതമായി. അവർ ജപ്പാൻകാരെ എതിൎത്തിരുന്നു. ജപ്പാൻെറ കീഴടങ്ങലോടെ ഫ്റാൻസ് അതിൻെറ ആധിപത്യം വീണ്ടും ഇൻഡോ—ചൈനയിൽ സ്ഥാപിയ്ക്കുന്നതിനു തിരിച്ചെത്തി. തങ്ങളുടെ കലവറയായ ഒരു രാജ്യത്തെ ഉപേക്ഷിക്കുവാൻ അത്ര എളുപ്പത്തിൽ ഫ്റാൻസ് സന്നദ്ധമല്ലെന്നു തെളിയിച്ചു. പരിതഃസ്ഥിതിയിൽ ലബ്ധമായ സ്വാതന്ത്ര്യം നിമിത്തം സ്വാശ്രയശീലത്തിൻെറ പ്രഥമപാഠം പഠിച്ച വിയററ്നാം ജനത വീണ്ടും അടിമത്തത്തിലേയ്ക്കു പതിയ്ക്കുവാൻ സമ്മതമുള്ളവരല്ല. അവർ സമരത്തിനുതന്നെ തയ്യാറായി. പെട്ടെന്നുള്ള ഒരു യുദ്ധത്തിനു ഫ്രാൻസ് സുസജ്ജമായിരുന്നില്ല. തന്മൂലം സമയം ലഭിക്കുന്നതിനു വേണ്ടിയായിരിക്കണം, ഒരു സന്ധിയുണ്ടാക്കുവാൻ അവർ തയ്യാറാണെന്നു പ്രസ്താവിച്ചു 1946 മാർച്ചുമാസത്തിൽ വിയററ്നാം പ്രസിഡൻറു ഡോക്ടർ, ഹൊ—ചി—മിൻ; ഹാനോയിയിലെ ഫ്റഞ്ചുകമ്മീഷണർ എം. സെയിൻറിനി എന്നിവർ ചേൎന്നു ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു. കൂടാതെ ഉടമ്പടിയിലെ അവസാനവ്യവസ്ഥകൾ രൂപീകരിക്കുന്നതിനും മററുമായി ഒരു 'വിയററ്നാം' ദൌത്യസംഘം ഫ്റാൻസിലേയ്ക്കു പുറപ്പെട്ടു. ഉടമ്പടി വ്യവസ്ഥകളെക്കുറിച്ചു ഫ്റാൻസിൽ ആലോചന നടന്നുകൊണ്ടിരിക്കവേ ഫ്റഞ്ചു ഹൈക്കമ്മീഷണർ ഡി. അർജൻലൂ സെയിഗോണിൽ വിയററ്നാമിനെതിരായി ഒരു സ്വതന്ത്ര കൊച്ചിൻചൈന റിപ്പബ്ളിക്ക സ്ഥാപിച്ചു. കൊച്ചിൻ—ചൈന ഒരു ധാന്യസംഭരണശാലയാണ്. അവിടെ ഒരു പാവറിപ്പബ്ളിക്ക സ്ഥാപിച്ചു വിയററ്നാമിനെ പട്ടിണിയാക്കാനാണ് ഫ്റാൻസിൻെറ ശ്രമം.




ചിത്രത്തിൻ മദ്ധ്യത്തു് ശ്രീ: അശോക മേത്തായും അദ്ദേഹത്തിൻെറ ഇടതുവശം സഹോദരി വാസന്തിഷ്റാഫും വലതുവശം ഡാ: കെ. ബി. മേനോനും ഇരിക്കുന്നു.

നില്ക്കുന്നവർ:—മി: മേത്തായുടെ വലതുവശം മി: മനക്കലാത്തും ഇടതുവശം മി: ബാലഗംഗാധരൻനായരുമാണ്.

കൂടിയാലോചനകളിൽ ഫ്രഞ്ചുയൂണിയനുള്ളിൽ ഒരു ഫെഡറേഷൻ ഉണ്ടാക്കുവാൻ വിയററ്നാം ദൌത്യസംഘം സമ്മതിച്ചു. മററു രാഷ്ട്രങ്ങളുമായി സ്വതന്ത്രമായ വാണിജ്യബന്ധങ്ങളിലേപ്പെടാനും സ്വന്തമായ ഒരുവിദേശനയം രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം വിയററ്നാമിനു അനുവദിക്കുവാനും ഫ്രാൻസ് ഒരുക്കമില്ല.

ഫ്രാൻസും വിയററ്നാമുംതമ്മിൽ സമരത്തിലേർപ്പെട്ടിരിക്കയാണ്. ആയുധസാമഗ്രികളാൽ സുസജ്ജമായ ഒരു പാശ്ചാത്യശക്തിയോടു തങ്ങളുടെ സ്വാതന്ത്ര്യത്തിനും നിലനില്പിനുംവേണ്ടി വിയററ്നാം പൊരുതുന്നു. സ്ഥിരനിശ്ചയം ഒന്നുമാത്രമാണ് അവരുടെ ബലം. മർദ്ദിതജനതകൾക്ക സ്വാതന്ത്ര്യം നൽകുന്നതാണെന്നു അററ്ലാൻറിക്ക്ചാട്ടർമൂലം മഹച്ഛക്തികൾ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇൻഡോ-ചൈനാക്കാർ അമേരിക്കാ, ബ്രിട്ടൻ എന്നീ ശക്തികളോടു സഹായം അഭ്യത്ഥിച്ചിരിക്കയാണ്. ബ്രിട്ടൻെറയും അമേരിക്കയുടേയും സഹായം കൂടാതെ ഫ്രാൻസിനു ഇൻഡോ-ചൈനയിൽ പററിക്കൂടുവാൻ സാദ്ധ്യമല്ല.

വെള്ളവർഗ്ഗക്കാരുടെ ആധിപത്യം ലോകമൊട്ടാകെ സ്ഥാപിക്കുന്നകാര്യത്തിൽ ബ്രിട്ടൻെറയും അമേരിക്കയുടേയും മനോഭാവം ദക്ഷിണാഫ്രിക്കൻസംഗതി യു. എൻ. ഒ. യിൽ വന്നപ്പോൾ ഏറെക്കുറെ വ്യക്തമായി. ഇൻഡോനേഷ്യ; ഫിലിപ്പീയൻസ് എന്നിവിടങ്ങളിലെ ആധുനികസംഭവവികാസങ്ങളും അനുസ്മരണീയമാണ്.

നാസിസത്തിൽനിന്നും മോചനം നേടുന്നതിനുവേണ്ടി നടത്തിയ ഘോരസമരം ഉളവാക്കിയ കണ്ണീർച്ചാലുകൾ ഇനിയും

---

ന്മാർ ഒരിക്കലും ചെയ്യാത്ത ജോലികൾ അമേരിക്കയിലെ പുരുഷന്മാർ ചെയ്യുന്നു.

ഇങ്ങനെ അമേരിക്കൻ വനിതകൾ അസൂയാർഹരായിരിക്കുന്നു. അവർ പുരുഷന്മാരുടെ തുല്യരും ചെങ്ങാതികളുമാണ്. വിവിധ നിരോധനങ്ങൾ അവരെ ബാധിക്കുന്നില്ല. അവസരവിശേഷങ്ങളുടെ കവാടങ്ങളൊന്നും അവൎക്കു നിരുദ്ധങ്ങളുമല്ല. അവരുടെ ചിരി, ആരോഗ്യം, കഴിവു്, ജോലി എന്നിവയാണ് അമേരിക്കൻ രാഷ്ട്രജീവിതത്തിൻെറ അടിസ്ഥാനം.

(നാഷനൽപ്രസ്സ് സിൻഡിക്കേററ്)

—o—

## സൌന്ദര്യസത്തേ!

—o—

ഏവൂർ ഇ. കെ.

(മാറകാകളി)

ആരുനീ, യാരുനീ ആനന്ദകന്ദമേ!
ഈരാവിലെന്നടുത്തെത്താൻ...?
ആരുമൊരുവരറിയാതെവന്നെന്നെ
പുഞ്ചിരിപ്പൂമാല ചാർത്താൻ......?
നൈരാശ്യകഞ്ചുകാലംകൃതമേനിമേ-
ലാശതൻപാൽക്കതിർവീശാൻ...
അന്തമില്ലാതോളമാശ്ചര്യമേകുന്ന
സന്തോഷസൗരഭംപൂശാൻ
സന്താപമഗ്നമാമെൻചിത്തതോണിയെ
ചിന്താസരത്തിലൊഴുക്കാൻ
ആമയംവന്നുവരിച്ചമന്മേനിയെ
കോൾമയിർക്കൊണ്ടുതഴുകാൻ
ആയിരമാനന്ദദേവതമാർവന്നു
മേളിച്ചൊരുത്സവംപോലെ
ആയിരമാരോമൽഗീതകമൊന്നിച്ചൊ-
രാകാരംപൂണ്ടതുപോലെ
ഈരാവിലേകയായെന്നടുത്തെത്തുവാ-
നാരുനീ സൗന്ദര്യസത്തേ!
സത്യകേദാരമേ! നിന്നെയുംകാത്തുഞാ-
നെത്രനാളാവഴിനിന്നു
നിത്യസൗന്ദര്യമേ! നിന്മേനി പുൽകുവാ-
നെത്രനാൾസൗധത്തിൽവന്നു
ആയിരംക്രൂരദുഃഖസാഗരംതാണ്ടി, നി-
ന്നാരാമമദ്ധ്യത്തിലെത്തി.
ലാവണ്യലാലസൽലോലവിമോഹന
ലോചനംരണ്ടുംഞാൻപൊത്തി
രോമാഞ്ചവഞ്ചിയിലിട്ടുനിന്മേനി ഞാ-
നാമോദവാപിയിലാഴ്ത്തി
നിർമ്മലപ്രേമലിഖിതങ്ങൾകോർത്തുള്ള
ചുംബനച്ചെണ്ടൊന്നുനൽകി.
നിർണ്ണേന്നീരാഴിത്തീരമണഞ്ഞുമാ-
റെന്നെനീസപ്രേമംപുൽകി.
പെട്ടെന്നദൃശ്യയായ്ത്തീർന്നവളാണുനീ-
വിട്ടുപിരിയല്ലേ! മേലിൽ
നൈരാശ്യപങ്കംകലക്കിയൊഴിക്കല്ലേ
മാമകജീവിതച്ചാറിൽ......!

—o—

നിശ്ശേഷം മാഞ്ഞിട്ടില്ല; നിശ്വാസങ്ങൾ നിലച്ചിട്ടുമില്ല. ലോകം വീണ്ടും ഒരു വർഗ്ഗസമരത്തിലേക്കു തിരിച്ചുഗമനം ചെയ്യുകയില്ലെന്നു നമുക്കു സമാശ്വസിക്കാം. സാമ്രാജ്യദുഷ്പ്രഭുത്വം അവസാനിപ്പിക്കുകയാണ് ശാശ്വതസമാധാനത്തിനുള്ള വഴിയെന്നു മഹച്ഛക്തികൾ മനസ്സിലാക്കുകയും തദനുസാരം പ്രവർത്തിക്കുകയും വേണ്ടിയിരിക്കുന്നു.

ഇൻഡോചൈനയിലെ സ്ഥിതിഗതികൾ നേരിട്ടറിയുന്നതിനു ഫ്രാൻസിൽനിന്നും വന്ന കൊളോണിയൻമന്ത്രി മറിയസ് മൌട്ടറ് വിയററ്നാം നേതാക്കളിൽ ആരെയും കാണുവാൻ തുനിഞ്ഞില്ല. സകലവിധ സൈനികസഹായങ്ങളും എത്തിച്ചു വിയററ്നാമിനെ അടിച്ചുടയ്ക്കുമെന്നു അദ്ദേഹം സഗർവ്വം പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. ഏതായാലും ഇന്ത്യയുടെ പ്രതിഷേധം പണ്ഡിതജവഹരിലാൽ പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇൻഡോ-ചൈനയിലേയ്ക്കു ഒരു മെഡിക്കൽ മിഷൻ അയയ്ക്കുന്ന ചുമതല ശ്രീ. ശരച്ചന്ദ്രബോസ് ഏററിരിക്കുന്നു.

മഹച്ഛക്തികൾക്കു വിയററ്നാമിനോടു സഹതാപമുണ്ടാകുവാനും അവരുടെ സ്വാതന്ത്ര്യം അംഗീകരിക്കുവാനും ഇടവരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

—o—




## ആഷ്ഭ്രുവിൻെറ സന്ദേശം

കെ. കെ. ശങ്കരവാര്യർ ബി. എ ചെങ്ങന്നൂർ,

ഗാഥ

സോദരിമാർക്കെല്ലാം നേരുന്നു ഭാവുകം
സ്വാതന്ത്ര്യഹീനയാം ഭാരതദേവി
സത്യവും ധർമ്മവും സന്ത്യജിച്ചന്വഹം
സാമ്രാജ്യദുർമ്മോഹതീവ്രതയാൽ
ചെങ്കോൽ ധരിക്കും കരങ്ങളാലന്യോന്യം
ചെന്നിണം ചിന്തിക്കളിച്ചു നിങ്ങൾ
ചെമ്മഞ്ഞിച്ചാറൊളി ചാർത്തണം ചേവടി
കുമ്പിടും ഭൂപൗഘഭൂഷകളാൽ
കണ്ണാംകുളുർക്കുവാൻ നീറുന്നതാപത്താൽ
കേഴണം മാനവവംശമെല്ലാം
വേപ്പടങ്ങീടുവാൻ പ്രാണമരുത്തിനാൽ
വീശണം ചാമരമന്യരെല്ലാം
ശൃംഖലാബദ്ധമാം പാണികൾ കൂപ്പി ഞാൻ
സഖ്യം പുലർത്തുവാൻ യാചിച്ചില്ലേ
എന്തിനു കേൾക്കണം ബന്ദിതൻ വാക്കുകൾ
എന്തിനും നിങ്ങൾ സ്വതന്ത്രരല്ലേ

ഹേതിലതികയാൽ ക്ഷേമം പുലർത്തുന്ന
രീതിയെൻ നാട്ട് പഠിച്ചതില്ല
പ്രേമത്താൽ വിശ്വത്തെ വെന്നു ജയക്കൊടി
വ്യോമത്തിൽപ്പാറിച്ച മൽക്കനത്തിൽ
ആതങ്കകാരിയാം കൈവാൾ ധരിക്കുവാൻ
ഗൗതമധാത്രിക്കു സാദ്ധ്യമല്ല.
ഭൗതിക ഭോഗേച്ഛകൊണ്ടല്ല പണ്ടത്തെ
ഭാരതഭൂമിപർ നാടുവാണു
കാഞ്ചനകാന്തി പ്രസരത്താലക്ഷിക്കു
കാഴ്ച കുറയാത്ത സൂക്ഷ്മനേത്രർ
സർവ്വമർത്ഥിക്കു നൽകി മൺപാത്രത്തെ
ഗർവ്വകന്നേന്തിയ സാർവ്വഭൗമർ
പ്രാണനെപ്പോലും സമർപ്പിച്ചു സത്യത്തെ
പ്രീണനം ചെയ്തോരു രാജർഷിമാർ
നാകനഗരിയും നാണിച്ചു പോമാറു
ലോകത്തിൽ ക്ഷേമം പുലർത്തിവന്നോർ
ഹർഷം കലർന്നങ്ങ് വാർദ്ധക്യകാലത്ത്
കാഷായവേഷത്തെ ചാർത്തീടുന്നോർ
ദേവസരിത്തടമാരുതനർത്തിത
ദേവദാരുദ്രുമ വേദിയിങ്കൽ
ചില്പദധ്യാനൈക നിഷ്ഠരായ് വാഴുവോർ
മൽപുത്രർ ഭാരത മേദിനീശർ

മാഞ്ഞുമറഞ്ഞിട്ടില്ലിന്നുമെൻ നാടിൻെറ
മഞ്ജുളമാഹാത്മ്യപൂർവ്വവൃത്തം
ആദിജഗദ്ഗുരു ശങ്കരസിംഹത്തി-
ന്നദ്വൈതഗർജ്ജനം കേട്ടശേഷം
അർദ്ധദിഗംബരനേതൊരു യോഗീന്ദ്ര
വൃദ്ധൻ കൊടുംതപം ചെയ്തിടുന്നു.
മുറാമധീരൻെറ ശാന്തമാം ഗീതകൾ
മാറൊലിക്കൊൾവതു കേൾക്കുന്നില്ലേ.
തല്പാണിപാലിച്ച ശാന്തിക്കൊടിക്കുള്ളം
മേൽപോട്ട് മേൽപ്പോട്ടുയർന്നിടട്ടെ
വിണ്ടലഭിത്തിയെ ചുറമലയ്ക്കട്ടെ
വീണ്ടുമിബ്ഭാരതശാന്തിഗീതം

## വേട്ടാളൻ

കുടമാളൂർ, കെ. സി. കേശവൻനായർ, ബി. എ.

കൺതുറന്നങ്ങോട്ടൊന്നു നോക്കുകിൽ കാണാമേതോ
മൺകുഴച്ചുണ്ടാക്കിന മണിമാളികമേലിൽ;
കുപ്പയിൽക്കിടന്നതാം കീടത്തെയെടുത്തങ്ങു
തല്പത്തിലിരുത്തുന്നു വേട്ടാളൻ—മതഭ്രാന്തൻ.
അങ്ങിങ്ങുതിര, ഞ്ഞേതോ ഭക്ഷ്യങ്ങളാർജ്ജി, ച്ചുള്ളിൽ-
ത്തിങ്ങുമാനന്ദത്തോടെയതിനേ ഭുജിപ്പിച്ചും;
ആരുമേയറിയാതെയന്വഹം സ്വവിശ്വാസ-
സാരങ്ങൾ മന്ദം മന്ദം മന്ത്രിച്ചു പഠിപ്പിച്ചും;
വിദ്രുതം വിശ്രുതമാം മാനസാന്തരമേറി,
സമ്ഭ്രമം വേട്ടാളനാക്കീടത്തെ മതം മാററി!
ഇന്നലെപ്പുഴുവായ് നാം കണ്ടൊരാച്ചെറുജീവി,
യിന്നഹോ, വേട്ടാളനാൽ മറെറാരു വേട്ടാളനായ്!!
എന്തൊരു മായാഭ്രമ, മെന്തിനീ മതം മാററം?
എന്തിതിൽ സാധിക്കുന്നു ഹന്ത! നീ മതഭ്രാന്താ!

## വിയററ്നാം ജയിക്കട്ടെ

വെണ്ണി

വിയററ്നാം ജയിക്കട്ടെ, വിങ്ങുമിപ്പടഹത്തിൽ
വിശ്വത്തിൻതമാലങ്ങളെന്നെന്നും വിറയ്ക്കട്ടെ.
അല്ലിൻെറരക്തത്തിങ്കൽ കുളിച്ചോരുദയാർക്കൻ
ചൊല്ലിവിട്ടൊരു നവ്യമന്ത്രത്തിൻതരംഗത്തിൽ
മൂട്ടമാം ജാഡ്യം നീങ്ങി മൂരിവിട്ടെഴുന്നേററ
കൂട്ടമാം കോപാലിന്ത്യൻസാഗരം മഹാകാരം
നീലമാമലക്കൂട്ടം ചുരുട്ടിത്താഴെത്തല്ലി-
ക്കാലഭൈരവതുല്യം മേഘനിർഘോഷം കൂട്ടി
നക്ഷത്രഫേനച്ചാർത്താൽ നാരകച്ചിരി ചിന്തി-
യക്ഷമം ജൃംഭിക്കുമാ വിപ്ലവപ്രഭവത്തിൽ
ഞെട്ടിയും വിളറിയും വീണുപോയ് പ്രതീചിതൻ-
തൊട്ടിലിൽ ഞൊറിഞ്ഞൊരു ഗന്ധർവ്വനഗരികൾ.
മുററിനിന്നെലിമ്പോളം കാന്തനക്കി ഹാ! മെയ്യു-
ച്ചുററിയോരടിമത്തവെൺതുടലുടൻ പൊട്ടി
പണ്ടത്തെസ്സുദീപ്തമാം സൗവർണ്ണദിനത്തിൻെറ
വിണ്ടലത്തിട്ടിൽ വീണ്ടും തൂമിഴി തുറന്നല്ലോ
ജാവയും വിയററ്നാമും ബർമ്മയുമവയ്ക്കെല്ലാം
ജീവനമരുളിനോരമ്മയാം ഹിന്ദുസ്ഥാനം.
ഇല്ലിനിയരചിങ്ങു പശ്ചിമഹിമർക്ഷത്തിൻ-
തല്ലിനു—മാൻകുട്ടിയും സിംഹമായ് മാറിപ്പോയി.
കണ്ട ദുർമ്മദത്തിൻെറ കാൽച്ചുവടികളേററു
വിണ്ടഴുതീടാൻ കൊച്ചുപുൽകളും വഴങ്ങാതായ്.
ക്ലാന്തിനിന്നേറെക്കാലം തേങ്ങിന മുളങ്കാടും
മാനിയായ് കനൽതുപ്പും കണ്ണുമായ് തലപൊക്കി.
എങ്കിലുമൂതീടുന്ന തൃഷ്ണതൻ തണ്ടിൽ ചില
പൊൻകിനാവുകളാകും വാരിളംകുമിളകൾ-
താമ്പൂരിച്ചിനയ്ക്കുന്ന കാമധേനുക്കൾ കാളും
ബാംബുകൾ ഭയന്നിങ്ങു പിന്നെയും കുനിഞ്ഞീടും!
പ്രാജ്യധീവരനാകും സായിപ്പേ! ഭവൽസ്വർഗ്ഗ-
രാജ്യങ്ങളെന്നെന്നേക്കും ഗോപുരം പൂട്ടിപ്പോയി.
ജാവയിൽ ഭവാനാന്ന ജാള്യത്തിൻകഥയോതി-
യീവനങ്ങളിലമ്പും തുമ്പകൾ ചിരിക്കുന്നു!
ഇന്നയി! വിയററ്നാമാം പ്രാവിനെക്കൊത്താനാഞ്ഞ
നിന്നുടെ കഴുകനും വല്ലായ്മ പിണഞ്ഞല്ലോ.
കൊക്കുപൊള്ളിയും താരപ്പുള്ളികൾ ചിന്നും പക്ഷ-
മൊക്കെയു മൊടിഞ്ഞങ്ങു തൂങ്ങിയും ഞെരങ്ങിയും—!
മാമകഗുരുവാകും റൂസോയെ പ്രസവിച്ച
കോമളഭൂവേ! ഫ്രാൻസേ! ഹന്ത! നിന്നധോയാനം!!
സ്വാതന്ത്ര്യം സമത്വവും സാഹോദര്യവും മുന്ന-
മേതൊരു വിഹായസ്സിലാദ്യമായൊലി തല്ലി,
അങ്ങഹോ! കഷ്ടം! സൗമ്യജീവികളുടെ മാംസ-
ഭംഗിയിൽ ക്രോധിക്കുന്ന ഗൃദ്ധ്റന്നു കോയിൽപ്പട്ടം!
സ്വാതന്ത്ര്യം ബലിഷ്ഠനു ദുർബ്ബലജനസ്സമ-
ഭ്രാന്തഭൂതികൾ പൂശും ജന്മ[illegible]കാശഹത്തമാം.
കേളിയാം സമത്വമോ നിസ്വൻെറ കഞ്ഞിച്ചട്ടി
കേളിയിൽ കവരുന്ന കേവലചോരസ്മേരം.
നീട്ടററസാഹോദര്യം നിസ്സങ്കമിരുൾക്കാട്ടി-
ലാട്ടുമേയ്ക്കുവാൻ കൂട്ട മാർഗ്ഗമാം വൃകധർമ്മം.
നിത്യം തൻ കുരിശിനെച്ചുംബിക്കും കൂട്ടത്തിൻെറ
സത്യജീവിതം പാർക്കും ക്രിസ്തുദേവനു ഹാഹാ!
തന്നുരഃക്ഷതമതു വിണ്ടുകയല്ലീ വീണ്ടും
പൊന്നുഷസ്സല്ലെങ്കിലെന്തിത്രയ്ക്കു ചുവക്കുവാൻ!
വിയററ്നാം ജയിക്കട്ടെ, പൊങ്ങുമിക്കൊടിക്കൂറ
വിയത്തിന്നതിലുംഗശൃംഗത്തിൽ പാറക്കട്ടെ.
കർമ്മധീരന്മാർ നിങ്ങളിമ്മഹാനലദണ്ഡം
നമ്മപത്മത്തിൻ ചെണ്ടുമയെന്നുവിൻ ഭദ്രന്മാരെ!
ക്ലേശിക്കാം ചെറുതെന്നാൽ മുന്നോട്ടുകുതിച്ചോരു
വാശിതൻപദം തിലവാശിനും വലിക്കൊല്ലേ.
പുഞ്ചിരിനിലാവഞ്ചിബ്ഭൂവിനെ മുലയൂട്ടി
വഞ്ചിച്ചു മരിപ്പിച്ച മോഹിനീനിശതന്നെ
ചെന്തളിരിളംചുണ്ടിൻ സീൽക്കാരമൊന്നാൽ ശീഘ്ര-
മന്തകനർപ്പിച്ചോരു കണ്ണനുണ്ണിതൻ മണ്ണിൽ
മാഞ്ഞതില്ലന്നത്തെയാ ഉഷ്ടധാർഷ്ണ്യവീര്യം
തേഞ്ഞതില്ലന്നത്തെയാ ധർമ്മചക്രത്തിൻ ശൗര്യം
പ്രാണനെഞ്ചലി ചെയ്തുമഭിമാനത്തിൻതല
താണിടിഞ്ഞീടാതത്ര പോററിടും വിയററ്നാമേ!
കാണിയുമിളക്കാതിന്നിമ്മഹായജ്ഞത്തന്നിൽ
പ്രീണിച്ചു തുണനൽകാൻ വരുന്നു തൂർണ്ണം ഞങ്ങൾ,
ഓരോരോ ഞരമ്പിലും പൗരുഷം തിളച്ചേറും
ധീരോദാത്തമാം ഹിന്ദുസ്ഥാനത്തിൻ സുതർ ഞങ്ങൾ,
വിയററ്നാം ജയിക്കട്ടെ, നമ്മൾതൻ കൊടുങ്കാററിൽ
വിയത്തിൻകടാഹങ്ങളൊന്നൊന്നും കിടുങ്ങട്ടെ.
ഒന്നുകിൽ രഞ്ജിച്ചോരീ തായതൻ തനയരാ-
യൊന്നുപോൽ നരജാതിയൊക്കെയും മരുവട്ടെ
അല്ലെങ്കിൽ വായിക്കട്ടെ നീലഭിത്തിയിൽ മിന്നും
കല്ലെഴുത്തു കണ്ണിൽ പാടപാററാത്തോരെല്ലാം
"ഇന്നത്തെയരിപ്രാവു നാളത്തെപ്പരുന്തു, ഴി
തന്നധീശത ചേരും കൃഷ്ണവർഗ്ഗത്തിൽ നാളെ."

# സർ ജയിംസ് ജീൻസ്

—ഃ—

(From The "Light")

വാമനപുരം പി. കേശവൻ.

വിഖ്യാതനായ ഒരു ശാസ്ത്രജ്ഞനും തത്വചിന്തകനും ആയിരുന്ന സർ ജയിംസ് ജീൻസ്. മററൊരു പണ്ഡിതനും മുമ്പു കഴിഞ്ഞിട്ടില്ലാത്തവിധം സാമാന്യജനങ്ങളുടെയിടയിൽ ശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ച് ഒരു മതിപ്പും താൽപര്യവും ഉണ്ടാക്കുവാൻ അദ്ദേഹം ധാരാളം പ്രയത്നിച്ചിട്ടുണ്ട്. ശാസ്ത്രത്തിനും മതത്തിനും തമ്മിൽ പലരും കാണുന്ന വൈരുദ്ധ്യം അടിസ്ഥാനരഹിതമാണെന്ന് അദ്ദേഹം സമർത്ഥിച്ചു.

അദ്ദേഹം പറയുന്നു:—

"The Universe is a quiet thought. Everything in it is the creation of thought"

(പ്രപഞ്ചം സുശാന്തമായ ഒരു ചിന്തയാണ്. അതിലെ ഓരോന്നും ചിന്തയുടെ സൃഷ്ടിയുമാണ്.)

അദ്ദേഹം തുടരുന്നു:—

"There is Universal Mind underlying and controlling the universe". അന്തർയ്യാമിയായി പ്രപഞ്ചത്തെ നിയമനംചെയ്യുന്ന ഒരു വിശ്വവ്യാപ്തചിത്തമുണ്ട്.

ജീൻസ് വീണ്ടും പറയുന്നു:—

ശാസ്ത്രത്തിനും മതത്തിനും തമ്മിൽ പൊരുത്തക്കേടില്ലെങ്കിലും ശാസ്ത്രം അവസാനിക്കുന്നിടത്തു് മതം ആരംഭിക്കുന്നു എന്നു പലരും വിശ്വസിക്കുന്നുണ്ട്. ഇതു തികച്ചും ശരിയല്ല. ശാസ്ത്രത്തിന്റെ അധിഷ്ഠാനം നിരീക്ഷണപരീക്ഷണങ്ങളാണ്. എന്നാൽ അവ്യക്തവും ആകസ്മികവുമായ ഒരു അന്തഃകരണപ്രചോദനം ശാസ്ത്രസിദ്ധാന്തങ്ങളുടെ കണ്ടുപിടിത്തത്തിൽ ശാസ്ത്രജ്ഞന്മാരെ വളരെ സഹായിച്ചിട്ടുണ്ടെന്ന് അവരുടെ ജീവചരിത്രങ്ങൾ തെളിയിക്കുന്നുണ്ട്. നിരന്തരം പരിശ്രമിച്ചു പലതരം പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തിയിട്ടും പരാജയം അടിക്കടി സംഭവിച്ച് ചിന്ത തളർന്നിരിക്കുന്ന വേളയിൽ അപ്രതീക്ഷിതമായി അന്തരംഗത്തിൽ ഒരു നവീനബോധം ഉദിക്കുകയും ആ വെളിച്ചത്തിലൂടെ പരീക്ഷണങ്ങൾ തുടർന്നു നടത്തി വിജയം വരിക്കയുമാണ് വലിയ ശാസ്ത്രജ്ഞന്മാർ ചെയ്തിട്ടുള്ളത്. ന്യൂട്ടൺ മുതലായ മഹാന്മാരുടെ ജീവചരിത്രം ഇതിനു സാക്ഷ്യം വഹിക്കുന്നു. ഇക്കാര്യത്തിലും ശാസ്ത്രത്തിനും മതത്തിനും തമ്മിൽ പൊരുത്തക്കേടു കാണുന്നില്ല. വസ്തുക്കൾ എങ്ങനെ സംഭവിച്ചു എന്ന് ശാസ്ത്രം വിവരിക്കുമ്പോൾ അവ എന്തിനു സംഭവിച്ചു എന്നു മതം പരാമർശിക്കുന്നു. ലോകവും അതിലെ ജീവരാശികളും എങ്ങനെയുണ്ടായി എന്നു ശാസ്ത്രം പറയുന്നു. എന്നാൽ അവ എങ്ങനെ ഉണ്ടായി എന്നു ശാസ്ത്രം ആരായുന്നില്ല. ചുരുക്കത്തിൽ ശാസ്ത്രം ജീവിതത്തിന്റെ വിവരണവും മതം വ്യാഖ്യാനവും ആകുന്നു.

ജനസമുദായത്തിന്റെ ക്ഷേമപരിധിയെ അതിലംഘിക്കാൻ തുടങ്ങുമ്പോഴാണ് മതവും ശാസ്ത്രവും പരസ്പരം അകലുന്നതു്. ശാസ്ത്രം വിജ്ഞാനത്തിനും മതം സ്നേഹത്തിനുംവേണ്ടി നിലകൊള്ളുന്നു. അതിനാൽ സ്നേഹത്തിൽ അധിഷ്ഠിതവും വിജ്ഞാനത്താൽ ഉത്തേജിതവുമായ ഒരു ജീവിതസൗധം നിർമ്മിക്കുന്നതിന് ശാസ്ത്രത്തിനും മതത്തിനും ഒന്നുപോലുള്ള ബാദ്ധ്യതയുണ്ട്. അന്ധതയും അജ്ഞതയും നുഴഞ്ഞുകയറി, മതം അധഃപതിക്കുമ്പോൾ അതു മനുഷ്യരാശിക്കു നാശകാരിയായിത്തീരുന്നു. രോഗങ്ങളും മഹാമാരികളും ദൈവകോപത്താൽ സംഭവിക്കുന്നതാണെന്നും അവയെ ചെറുത്തുനില്ക്കാൻ മനുഷ്യനു സാദ്ധ്യമല്ലെന്നും വിശ്വസിക്കുന്നവർ പലരുമുണ്ട്. എന്നാൽ ശാസ്ത്രം അഭിപ്രായപ്പെടുന്നതു് ദൈവകോപത്തിനു ഈ രോഗങ്ങളുമായിട്ട് ഇടപാടൊന്നുമില്ലെന്നും ബുദ്ധിപൂർവ്വമായ പ്രവർത്തനംകൊണ്ട് മനുഷ്യനു ആ ബാധയിൽനിന്നു ഒഴിഞ്ഞുനില്ക്കാനോ രക്ഷപ്പെടാനോ കഴിയുമെന്നുമാണ്. ആകാശക്കപ്പലുകളുടെ കണ്ടുപിടിത്തം ശാസ്ത്രത്തിന്റെ ഒരു വലിയ നേട്ടമാണ്. എന്നാൽ ആറ്റംബോംബുകളെറിഞ്ഞു മനുഷ്യരാശിയെ നിഗ്രഹിക്കാനല്ല അവയെ ഉപയോഗപ്പെടുത്തേണ്ടതു്, പണ്ടയോ മററു വാഹനങ്ങൾക്കു ദുഷ്പ്രവേശമായ ദേശങ്ങളിൽ ഇതിബാധകൾ നിമിത്തം പട്ടിണികിടന്നു പൊരിയുന്ന സഹോദരജനതയ്ക്കു ആഹാരസാധനങ്ങൾ എത്തിച്ചുകൊടുക്കാനാണ്. അപ്പോഴേ ശാസ്ത്രത്തിന്റെ ഉദ്ദേശം സഫലമാകുന്നുള്ളൂ. സ്വതന്ത്രമായ ചിന്തയ്ക്കു പ്രേരണ നൽകുന്നതായ ശാസ്ത്രജ്ഞാനംകൂടാതെയുള്ള മതബോധം അന്ധതയിലേക്കും മതത്തിന്റെ സാന്മാർഗ്ഗികമായ പ്രചോദനം ലഭിക്കാത്ത ശാസ്ത്രജ്ഞാനം കിരാതത്വത്തിലേക്കു മനുഷ്യസമുദായത്തെ തള്ളിവിടുകയും ഇവരണ്ടുംകൂടി മനുഷ്യരാശിയുടെ സകലവിധമായ പുരോഗതിക്കും വിരാമമിടുകയും ചെയ്യുന്നു. അതിനാൽ മതവും ശാസ്ത്രവും ഒത്തൊരുമിച്ചു പുലരേണ്ടതു് ജനതയുടെ സാർവ്വത്രികമായ ക്ഷേമത്തിനും സമാധാനത്തിനും ആവശ്യകമാണെന്നു സ്പഷ്ടമാണല്ലോ.

—ഃ—

# പത്മരാഗനിരൂപണം

കെ. ശങ്കരപ്പിള്ള ബി. ഏ.

II

(തുടർച്ച)

ഇനി ഇതിലെ മററലങ്കാരങ്ങളെപ്പററി ചിലതുപറയാം. ഭാവപോഷണത്തിനു പര്യുക്തങ്ങളായ ഉപമാനങ്ങളെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ, കവിയുടെ നിരീക്ഷണദൃഷ്ടി, നാനോന്മുഖമായി വ്യാപരിച്ചുകാണുന്നു. പ്രകൃതിയിലെ, 'മാമലച്ചുരുവില്ലൽക്കട വാത്യാദയാക്കുന്നതു്'–, 'വനഹസ്തിയുലച്ചു് തരുവിൻശാഖചായ്ക്കുന്നതു്' 'വന്യസിന്ധു, വെൺനുരയും പൂവുമണിഞ്ഞ മാതിരി' പലവർണ്ണമാന്നൊഴുകുന്നതു്—; ഇടിവാളേററു് നാട്ടപാദേതകരുന്നതു്—, എന്നിത്തരം സ്ഥൂലദർശനങ്ങൾ മാത്രമല്ല, അതികൃശങ്ങളായ, 'തുമ്പിയെപ്പോഴും കൊമ്പുകളുടെ വിറയൽ' പൊന്നൊളിപ്രഭ വിൺചരുവിലെത്തിനോക്കുന്നതു്—, പുളിനഭൂവിൽ വീചിയാൽ ഭിന്നമാകുന്ന അന്തിമാരുണകരങ്ങളുടെ ചിന്നിച്ചിതറൽ, 'വെണ്ണിലാവൊളിയിലെ മഞ്ഞുതുള്ളികളുടെ മിന്നിത്തിളക്കം,—എന്നീവിധം എണ്മണിപ്രായത്തിലുള്ള കാഴ്ചകൾപോലും കവിദൃഷ്ടിയിൽ സസൂക്ഷ്മം പതിയുന്നുണ്ട്. പ്രകൃതിയിലെ ചില സാധാരണ രംഗങ്ങളിൽനിന്നും കവി സമർത്ഥിക്കുന്ന അന്യാപദേശങ്ങൾക്ക് അനന്യസാധാരണമായ സ്വാരസ്യമുണ്ട്. വള്ളികളിൽനിന്ന് ഇലയും നീർത്തുള്ളികളും പൊഴിയുന്നതുകണ്ട്, കവി, പാരാശ്രയംകൊണ്ടുള്ള പീഡാനുഭവലക്ഷണങ്ങളെ അനുമിക്കുന്നു. അതുപോലെ, വെയിലേററ് സ്വയം തപിക്കുന്നെങ്കിലും പവനൻ, അന്യജീവിയെ വീശിക്കൊണ്ടിരിക്കുന്നതും താപമേല്ക്കുമ്പോഴും, നദിയിലെ വെള്ളം തെളിഞ്ഞുവരുന്നതും, ആകാശത്തിലെ ചുവപ്പ് (രാഗം) കാർമേഘത്തിന്റെ മൂടലേററിട്ടും അതിമനോഹരമായ മഴവില്ലായ് വിളങ്ങുന്നതും, കലങ്ങിമറിഞ്ഞൊഴുകുന്ന ഗംഗയിലെന്നരകൾ, ഗംഗയുടെ സഹജഗുണമായ വെണ്മയെ കൈവെടിയാത്തതും, ഇത്തരം ഓരോ അന്യാപദേശചമൽകൃതികൾക്കുള്ള ഉപമാനവാക്യങ്ങളാകുന്നു. ഇങ്ങനെ പ്രകൃതിനിരീക്ഷണം ഇതുപോലെ, ദൈനന്ദിനവൃത്തിവിശേഷങ്ങളിൽനിന്ന് കവി തിരഞ്ഞുപിടിക്കുന്ന ചില സാധാരണ സാധനങ്ങളും—സംഭവങ്ങളും—സന്ധ്യയ്ക്കു കൈവിളക്ക്, പെൺകുട്ടികളുടെ പൊൻകാപ്പ്, അവരുടെ അമ്മാനക്കളിപ്പന്ത്, വീട്ടിനുള്ളിലേ കിളിക്കൂട്; പശുക്കാവ; നിലമുഴവ്; എന്നിവയെല്ലാം തന്റെ മനോധർമ്മക്കരുവിൽ വാർത്തെടുത്തപ്പോൾ, ഒന്നാംതരം ഉപമാനപ്പണ്ടങ്ങളായ് തീർന്നിരിക്കുന്നു. മലയാളികളുടെ സംഭാഷണസമ്പ്രദായത്തോട് ഇടകലർന്ന് ശൈലിപ്രായത്തിലെത്തിയിട്ടുള്ള പഴങ്കഥകളെയും പഴമൊഴികളെയും ഉപമാനസ്ഥാനത്താക്കി അനായാസമായ വിധം സാർത്ഥകശക്തി വരുത്തുന്നതിലും കവിയ്ക്കു് നല്ല ചതുരതയുണ്ട്, ആനയോ, കുരുടന്മാർ പലേടവും തപ്പിനോക്കി ആകൃതിപറയാൻ പുറപ്പെട്ടതു്; കൂടുതൽ വെള്ളം കിട്ടുമെന്നാശിച്ചു് കുടവുംകൊണ്ട് കടലുതേടിപ്പോയതു്. എന്നിങ്ങനെയുള്ള കഥകളും, വ്രണത്തിൽ തീക്കൊള്ളി തിരുകുന്നതു്, പുകഞ്ഞകൊള്ളി പുറത്താക്കുന്നതു്, തൽചിന്തതന്നെ ഏതിലും നിഴലിക്കുന്നതു് എന്നിങ്ങനെയുള്ള പഴമൊഴികളും ഇതിലെ സാദൃശ്യാലങ്കാരങ്ങളെ ഇപ്പറഞ്ഞവിധം ദീപ്രമാക്കുന്നുണ്ട്. നോക്കുക· യോഗശാസ്ത്രഗഹനങ്ങളിലും കവിയുടെ നോട്ടം ചെന്നെത്തിയിരിക്കുന്നതു്! ഉപേന്ദ്രനിലുള്ള അനുരാഗശ്രദ്ധനിമിത്തം പത്മ ഏകാഗ്രയായ് നിന്നുപോയതു്· "യോഗിനാദകലയിങ്കലെന്നപോലെ"യും, ലഹളസ്ഥലത്തു് ഉപേന്ദ്രൻ ചെന്നെത്തിയിരിക്കുന്നതായുള്ള വാർത്താശ്രവണം, പത്മയെ സ്വഗൃഹത്തിൽനിന്നും പെട്ടെന്നാകർഷിച്ചിറക്കിയതു്, "മദ്ധ്യനാഡിതൻ ത്രുടിതം ജീവനെ"യെന്നപോലെയും ലഹളസ്ഥലത്തു് ഉപേന്ദ്രൻ കിടന്നിരുന്ന സ്ഥാനം പത്മയറിഞ്ഞെത്തിയതു "ജീവനാഹൃദയസ്ഥാനമിയന്നിട്ടു"ന്നപോലെയും, ആണന്നത്രേ, കവി പറഞ്ഞിരിക്കുന്നതു്.

പ്രാചീന കാവ്യലോകപ്രസിദ്ധങ്ങളായ വേഴാമ്പലിന്റെ ജലപാനം, കോകവിരഹം, മരാളികയുടെ മഞ്ജുളകാന്തി, അതിന്റെ ലോലദ്ധ്വനി, സമിത്തിന്റെ അഗ്ന്യൽപാദനം, യജ്ഞത്തിന്റെ പരിചര്യാമഹിമ, എന്നിങ്ങനെ ചില പുരാതനോപകരണങ്ങളെ ഇതിൽ അവിടവിടെ അലങ്കാരസാധകങ്ങളായും സ്വീകരിച്ചിട്ടുണ്ടെങ്കിലും, അപ്രാചീനപരിഷ്കൃതലോകാഭിമുഖമായി തിരിഞ്ഞപ്പോൾ, തന്റെ ഔചിത്യദൃഷ്ടി നവനവരസികൃമുള്ള പല ഉപമാനങ്ങളെത്തന്നെ അവിടെയും കണ്ടെത്തുന്നു.

ചിത്രവർണ്ണാങ്കിതമായ ബംഗാളദിനപ്പത്രം, വായിക്കാനുദ്ദേശിച്ച് പത്മ, അലസമായ് നിവർത്തിട്ടിരുന്നതു്, "പാരുസൌവർണ്ണലേഖകലരുന്ന സാരിപോൽ" അവളുടെ ദേഹത്തും ശയ്യയിലുമായ് കിടന്നതും, ഉപേന്ദ്രന്റെ കാരാഗൃഹവാസത്തേയും സ്വഗൃഹത്തേയും താരതമ്യപ്പെടുത്തി ചിന്തിച്ചുതുടങ്ങിയ പത്മയുടെ "ആശയം" "മന്നിനാകുപോലെ തുടന്നാടിത്തുടങ്ങിയതും, കാരാഗൃഹവാസം രണ്ടുവർഷമായി ഉപേന്ദ്രൻ അനുഭവിച്ചുവരുന്നു വെല്ലോ എന്നുള്ള സന്താപ "വൈദ്യുതി" പടർന്നേറിഞ്ഞ പത്മയുടെ അന്തരംഗത്തിൽ അവളുടെ മുൻകഥാസംഭവങ്ങളോരോന്നും, "ചലനചിത്രസന്നിഭം,"ഒരുതെരെയുയർന്നുവന്നതും, മററും എത്രയും ഭാവാർത്ഥപോഷകങ്ങളായ പുതിയ ചമൽക്കാരപ്രയോഗങ്ങളാകുന്നു.

ഇനിശബ്ദാലങ്കാരങ്ങളെപ്പററിപ്പറയുകയാണെങ്കിൽ, അവിടെയും കവിയുടെ ഔചിത്യസരണിക്കു പ്രശസ്തവിജയം സിദ്ധിച്ചുകാണുന്നു. സന്ദർഭത്തിനനുസരണമായ ശബ്ദഭംഗി തെളിഞ്ഞുകാണാത്ത പദ്യങ്ങൾ ഇതിൽ വളരെ അപൂർവ്വമെന്നുതന്നെ പറയാം.

"അഴലാഴിയിലാഴുമെന്മനോ
ഗതി ഞാനങ്ങയോടോതിടേണമോ"

എന്ന പത്മയുടെ ദയനീയഭാഷണത്തിൽ അക്ഷരംപ്രതി അവളുടെ അന്തരാത്മാ ശബ്ദരൂപത്തിൽ അനുസ്യൂതമായ് താനേ പുറത്തോട്ടിഴുകിയൊഴുകിക്കൊണ്ടിരിക്കുംപോലെ, നമുക്കു അനുഭവപ്പെടുന്നു. എന്നാൽ,

ഭരണാധികൃതാഗ്രഗർക്കെഴു-
ന്നധികാരോഗ്രധുരന്ധരത്വമേ!

എന്ന സംബോധന കേൾക്കുമ്പോൾ, ഇവിടുത്തെ പരുഷാക്ഷരാവർത്തശ്രവണം, ആരെയാണ് പെട്ടെന്നൊന്നു ഞെട്ടിക്കാതിരിക്കുന്നതു്? ഈ ഞെട്ടൽ, (രാജകിങ്കരന്മാരുടെ മർദ്ദനസാഹസം പ്രതിപാദ്യമായ) ഇവിടുത്തെ വർണ്ണപ്രതീതിനിമിത്തം സഹൃദയന്മാർക്കുണ്ടാകേണ്ട ഒരു സഞ്ചാരിഭാവം (താൽക്കാലികമായ അനുഭവലക്ഷ്യം കൂടി ആണെന്നോർക്കുമ്പോൾ, പ്രസ്തുത സന്ദർഭത്തിലെ ശബ്ദപ്രയോഗൌചിത്യം, സ്പഷ്ടമാകുന്നതാണ്. അർത്ഥത്തിനു കോട്ടം കൂടാതെയെന്നല്ലാ അതിന് പ്രസാദഗുണംകൂടി ഉണ്ടാക്കത്തക്കവണ്ണം

"കനകാഞ്ചിതകാന്തികാളിടും
കരതാർകാതരകണ്ഠസീമനി
കലിതാദരമാശുചാർത്തിയ
കളകണ്ഠിയുതൽകണ്ഠസൂത്രമായ്"

എന്ന മട്ടിൽ പ്രസാദഭംഗി തുളുമ്പുന്ന പദ്യങ്ങളെ നിഷ്പ്രയാസം നിർമ്മിക്കുന്നതിൽ ഈ കവിക്കുള്ള പാടവം, തന്റെ പദസ്വാധീനതയും, • തൽപ്രായോഗികകലാവാസനയും നിരാക്ഷേപമായ സംയുക്തലക്ഷ്യം തന്നെയാണ്.

പ്രസ്തുത കൃതിക്കു് "പത്മരാഗം" എന്ന പേർ കൊടുത്തിരിക്കുന്നതും കവിയുടെ ഔചിത്യധർമ്മംകൊണ്ടാണെന്നു കാണാം. ഈ രാഷ്ട്രീയകാവ്യത്തിന്നടിത്തറയായ് നില്ക്കുന്നതു്, "പത്മ" എന്ന നായികയുടെ അനുരാഗകഥതന്നെയാണല്ലോ—"പത്മരാഗം" എന്ന സമസ്തപദത്തിന്റെ അർത്ഥം, പത്മയുടെ രാഗം (സ്നേഹം) എന്നാണതാനും. അതിനാൽ ഈ പേരിന്റെ അന്വർത്ഥത വളരെ സ്പഷ്ടം. എന്നാൽ പത്മരാഗത്തിന് മറെറാരർത്ഥയോജനകൂടിയുണ്ട്. ഒററപ്പദമായി നോക്കുമ്പോൾ പത്മരാഗം, പുരാണപ്രസിദ്ധമായ നവരത്നങ്ങളിൽ ഒരുതരം വിശിഷ്ടരത്നത്തിന്റെ പേരാകുന്നു. വളരെ പ്രഭയും പല വൈശിഷ്ട്യങ്ങളുമുള്ള ഇത്തരമൊരു പത്മരാഗരത്നംപതിച്ച മോതിരമായിരുന്നു, പത്മ, ഉപേന്ദ്രനെ തന്റെ സ്വയംവരചിഹ്നമായ് കൈവിരലിൽ അണിയിച്ചതു്. ഈ രത്നത്തിന്റെ തെളിച്ചംകണ്ടായിരുന്നു താൻ അർപ്പിച്ച മോതിരത്തേയും, അതണിഞ്ഞിരുന്ന ഉപേന്ദ്രനേയും പത്മ, ഒടുവിൽ, ആ വിജനസ്ഥലത്തുവച്ച് തിരിച്ചറിയുന്നതു്. പ്രസ്തുത കഥാപരിണാമത്തിലെ നായികാനായകസമാഗമത്തിന് തന്നെയും ഇങ്ങനെ കാരണമായിത്തീർന്ന 'പത്മരാഗത്തെ തന്റെ കൃതിയ്ക്കു് നാമമായ് കവി നിർദ്ദേശിച്ചതിൽ വളരെ ഔചിത്യം കാണുന്നുണ്ട്.

എന്നു മാത്രമല്ല, ഇങ്ങനെയുള്ള പേരിടീലിനു് പൂർവ്വകവികളുടെ സമ്പ്രദായം, അനുവാദകമായ് തെളിഞ്ഞുനിൽക്കയും ചെയ്യുന്നു. ശ്രീകൃഷ്ണന്റെയും ജാംബവതിയുടേയും കഥയ്ക്കു്, സ്യമന്തകം; ശ്രീരാമന്റെയും സീതാദേവിയുടേയും കഥയ്ക്കു, ആശ്ചര്യചൂഡാമണി; ചാരുദത്തന്റേയും വസന്തസേനയുടേയും കഥയ്ക്കു് 'മൃച്ഛകടികം' എന്നിങ്ങനെയുള്ള പേരുകൾ പൂർവ്വകവികൾ കല്പിച്ചിരിക്കുന്ന ന്യായത്താൽ പ്രസ്തുത കഥയ്ക്കു 'പത്മരാഗം പ്രസന്നമായ് ചേരുന്ന പേരുതന്നെയാണ്. പത്മരാഗനാമധേയംകൊണ്ട്, ഈ കാവ്യത്തിന്റെ രാഷ്ട്രീയസ്വഭാവത്തേയും, വ്യംഗ്യാർത്ഥപ്രിയനായ നമ്മുടെ കവി സൂചിപ്പിക്കുന്നില്ലയോ എന്നുപോലും ഞാൻ സംശയിക്കുന്നു. 'പത്മം' എന്നു കുബേരന്റെ നവനിധികൾക്കൊന്നിന് പേരുണ്ട്. കുബേരനോ ഐശ്വര്യമൂർത്തി. 'രാഗ'ത്തിന് ചുവപ്പ്, പ്രകാശമെന്നെല്ലാം, അർത്ഥങ്ങൾ സന്ദർഭാനുസരണം മാറിയും മറിഞ്ഞും വരുകയുമാം. അപ്പോൾ 'പത്മരാഗ'ത്തിന് 'പത്മ'മെന്ന, കുബേരനിധിയുടെ 'രാഗം' പ്രകാശപ്പൊലിമ—എന്നർത്ഥം. അതായതു്—നാനോന്മുഖമായ ഐശ്വര്യങ്ങൾക്കുള്ള ഭണ്ഡാരം (ഏകനികേതം·) നമ്മുടെ മാതൃഭൂമിയായ ഭാരതഭൂമിയ്ക്കു് ഇങ്ങനെ ഐശ്വര്യസമൃദ്ധമായ ഒരു നില (പത്മരാഗസിദ്ധി) വരണമെങ്കിൽ, പ്രസ്തുതകൃതിയിൽ വിവരിച്ചിരിക്കുന്ന സ്വരാജ്യസമ്പാദനംകൊണ്ട് മാത്രമേ അതു സാദ്ധ്യമാകയൊള്ളൂ—എന്നുള്ള വസ്തുതയെ, 'പത്മരാഗ'മെന്ന ഈ നാമധേയം, സൂചിപ്പിക്കുന്നതായ് വരാൻ വയ്യാഴികയില്ല. ഏതായാലും ഇപ്പറഞ്ഞ പല കാരണങ്ങളാലെല്ലാം, പത്മരാഗം എന്ന പേര് ഈ ഖണ്ഡകാവ്യത്തിന് വളരെ യോജിക്കുന്നുണ്ടെന്നുള്ളതിന് തർക്കമില്ല.

(തുടരും)

—ഃ—

## അപ്പീൽവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു അപ്പീൽ പ്രതിക്കുള്ള നോട്ടീസ്സ്

—o—

സിവിൽ നടപടി നിയമത്തിന്റെ
ആർഡർ ൪൧, റൂൾ ൧൩.
തിരുവിതാംകൂർ സംസ്ഥാനത്തു് ഹൈക്കോർട്ടിൽ ൧൧൧൪-ാമാണ്ട അപ്പീൽ
൩൪൪-ാംനമ്പർ

അപ്പീൽവാദി.—സർക്കാർ.

അപ്പീൽപ്രതി:—൧. ബാംബേയിൽ നഴ്സിംഗ് കാട്ടേജിൽ ഇപ്പോൾ ആക്സിലറിനഴ്സായിരിക്കുന്ന കാരി ഡിക്രൂസ് ൨. റെയിൽവേ ആപ്പരേറ്റിംഗ് കമ്പനി അഡ്‌വേർസ് ബോസ് നമ്പർ ൧൨. റെയിൽവേ ആപ്പറേറ്റർ ജോർജ്ജ് ഡിക്രൂസ്.

തിരുവനന്തപുരം ജില്ലാക്കോർട്ടിൽ ൧൧൯-ാമാണ്ട എൽ. ഏ. ആർ. ൨-ാം നമ്പരിൽ ൧൧൧൨-മാണ്ട കുംഭമാസം ൭-ാംനു- നിശ്ചയിച്ച വിധിയിന്മേൽ ബോധിപ്പിച്ച അപ്പീൽ.

അപ്പീൽപ്രതിയെ തെര്യപ്പെടുത്തുന്നതു്

മേല്പറഞ്ഞ വ്യവഹാരത്തിൽ ടികോർട്ടിൽനിന്നും നിശ്ചയിച്ചവിധിയിന്മേൽ ഗവമ്മെന്റ പ്ലീഡർ അപ്പീൽബോധിപ്പിക്കയും അതു് ഈ കോർട്ടഅപ്പീൽ രജിസ്റ്ററിൽ ചേർക്കയും ചെയ്തിരിക്കുന്നതും ഈ അപ്പീൽ വിചാരണക്കായി ൧൧൨൨-ാമാണ്ട മകരമാസം ൩൦-ാംനു- നിശ്ചയിച്ചിരിക്കുന്നതും ആകുന്നു.

ഈ അപ്പീൽകാര്യത്തിൽ പ്രതിക്കവേണ്ടി പ്രതിതന്നെയോ പ്രതിയുടെ വക്കീലോ കാര്യം നടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററു വല്ലവരുമോ മേല്പറഞ്ഞ ദിവസം പകൽ ൧൨ മണിക്ക ഹാജരായിട്ടില്ലെങ്കിൽ പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി അതു വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതാകുന്നു.

പ്രതി ഹാജരായി തർക്കിക്കാൻ നിശ്ചയിച്ചിരിക്കുന്നവെങ്കിൽ മേലാൽ വല്ല നോട്ടീസ്സോ ഉത്തരവോ പ്രാസസോ പ്രതിയുടെ മേൽ നടത്തുന്നതിനുവേണ്ടി പ്രതിയുടെ മേൽവിലാസം മുൻകാണിച്ചിരിക്കുന്ന വിചാരണതീയതിക്കകം രേഖാമൂലം കോർട്ടിൽ ബോധിപ്പിക്കേണ്ടതാകുന്നു. ഇതിനു വ്യത്യാസം വരുത്തിയാൽ പ്രതിയുടെ തർക്കം കേൾക്കാതിരിക്കാൻ ഇടയാകുന്നതാണു്.

ഉത്തരവിൻപ്രകാരം
ഹൈക്കോർട്ടു രജിസ്ത്രാർക്കു പകരം
മാനേജർ (ഒപ്പ്)
൧൧൨൨-ാമാണ്ട മകരമാസം ൪-ാംനു-

—o—

## പരസ്യനോട്ടീസ്സ്

സിവിൽ നടപടി നയമത്തിന്റെ
ആർഡർ ൨൧ റൂൾ ൬൬
വകുപ്പു്.
പെരുമ്പാവൂർ മുൻസിഫ്കോർട്ടിൽ
൧൧൧൩-മാണ്ട സി ൪൦-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൨-ൽ വിധിനടത്തു
ഹർജിനമ്പർ ൯൯

വാദി:—അശമന്നൂർ പകുതി പുന്നയം കരയിൽ തെക്കേപാലേലിവീട്ടിൽ നാരായണപിള്ള വേലായുധൻപിള്ള.

പ്രതി.—൨. കെ. കെ. ഗോപാലപിള്ള, വയലിൽപുത്തൻവീട്ട് കൊല്ലം പരവൂർ, ൪. മാവേലിക്കര ജില്ലാക്കോടതിക്കു സമീപം മാവേലിക്കര അസോഷ്യേറ്റഡ് ഇൻഷ്വറൻസ് ആന്റ ബാങ്കിങ്ങ് കമ്പനി കെട്ടിടത്തിൽ താമസം കമ്പനിമാനേജർ പരമേശ്വരൻപിള്ള ഗോപാലപിള്ള

ടി ൨-ാം ൪-ാം പ്രതികളെ
തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ടു മകരമാസം ൩൦-ാംനു-ക്ക അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട മകരമാസം ൯-ാംനു-

—o—

## പരസ്യം

കോട്ടയം ജില്ലാക്കോടതി 1 ബി.
122 അസൽ 46.

വാദി—നാട്ടകം പകുതിയിൽ ചിങ്ങവനംകരയിൽ കാളിശേരിൽ മാത്യു സ്കറിയ,

1-ാംപ്രതി—ടി കരയിൽ കാളിശേരിൽനിന്നും കോട്ടയം കോടിമത കരയിൽ കൊപ്രത്തുവീട്ടിൽ താമസം മാത്യു ഏബ്രഹാം.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ പ്രതിക്കു കോർട്ടിൽനിന്നും പല പ്രാവശ്യം സമൻസയച്ചതിലും കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ മേൽനമ്പ്ര വ്യവഹാരത്തെപ്പററി പ്രതിക്കു വല്ല തർക്കവും ഉണ്ടെങ്കിൽ അടുത്ത വിചാരണദിവസമായ 122-ാമാണ്ട മകരമാസം 30-ാംനു-പകൽ 11 മണിക്കു് പ്രതി നേരിട്ടോ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട അഡ്വക്കേററോ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
122 മകരം 14.

—o—

## പരസ്യനോട്ടീസ്

സിവിൽ നടപടിനിയമത്തിന്റെ
ആഡർ ൨൧—റൂൾ ൬൬.
കോട്ടയം ജില്ലാകോർട്ടിൽ
൧൧൪-ാമാണ്ട ൨൧-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൨-ൽ വിധിനടത്തു ഹർജി
നമ്പർ ൩൯൪.

വാദി—കിടങ്ങൂർപകുതിയിൽ ടി കരയിൽ തെക്കേമഠത്തിൽ സുബ്രഹ്മണ്യയ്യൻ സുബ്രഹ്മണ്യയ്യൻ.

പ്രതികൾ—൩. വിജയപുരം കൊങ്ങാണ്ടൂരുകരയിൽ ആലയ്ക്കൽ അവുസേപ്പ വർക്കി. ൧൬ തിരുവനന്തപുരം ചെങ്ങഴിശ്ശേരിപകുതിയിൽ ചെന്തിട്ട ഗ്രാമത്തിൽ താമസം കിടങ്ങൂർ അനന്തസുബ്രഹ്മണ്യയ്യൻ കൃഷ്ണയ്യൻ. ൧൭ ടിയിൽ താമസം അനന്തസുബ്രഹ്മണ്യയ്യൻ രാമയ്യൻ. ൧൮ ടിയിൽ താമസം അനന്തസുബ്രഹ്മണ്യയ്യൻ ശിവസുബ്രഹ്മണ്യയ്യൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു് വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-മാണ്ട മകരമാസം ൩൦-ാംനു-ക്കു് അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൨-ാമാണ്ട മകരമാസം ൪-ാംനു-

—o—

## പരസ്യം

മീനച്ചൽ മുൻസിഫ്കോർട്ടിൽ
൧൧൧൧ ൽ സിവിൽ ൨൨൭

വാദികൾ—കിടങ്ങൂർപകുതിയിൽ മാറിയിടംകരയിൽ പൂവത്തുംകൽ ചെറിയതു ചെറിയതു മു: പേർ ൨.

൪-ാം പ്രതി—കിടങ്ങൂർ പകുതിയിൽ മാറിയിടംകരയിൽ നീലപിചാക്കൻ തൊമ്മൻ ലൂയീസ്സ്.

ടി ൪-ാം പ്രതിയെ
തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ അന്യായസംഗതിക്കു ഉത്തരംപാവാനായി ൪-ാം പ്രതിക്കു സമൻഅയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ കേസു വീണ്ടും വിചാരണക്കായി ൧൧൨൨-ാമാണ്ട മകരമാസം ൩൦-ാംനു-ക്കഅവധിവച്ചിരിക്കുന്നതും അന്യായസംഗതിയിൽ പ്രതിക്കു ആക്ഷേപമോ തർക്കമോഉള്ളപക്ഷംവിചാരണത്തീയതി പകൽ ൧൧ മണിക്കു് ഈ കോടതിമുമ്പാകെ ഹാജരായിബോധിപ്പിച്ചുകൊള്ളേണ്ടതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്ഥാ (ഒപ്പ്)
മീനച്ചൽ ൧൪-൬-൧൧൨൨

—o—

## പരസ്യം

കുഴിത്തുറമുൻസിഫ്കോർട്ടിൽനിന്നും
ടി കോർട്ടിൽ ൧൨൨
സിവിൽ നമ്പർ ൩൪.

വാദി—പൈങ്കുളം പകുതിയിൽ കോട്ടതൽ ആഴാംകുളം ദേശത്തു് താഴ്ന്നവിളവീട്ടിൽ ഒക്കേച്ചൻനാടാർ ശാമിനാഥൻ നാടാർ.

പ്രതി—ആറദേശപ്പുറപകുതിയിൽ പാർത്ഥിവപുരം ദേശത്തു് വലിയഏരിക്കലബംഗ്ലാവിൽ കണക്കു് തിരുമുഖത്തു ചെമ്പകരാമൻ എന്ന സ്ഥാനപ്പേരുള്ള പരമേശ്വരൻപിള്ള തങ്കപ്പൻനായർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ അന്യായസംഗതിക്കു് ഉത്തരംപായാനായി ൧൨൨ മകരമാസം ൩൦-ാംനു- വിചാരണവച്ചിരിക്കുന്നു. അന്നുപകൽ ൧൧ മണിക്കകം പ്രതിയോ, അധികാരപ്പെടുത്തുന്ന വക്കീലോ, ഹാജരായി തർക്കം ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം, പ്രതിയെകൂടാതെ അന്യായസംഗതി തീർച്ചചെയ്യപ്പെടുമെന്നുള്ള വിവരം തെര്യപ്പെടുത്തുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്ഥാ (ഒപ്പ്)
൧൨൨ മകരമാസം ൩-ാംനു-

—o—

## പരസ്യം

തിരുവല്ലാ മുൻസിഫ്കോടതിയിൽ
൧൧൨൧—ൽ സി:നമ്പ്ര ൨൯

വാദി—എഴുമററൂ പകുതിയിൽ കൊററനാട്ടുമുറിയിൽ പല്ലുകടുത്തവീട്ടിൽ നാരായണക്കുറുപ്പു് കേശവക്കുറുപ്പു്.

കൂടതൽ ൨-ാംപ്രതി കല്ലുപ്പാറപകുതിയിൽ തുരുത്തിക്കാട്ടുമുറിയിൽ മരുതുകുന്നേലായ കരിമ്പേപ്പോണെ നൈനാൻ ഖഹനാൻ.

ഇറക്കിപണയത്ഥംകെട്ടിവച്ചു് വസ്തു ഒഴിപ്പിക്കുന്നതിനു് വാദി ബോധിപ്പിച്ചിട്ടുള്ള ഈ നമ്പ്ര കേസു് വിചാരണയ്ക്കായി ൧൧൨൨ കുംഭമാസം ൯-ാംനു-ക്കു് അവധിവച്ചിരിക്കുന്നതിനാൽ കൂടുതൽ ൨-ാം പ്രതിക്കു് ഈ കേസിൽ എന്തെങ്കിലും തർക്കംഉള്ളപക്ഷം ടി അവധിദിവസം പകൽ ൧൧ മണിക്കു് ൨-ാംപ്രതി നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലന്നാൽ ൨-ാംപ്രതിയെ കൂടാതെ കേസു് തീർച്ചചെയ്യുന്നതും ആണെന്നുള്ള വിവരം ഇതിനാൽ പരസ്യം ചെയ്യുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട് മകരം ൨-ാംനു-

—o—

## ലേലാനുവാദത്തിനുള്ള അപേക്ഷയെപ്പററി നോട്ടീസ്സ്.

സിവിൽ നടപടി നിയമത്തിന്റെ
291-ാംവകുപ്പ്.

—o—

പറവൂർ മുൻസിഫ്കോർട്ടിൽ
119-ാമാണ്ട 670-ാം നമ്പർ
ആദ്യവ്യവഹാരം
1121 ൽ വിധിനടത്തു അപേക്ഷ
നമ്പർ 696.

വാദി—കോട്ടുവള്ളിപകുതി കിഴക്കേപ്രംമുറിയിൽ പുക്കാട്ടുവീട്ടിൽ രാമൻശേഖരപിള്ള.

പ്രതികൾ—1. വടക്കേക്കരപകുതി മാച്ചാന്തുരുത്തു മുറിയിൽ വെളുത്തേടത്തുപറമ്പിൽ പാർക്കും കേളച്ചാമ്പുറവീട്ടിൽ ലക്ഷ്മികുഞ്ഞിപ്പിള്ളയമ്മ, 2. ടിയിൽ കുഞ്ഞിപ്പിള്ളയമ്മ ഭാരതിഅമ്മ. ൩. ടിയിൽ സാവിത്രിഅമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്രിൽ വിധിത്തുകക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിത്തുകയിൽ വകവച്ചു കൂടുതൽ സംഖ്യക്കു വിളികേൾക്കാൻ അനുവാദം കൊടുക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ 1122-ാമാണ്ട മകരമാസം 30-ാംനു- പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഉത്തരവും പ്രകാരം
ഹെഡ് ഗുമസ്തൻ (ഒപ്പ്)
1122-ാമാണ്ട മകരമാസം 15-ാംനു-

—o—

## പരസ്യം

—o—

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
൧൨൧-ൽ സിവിൽ നമ്പർ ൨൨൪

വാദി—ചങ്ങനാശേരിപകുതിയിൽ പുഴവാതു മുറിയിൽ കല്ലറക്കൽതാമസം പുല്ലാംകളത്തിൽ അവുസേപ്പ കുര്യൻ.

പ്രതി—വൈക്കം താലൂക്കിൽ ടി പകുതിയിൽ കരിപ്പത്തറവേലായുധൻ നാരായണൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരു അന്യായസംഗതിക്കു് പ്രതിക്കു സമനയച്ചതിൽ മടങ്ങിവന്നിട്ടുള്ളതും കേസു വീണ്ടും വിചാരണയ്ക്കായി ൧൨൨ മകരം ൩൦-ാംനു-ക്കു് അവധിവച്ചിരിക്കുന്നതിനാൽ പ്രതിക്കു തർക്കമുള്ളപക്ഷം ഈ കോടതിയിൽ അന്നേദിവസം പകൽ ൧൧ മണിക്കു് ഹാജരായി തർക്കം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം പ്രതിയെ കൂടാതെ തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)
൧൨൨ മകരം ൧൧-ാംനു-

—o—

## പ്രതിസമൻ

—o—

പറവൂർ മുൻസിഫ്കോർട്ടിൽ
117-ാമാണ്ട് സി-നമ്പ്ര-175.

വാദി:—പറവൂർ പകുതി പറവൂത്തറമുറിയിൽ കാക്കമാട്ടു പുത്തൻമഠത്തിൽ രാമസ്വാമിഅയ്യർ വിശ്വേശ്വരയ്യർ.

പ്രതികൾ:—1. വടക്കേക്കര പകുതി ചിററാട്ടുകര മുറിയിൽ ചങ്ങരഞ്ചേരിൽ പാർക്കും കളവമ്പാറ ഈഴം അച്ചുതൻ വേലായുധൻ.

3. ടിയിൽ അച്ചുതൻ രാമൻ.
5. ടിയിൽ അച്ചുതൻ ദാമോദരൻ.
6. ടിയിൽ അച്ചുതൻ മാധവൻ.
9. ടയിൽ അച്ചുതൻ മകൾ കാവു.
11. ടിയിൽ അച്ചുതൻ മകൾ ജാനകി

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

പാട്ടബാക്കിവക സംഖ്യയ്ക്കും പലിശയ്ക്കും ടി വാദി ബോധിപ്പിച്ചിട്ടുള്ള മേൽനമ്പ്ര വ്യവഹാരത്തിൽ ടി പ്രതികൾക്കു ഈ കോർട്ടിൽനിന്നും പല പ്രാവശ്യവും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ മേൽനമ്പ്ര കേസു് വിചാരണദിവസമായ 122-ാമാണ്ട് മകരമാസം 30-ാംനു- ബുധനാഴ്ച പകൽ 11 മണിക്കു ടി പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഈ കോടതിമുമ്പാകെ ഹാജരായി മേൽനമ്പ്ര വ്യവഹാരസംഗതിക്കു ഉത്തരം ബോധിപ്പിക്കേണ്ടതും, അപ്രകാരം ബോധിപ്പിക്കാത്തപക്ഷം ടി പ്രതികളെ കൂടാതെ മേൽ നമ്പ്ര വ്യവഹാരസംഗതി തീർച്ച ചെയ്യപ്പെടുന്നതും ആകുന്നു.

ഉത്തരവും പ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)
122-ാമാണ്ട മകരമാസം 19-ാംനു-

—o—

## പരസ്യം

സിവിൽ പലവക ഹർജി വിചാരണ
നിശ്ചയിച്ച തീയതിയെക്കുറിച്ചു്
മീനച്ചൽ മുൻസിഫ്കോടതിയിൽ
൧൧൨൦-ൽ സി നമ്പർ ൧൩൩

വാദി—പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം.

൩-ാംപ്രതി—മൂലംപകുതിയിൽ പയപ്പാട്ടുമുറിയിൽ കണ്ടത്തിൽ താമസിക്കും കുര്യൻ മറിയം.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പർ വിധിനടത്തുന്നതിനു ഉത്തരവുണ്ടാകണമെന്നു വാദി ബോധിപ്പിച്ചിരിക്കുന്ന ഹർജി ൧൧൨൨-ാമാണ്ട കുംഭമാസം ൧-ാംനു-ക്കവിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെകൂടാതെ ഹർജി തീർച്ചചെയ്യുന്നതുംആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട ധനുമാസം ൨൯-ാംനു-

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

ആർഡർ ൨൧ റൂൾ ൧൪

കൃഷ്ണപുരംമുൻസിഫ് കോർട്ടിൽ
മാവേലിക്കര മുൻസിഫ് കോർട്ടിൽ

൧൧൧൫ സിവിൽ ൬൯൧

തീറുകാരൻ—പുതുപ്പള്ളി പകുതിയിൽ പുതുപ്പള്ളി തെക്കുംമുറിയിൽ മണക്കാട്ടുവീട്ടിൽ പരമേശ്വരൻപിള്ള ശിവരാമപിള്ള

പ്രതികൾ—൧. കൃഷ്ണപുരംപകുതിയിൽ കൃഷ്ണപുരംമുറിയിൽ ഹേമപ്പുര മേക്കേവീട്ടിൽ ശങ്കരനാരായണപിള്ള ഗോപാലപിള്ള, ൨- ടിയിൽ ശങ്കരനാരായണപിള്ള വേലായുധൻപിള്ള ൩ ടിയിൽ ശങ്കരനാരായണപിള്ള ശങ്കരപ്പിള്ള, ൪. ടിയിൽനിന്നും ചേർത്തലപ്പകുതിയിൽ കിഴക്കുംമുറിയിൽ ലക്ഷ്മിപ്പാമ്പിൽനിന്നും മംഗലത്തുമഠത്തിൽ നാരായണിഅമ്മ കുഞ്ഞിക്കുട്ടിഅമ്മ, ൫ ടിയിൽ കുഞ്ഞിക്കുട്ടിയമ്മ ചെല്ലമ്മ, ൬ ടിയിൽ തങ്കമ്മ എന്നുവിളിക്കുന്ന കുഞ്ഞിക്കുട്ടിഅമ്മ പങ്കജാക്ഷിഅമ്മ

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

തീറുകാരനെ കൂടുതൽ വാദിയായി കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും തീറുകാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് ഇ. പി. പലവക ൮൩-ാംനമ്പർഹർജിസംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൧-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച ചെയ്യുന്നതുംആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട മകരമാസം ൧൬-ാംനു

—o—

## സിവിൽപലവകഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്ക് നോട്ടീസ്

—o—

കൃഷ്ണപുരംമുൻസിഫ് കോർട്ടിൽ.
ആർഡർ 21 റൂൾ 14

മാവേലിക്കരമുൻസിഫ് കോർട്ടിൽ
1115-ാമാണ്ട സിവിൽ 691

അസ്സൽവാദിയുടെ അവകാശികൾ കൃഷ്ണപുരംപകുതിയിൽ കാപ്പിൽ മേക്കുംമുറിയിൽ കൊച്ചുകളീക്കൽനിന്നും കൊച്ചുകരുമ്പോലിൽവീട്ടിൽ രാമൻപിള്ള ശങ്കരപ്പിള്ളമുതൽപേർ 5.

പ്രതികൾ—1. കൃഷ്ണപുരംപകുതിയിൽ ടി മുറിയിൽ ഹേമപ്പുരമേക്കേവീട്ടിൽനിന്നും ചേർത്തല കിഴക്കുംമുറിയിൽ ലക്ഷ്മിപറമ്പിൽനിന്നും മംഗലത്തുമഠത്തിൽ ശങ്കരനാരായണപിള്ളഗോപാലപിള്ള, 2 ടിയിൽ ശങ്കരനാരായണപിള്ളവേലായുധൻപിള്ള, 3 ടിയിൽ ശങ്കരനാരായണപിള്ളശങ്കരപ്പിള്ള, 4 ടിയിൽ നാരായണി അമ്മകുഞ്ഞിക്കുട്ടിഅമ്മ, 5 ടിയിൽ കുഞ്ഞിക്കുട്ടിഅമ്മചെല്ലമ്മ, 6 ടിയിൽ കുഞ്ഞിക്കുട്ടിഅമ്മ പങ്കജാക്ഷിഅമ്മ

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

അസ്സൽവാദിയുടെ അവകാശികളെ കൂടുതൽ വാദികളായി കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും അസ്സൽ വാദിയുടെ അവകാശികൾ ബോധിപ്പിച്ചിരിക്കുന്ന 1122-ാമാണ്ട ഇ. പി. 83-ാം നമ്പർ ഹർജി സംഗതി 1122-ാമാണ്ട കുംഭമാസം 1 ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ 12 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
1122-ാമാണ്ട മകരമാസം 16-ാംനു

—o—

## പരസ്യം

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
൧൨൦-ൽ സിവിൽ നമ്പർ ൭൦൮

വാദി—നീലംപേരൂർപള്ളി ഭഗവതി ദേവസ്വം ടി ക്കുവേണ്ടി മാനേജർ നീലംപേരൂർ പകുതിയിൽ ടി മുറിയിൽ നാന്തഞ്ചുവീട്ടിൽ നാരായണപ്പണിക്കർ പരമേശ്വരപ്പണിക്കർ.

Advocate N. Parameswaran Pillai

൬ ാംപ്രതി—പുളിംകുന്നു പകുതിയിൽ കാവാലം വടക്കുംഭാഗം മുറിയിൽ മുഞ്ഞനാട്ടു വീട്ടിൽ കൊച്ചുകുട്ടിയമ്മ ദേവകി അമ്മ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

മേൽനമ്പർ വിധിനടത്തുന്നതിനു വാദി ബോധിപ്പിച്ച ഹർജി സംബന്ധിച്ച് ടി പ്രതിക്കു പല പ്രാവശ്യം നോട്ടീസയച്ചതിൽ മടങ്ങിവന്നിട്ടുള്ളതിനാൽ വിധിനടത്തു സംബന്ധിച്ച് ടി പ്രതിക്കു എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അടുത്ത വിചാരണദിവസമായ ൧൧൨൨-ാമാണ്ട് കുംഭമാസം ൨-ാംനു പകൽ ൧൧ മണിക്കു പ്രതി നേരിട്ടോ വക്കീൽമുഖാന്തിരമോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെക്കൂടാതെ തീരുമാനിക്കുന്നതുമാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)
൧൧൨൨ മകരം ൧൫-ാംനു

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ
൧൧൪-ാമാണ്ട സി: ൫൩൪
൧൧൨—ൽ വിധിനടത്തുഅപേക്ഷ
നമ്പർ ൪൪൪

൩: വാദി—പാമ്പാടിപ്പകുതിയിൽ ളാക്കാട്ടൂർകരയിൽ കൊററമംഗലത്തു രാമൻനായർ നാരായണൻനായർ.

പ്രതി—൨. മീനച്ചൽപകുതിയിൽ വിളക്കുമാടംമുറിയിൽ കള്ളുവേലിലായ കൊണ്ടൂപ്പറമ്പിൽ ചാക്കോ അബ്രാഹം.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പർ ഡിക്രി വിധിനടത്താനനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മററും മേധവർവാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് സിവിൽ ഇ. പി. ൪൪൪ നമ്പർ ഹർജി സംഗതി ൧൧൨൨-ാമാണ്ട് കുംഭമാസം ൯ ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മാണ്ട് ധനുമാസം ൨-ാംനു

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് വിധിനടത്തിൽ എതൃകക്ഷിക്കു നോട്ടീസ്

തിരുവല്ലാം മുൻസിഫ് കോർട്ടിൽ
114-ാമാണ്ട സ്യൂട്ട്—269.

വാദി:—തിരുവിതാംകൂർ നാഷണൽ കായിലോൺ ബാങ്ക് ക്ലിപ്തം.

പ്രതി:—കാട്ടിപകുതിയിൽ ടി മുറിയിൽ പേരാത്തു തെക്കേതിൽ ചെറിയാൻ ഉതമാൻ.

പ്രതിയെ തെര്യപ്പെടുത്തുന്നത്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട് വിധിനടത്തു 243-ാം നമ്പർ ഹർജി സംഗതി 122-ാമാണ്ട് കുംഭമാസം 3-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയവക്കീലോഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
1122 മാണ്ട മകരമാസം 18-ാംനു

## സിവിൽ പലവകഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്.

കോട്ടയം ജില്ലാകോർട്ടിൽ I. B.
൧൨൧-ഡി-ആർ-പി. ൪-ാംനമ്പർ

വാദി—അകലക്കുന്നം പകുതിയിൽ ആനിക്കാട്ടുവടക്കുംഭാഗം കരയിൽ മൂഴിയിൽ പപ്പു നാരായണൻ.

എതൃഹർജിക്കാരൻ—കൂടുതൽ ൬. അകലക്കുന്നംപകുതിയിൽ ആനിക്കാട്ടുവടക്കുംഭാഗം കരയിൽ പുള്ളീററായ മാടപ്പള്ളി മററത്തിൽ മത്തായി ചാക്കോ

ടി എതൃഹർജിക്കാരനെ തെര്യപ്പെടുത്തുന്നത്.

മേൽ നമ്പരിൽ ഹർജിക്കാരൻെറ സ്വത്തിൽ മുക്കാൽ അംശംകൊണ്ട കടം തീർത്തു ബാക്കി നിർബാധമായി വിട്ടുകൊടുക്കാൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നുംമററും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ഹർജിസംഗതി 122-ാമാണ്ട് കുംഭമാസം 3-ാംനു വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കുകക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോഏജൻേറാഈകോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൨—൬—൯

—o—

## എതൃകക്ഷിക്കു നോട്ടീസ്

കോട്ടയം മുൻസിഫ് കോർട്ടിൽ
113-സ്യൂട്ട്-293

വാദി:—കുമ്മനം ടി കരയിൽ കല്ലൂത്ര മുശാവുകാൻ സെയ്തു മഹമ്മദ റാവുത്തർ

പ്രതി:—10. തിരുവല്ലാപകുതി ടി കരയിൽ പോളച്ചിറയ്ക്കൽ ആയ മാളികയിൽ നൈനാൻതരകൻ ഉമ്മൻതരകൻ.

ടി പ്രതിയെ തെര്യപെടുത്തുന്നത്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന 1122-ാമാണ്ട് സ്യൂട്ട് 102-നമ്പർ ഹർജി സംഗതി 1122 കുംഭമാസം 5-ാംതീയതിക്കു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
1122-കന്നിമാസം-22

—o—

## പരസ്യം

തിരുവല്ലാമുൻസിഫ് കോടതിമുമ്പാകെ
119 സി. 104

ഹർജിക്കാരൻ കൂടുതൽ രണ്ടാംവാദി—ചിറയ്ക്കൽതാലൂക്കിൽ ചെറുതാഴംഅംശം ദേശത്തു കൂലിയിൽ കാക്കാട്ടില്ലത്തു ശങ്കരൻകേശവൻനമ്പൂതിരി

എതൃഹർജിക്കാർ—2 മന്നാർപകുതിയിൽ കുട്ടമ്പേരൂർമുറിയിൽ പൂക്കൈതവേലൂർമഠത്തിൽ താമസം പാപ്പിഅമ്മകാളിഅമ്മ, 3 ടിയിൽ കേശവപിള്ളശങ്കരപ്പിള്ള, 4 ടിയിൽ കാളിയമ്മജാനകിഅമ്മ, 5 ടിയിൽ കാളിയമ്മഭാഗീരഥിഅമ്മ

മേൽ നമ്പരുകേസ്സിൽ കൂടുതൽ രണ്ടാം വാദിയായി കക്ഷിചേരുന്നതിനു ടി ഹർജിക്കാരൻ ബോധിപ്പിച്ചിരുന്ന ഹർജി പുനരായി സ്വീകരിച്ചു തീരുമാനമുണ്ടാക്കണമെന്നുകാണിച്ചു ബോധിപ്പിച്ചിട്ടുള്ള ഹർജിക്കു മേൽ വിവരിച്ച എതൃഹർജിക്കാർക്കു വല്ല ആക്ഷേപവും ബോധിപ്പിക്കാനുണ്ടെങ്കിൽ അതേസംബന്ധിച്ചു ഈ ആണ്ട കുംഭമാസം 5 ാംതീയതിയ്ക്കു വിചാരണയ്ക്കു വച്ചിരിക്കുന്നതും അന്നേദിവസംപകൽ 11 മണിക്കുമുമ്പായി എതൃഹർജിക്കാരോ എതൃഹർജിക്കാരാൽ അധികാരപ്പെടുത്തപ്പെട്ട ഏജൻേറാ ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലെന്നാൽ എതൃഹർജിക്കാരെ കൂടാതെ തീരുമാനിക്കുന്നതാണെന്നു തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

## പരസ്യം

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
൧൨൧ സി-൨൪൨.

വാദി—കരുനാഗപ്പള്ളി താലൂക്കിൽ പുതുപ്പള്ളി പകുതിയിൽ അഴീക്കൽ തുറയിൽ കാപത്തു് മൂത്ത കൊച്ചുകുഞ്ഞു പണിക്കൻ മുതൽപേർ. ൨. വക്കീൽ മിസ്റ്റർ ഏ. കെ. ഐസക്ക്.

പ്രതി—൨. കൊല്ലം തങ്കശ്ശേരിൽ പുത്തൻപള്ളിയിൽനിന്നും കൊല്ലം കാഞ്ഞിരകോട്ട ഇടവക പള്ളിയിൽ ജോലിയായി താമസിച്ചിരുന്ന ഇപ്പോൾ പുനലൂർ കത്തോലിക്കാപള്ളിയിൽ വികാരിയായിരിക്കുന്ന റവറൻഡ് ഫാദർ ബർണ്ണാഡ് ക്രൂസ്സ് അവർകൾ.

ടി നമ്പരിൽ ൨-ാംപ്രതിക്കു ഈ കേസിലേക്കു ഈ കോടതിയിൽനിന്നും പല പ്രാവശ്യവും നേരിട്ടു സമനയച്ചതിൽ ൨-ാംപ്രതി സമൻ ഒപ്പിടാതെ മനപ്പൂർവം സമൻ മടക്കി വരുന്നതുകൊണ്ട് ടി കേസ്സ് ൧൧൨൨ കുംഭം ൩-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് ഈ കോടതി മുമ്പാകെ ഹാജരായി തക്കം മുതലായതു ബോധിപ്പിച്ചു കൊള്ളണം അല്ലാത്തപക്ഷം ൨-ാംപ്രതിയെ എക്സ്പാർട്ടിചെയ്തു കേസ് അന്യായപ്രകാരം വിധിയുണ്ടാകുന്നതിനു ഇടവരുന്നതാണ്.

ഉത്തരവിൻ പ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨ മകരം ൯-ാംനു

—o—

## പ്രതിസമൻസ്

—o—

ഹരിപ്പാട്ടു മുൻസിഫ് കോർട്ടിൽ
1121 സി-377.

വാദി—ഹരിപ്പാട്ടു പകുതിയിൽ പിലാപ്പുഴ മുറിയിൽ നാരായണവിലാസം മഠത്തിൽ പിച്ചുഅയ്യർ സുബ്രഹ്മണ്യയ്യർ.

2-ാംപ്രതി ഓമല്ലൂർ പകുതിയിൽ പ്രക്കാനം മുറിയിൽ കുഴിമുറി തെക്കേതിൽ ഉമ്മൻ തോമസ്സ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽ നമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന വ്യവഹാരത്തിനു സമാധാനം ബോധിപ്പിക്കാനായി 1122 കുംഭം 5-ാം തീയതി പകൽ 11 മണിക്ക് പ്രതി നേരിട്ടോ മുറപ്രകാരം അധികാരപ്പെടുത്തിയ കോടതിവക്കീൽ മുഖാന്തിരമോ ഹാജരാകാത്തപക്ഷം പ്രതിയെ കൂടാതെ മേൽ നമ്പർ വ്യവഹാരം തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻ പ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്.)
1122 മകരം 12-ാം തീയതി.

—o—

## പരസ്യം

തിരുവല്ലാം മുൻസിഫ് കോടതിമുമ്പാകെ
൧൧൯-ൽ സിവിൽനമ്പ്ര ൧൦൪

ഹർജിക്കാരൻ കൂടുതൽ൨ ാംവാദി-ചിറക്കൽതാലൂക്കിൽ ചെറുതാഴം അംശം ദേശത്തു കൂലയിൽകാക്കാട്ടില്ലത്തു ശങ്കരൻ കേശവൻനമ്പൂതിരി.

എതൃഹർജിക്കാർ—൨. മന്നാർപകുതിയിൽ കുട്ടമ്പേരൂർമുറിയിൽ പൂക്കൈതവേലൂർമഠത്തിൽ താമസം പാപ്പിയമ്മ കാളിയമ്മ. ൩. ടിയിൽ കേശവപിള്ള ശങ്കരപ്പിള്ള. ൪. ടിയിൽ കാളിയമ്മ ജാനകിയമ്മ. ൫. ടിയിൽ കാളിയമ്മ ഭാഗീരഥിയമ്മ.

മേൽനമ്പരുകേസിൽ കൂടുതൽ ൨-ാംവാദിയായി കക്ഷി ചേരുന്നതിനു ടി ഹർജിക്കാരൻ ബോധിപ്പിച്ചിരുന്ന ഹർജിപുനരായിസ്വീകരിച്ചുതീരുമാനംഉണ്ടാകണമെന്നു കാണിച്ചു ബോധിപ്പിച്ചിട്ടുള്ള ഹർജിക്കു മേൽവിവരിച്ച എതൃഹർജിക്കാർക്കു വല്ല ആക്ഷേപവും ബോധിപ്പിക്കാനുണ്ടെങ്കിൽ അതേസംബന്ധിച്ചു ഈ ആണ്ട് കുംഭമാസം ൫-ാംനുക്ക് വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്കു മുമ്പായി എതൃഹർജിക്കാരോ എതൃഹർജിക്കാരാൽ അധികാരപ്പെടുത്തപ്പെട്ട ഏജൻേറാ ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലെന്നാൽ എതൃഹർജിക്കാരെ കൂടാതെ തീരുമാനിക്കുന്നതാണെന്നും തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

—o—

ഗ്രന്ഥവിഹാരം.

## വിശ്വമോഹിനി

ഒരു ഗദ്യനാടകം
ഗ്രന്ഥകർത്താ
കുമുകറ നാരായണക്കുറുപ്പ് ബി. ഏ.
ശ്രീവിലാസം പ്രസിദ്ധീകരണം
വില രൂപാ ൨

മലയാളത്തിൽ ഒരു ഫിലിം കമ്പനി സംഘടിപ്പിക്കുന്നതിനുള്ള ഗ്രന്ഥകർത്താവിന്റെ സ്വന്തവും സ്വതന്ത്രവുമായ ഭാവനയിൽനിന്നു അവതരിച്ചിട്ടുള്ളതാണ് വിശ്വമോഹിനി. ആ മഹത്തായ ഉദ്ദേശത്തിന്റെ നിർവ്വഹണസന്ധി നാടകീയമായ ലക്ഷണപൂർത്തിയെ രസാത്മകമായ വിധം സാധന ചെയ്യുന്നു. എന്നാൽ ആ പ്രസ്ഥാനം വിജയം ദർശിക്കുന്നില്ല. എന്നുതന്നെയല്ല, പ്രതികൂലതകളെ എതിർത്തു നില്ക്കാൻ കഴിയാതെ വിധിവശമായ ആ സരസ്വതീപ്രവാഹം അകാലത്തിൽ ശോകാത്മകമായ മരണത്തിൽ വിലയം പ്രാപിച്ചു കഥാവശേഷയാകുന്നു. നാടക കഥാഘടനയിൽ ഒരു അന്തർനാടകം കൂടി അഭിസന്ധി ചെയ്യേണ്ട ശ്രമാവഹമായ കൃത്യം ഗ്രന്ഥകാരനിൽ വന്നുകൂടുന്നു. ഇതു മലയാളനാടകങ്ങളിൽനിന്നും വിശ്വമോഹിനിയെ തികച്ചും വിശേഷതപ്പെടുത്തുന്ന ഒരു ഘടനാവിശേഷമാണ്. അതിൽ അഭിനന്ദനീയമായ ആദ്യസ്ഥാനത്തിനവകാശം ശ്രീ: കുറുപ്പ് ഈ ഗ്രന്ഥത്തിൽ നേടിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ നന്മയോടു തിന്മ പൊരുതുന്നു എന്നുള്ള ഇന്നത്തെ നമ്മുടെ ഗദ്യനാടകങ്ങൾ തരുന്ന സന്ദേശംതന്നെ ഇതും ആവർത്തിക്കപ്പെടുന്നു. ക്രൂരതയും സ്വാർത്ഥതയും മൃഗീയ വികാരവും ഒരു ഭാഗത്തും കലാരസികതയും സദാചാരനിഷ്ഠയും ആദർശപ്രേമവും മറുഭാഗത്തും ആയിനിന്നു് ഇങ്ങനെ ലോകാരംഭം മുതൽക്കേ നടന്നുവരുന്ന ആ വൻപിച്ച പോരാട്ടം അതിൽ കവിഞ്ഞൊന്നും നമ്മുടെ സങ്കല്പത്തിൽ വരുന്നില്ലെങ്കിൽ ആ ന്യൂനത മി: കുറുപ്പിന്റെ ഗ്രന്ഥത്തെയും ഒഴിവാക്കി നിറുത്തുന്നില്ലെന്നു തന്നെ പറയണം. കഥാനായികയുടെ ചാരിത്രം കരുതി കൊടുത്ത കഥാഗതിയിലും ഒരു മന്മഥൻ നായരെ അരിക്കാനാക്കി അച്ചിലിട്ടു വാർത്തപോലെ സൃഷ്ടിച്ചിരിക്കുന്നതിലും അച്ചടി അക്ഷരത്തിലുള്ള അയാളുടെ സംഭാഷണത്തിലും ഗ്രന്ഥകാരനെ അനുമോദിക്കുവാൻ വകകാണുന്നില്ല. കലാകാരന്മാരുടെ ഏകതാനമായ ജീവിതഗതിയും വിവിധ താല്പര്യങ്ങളുൾക്കൊള്ളുന്ന ഇന്നത്തെ ലോകസ്ഥിതിയും തമ്മിൽ പൊരുത്തപ്പെടാതെ കലാപ്രണയി ദയനീയമായ പരാജയത്തിലും ആശയുടഞ്ഞ അവസാനത്തിലും ചെന്നെത്തുന്നതു് അത്രമാത്രം ഹൃദയാവർജ്ജകമായ രീതിയിൽ കഥാനായകനിൽ പ്രതിഫലിപ്പിച്ചു കിട്ടുന്നു. കണ്ണുനീർക്കടലിൽ പൊന്തിവന്ന ഒരു നീർപ്പോള, അതിന്റെ ക്ഷണികമായ ജീവിതത്തിനിടയിൽ, പ്രകൃതിയുടെ ലോകസമ്മോഹനമായ ഭാവം പ്രതിബിംബിച്ചു പുതുവെൺകതിർമുത്തായി നിന്നു പ്രശോഭിക്കുമ്പോൾ, തരംഗതാലോലമേറി വിശ്രമിക്കുമ്പോൾ, അതിന്റെ ഭാഗ്യമഹിമാവിൽ അസൂയകൊള്ളുന്ന ലോകം, അടുത്ത ക്ഷണത്തിൽ അതിന്റെ ദുരവസാനഗതി കണ്ടു് നെടുവീർപ്പിടാൻകൂടി സന്നദ്ധനായിക്കൊള്ളണം എന്നു കഥാനായിക രാധയെക്കൊണ്ടു് പ്രപഞ്ചരഹസ്യത്തെ ഉദ്ഘാടനം ചെയ്യിക്കുന്നതിലും ഗ്രന്ഥകർത്താവു് വിജയിയായിട്ടുണ്ടു്.

നാടകരചനയിൽ അത്യന്തം ദുഷ്കരമായ ഒന്നു് കഥാപാത്രങ്ങളെക്കൊണ്ടു ചെയ്യിക്കേണ്ടിയിരിക്കുന്ന സംഭാഷണമാണ്. വിശ്വമോഹിനിയിലെ സംഭാഷണങ്ങൾ ഔചിത്യബോധംകൊണ്ടു് സുശ്രാവ്യമായി തന്നെ അനുഭവപ്പെടുന്നു. ഹാസ്യം ആഭാസമായോ ശൃംഗാരം അശ്ലീലമായോ ഇതിൽ ഒരിടത്തും നിറം കെടുന്നില്ല. സരസതയും വികാരതീവ്രതയും ഉൾക്കൊള്ളുന്ന പ്രഭാഷണങ്ങൾ നവോന്മേഷം പ്രദാനം ചെയ്യത്തക്കവിധം ഇതിലുണ്ട്. വിശ്വമോഹിനിയിലെ ലീല സ്വാഭാവികതയുടെ ഉള്ളംകരുന്നായി ഗ്രന്ഥകാരന്റെ ഭാവനയുടെ ഭാവിവൈഭവത്തെ സുരഭീകൃതാംശമാക്കി പ്രകാശിപ്പിക്കുന്നു. വ്യായാമപരിപുഷ്ടമല്ലാത്ത ശരീരത്തിൽ മേദസ്സു് മുല്ലയലങ്ങളെനം അഴകിനു ഹാനിയെ ചെയ്തില്ലെങ്കിലും, ചിലരിൽ അഴകു കൂട്ടിയേക്കാമെങ്കിലും, പൊതുവേ ലാഘവക്കു

## കുസുമങ്ങൾ

ഗ്രന്ഥകർത്താ
പെരുന്ന വാസുദേവൻനായർ ബി. എ.
വില ഒരു രൂപാ.

൧൦ ചെറുകഥകൾ, ഗ്രന്ഥകർത്താവിന്റെ പ്രസ്താവന പകർത്തുകയാണെങ്കിൽ ൧൦ സ്വതന്ത്രചിത്രങ്ങളാണ് ഇതിലെ പ്രതിപാദ്യം. ഈ കഥകളെല്ലാംതന്നെ പ്രസിദ്ധീകരണദശയിൽപെട്ടിട്ടുള്ളതും, ഇപ്പോൾ പുസ്തകരൂപം കൈക്കൊണ്ടിട്ടുള്ളതുമാണ്. 'യുവഹൃദയത്തിന്റെ ചോരചുടുപിടിപ്പിക്കുന്നതിനു തികച്ചും പര്യാപ്തമായ' ആകൃതിയും അതിനൊത്ത മോടിയും അസ്വാധീനതയും പ്രേക്ഷകർക്കു തോന്നിപ്പിക്കാറുള്ളതുപോലെ ഒരു സ്ഥിതി ഈ കഥാഗാത്രത്തിലും സംഭവിച്ചുപോയിട്ടുണ്ട്. കലാപരമായ ശിക്ഷണബോധം കൊണ്ടു മാത്രമായില്ല, ക്രമാനുഗതമായ അഭ്യാസത്താൽ മാത്രമേ ആകാരസൗഷ്ഠവം സമ്പ്രാപ്തമാകുകയുള്ളു. ശ്രീമാൻ കുറുപ്പിന്റെ ഈ പരിശ്രമനിലയെ അദ്ദേഹത്തിനു സ്വാഗതമരുളാൻ നിൽക്കുന്ന വിശ്വമോഹിനിയായ യശസ്സിന്റെ വിസ്മരസുരഭിലത നമുക്കനുഭവപ്പെടുത്തുന്നു. അതുകൊണ്ടദ്ദേഹത്തിനു വിജയം ആശംസിക്കുവാനും നമുക്കുത്സാഹം തോന്നുന്നു.

സി. എം. പി.

(കുസുമങ്ങൾ:) സ്വംകൂട്ടിയിട്ടുള്ള നോമ്പസിന്റെ കാമലേഖനത്തിലെ അർത്ഥമില്ലാത്ത വരകളിൽച്ചുറ്റിത്തിരിഞ്ഞു കൂട്ടിമുട്ടുന്ന യുവാക്കന്മാർ, ജീവിതത്തിൽ മുന്തിരിച്ചാറുനിറയ്ക്കുന്ന നവയൌവനത്തിൽ അതു രഹസ്യമായി പകർന്നുകൊടുത്തിട്ടു ജീവിതമവധി അതിനെ പിന്നീടു കണ്ണീർകൊണ്ടു നിറയ്ക്കേണ്ടിവന്ന ലേഡീഡാക്ടർ, പ്രേമത്തിന്റെ കേളീത്തരിപ്പിൽ വീട്ടുവിട്ടോടികോടിപ്പെട്ടുകാലന്തർപൂകുന്ന കാളേജുവിദ്യാർത്ഥിനി തുടങ്ങിയ ഇതിലെ പല കഥകളും പ്രേമസാഫല്യത്തെയല്ല മറുപുറം ചുടലപ്പറമ്പെന്ന വിഷാദാത്മകരീതിയെതന്നെ തുടർന്നുപോകുന്നു. ഖദർസാരി, എന്ന കഥ പ്രേമദേവതയ്ക്കു് അർച്ചിക്കുന്ന ഒരു കുസുമമാകുന്നില്ല. മല്ലപ്പുമണമേറ്റുകിടക്കുന്ന കല്ലുപോലെ ൧൦ പ്രേമകുസുമങ്ങളിലെ ഒരു നേരിയ സുഗന്ധം മാത്രമേ അതിൽ വ്യാപരിക്കുന്നുള്ളു. അതുപോലെ വന്ധ്യകൾ എന്ന കഥയും പ്രേമവാടിയിൽ വിടർന്നതല്ല. ആ കഥകൊണ്ടു ചില വികടയോഗികൾമൂലം സംഭവിക്കുന്ന അപകടം കുറിക്കണമെന്നു കാഥികൻ ഉദ്ദേശിക്കുന്നു. അത്താം കിംവദന്തികൾകേട്ടു തഴമ്പിച്ചിട്ടുള്ള അനുവാചകനു് അതിൽ രസംതോന്നാൻ വകയില്ല. ശ്രീ: കെ. രാമകൃഷ്ണപിള്ളയുടെ കമണ്ഡലുവിൽനിന്നും ഈ കഥാസാരം ഇതിനുമുൻപുതന്നെ വാർന്നൊഴുകിയിട്ടുമുണ്ടു്. പ്രത്യാശ ക്ഷണനക്കത്തു് എന്നീ കഥാരചനസന്ദർഭങ്ങളിൽ ഗ്രന്ഥകാരന്റെ മസ്തിഷ്കം അല്പം വ്യയം ചെയ്യേണ്ടിവന്നിട്ടുണ്ടെന്നുതന്നെ പറയണം. ആസ്വാദ്യമായ രസപ്രതീതിയും അനുഭവൈകവേദ്യമായ വികാരസ്ഫുരണവും അക്ലിഷ്ടസുന്ദരമായ രചനയും അതിൽ അനുവാചകനു് അഭിമുഖീകരിക്കാൻ സാധിക്കും.

'നല്ല ശിക്ഷകഴിച്ചോർക്കില്ല വിശ്വാസമാത്മനി' എന്ന സത്യവാങ്മൂലത്തിനു സംഗതിവരുത്തിയിട്ടുള്ളതാണ് സാഹിത്യം. ഗ്രന്ഥകർത്താവു് തന്റെ പ്രഥമപരിശ്രമത്തിൽ തെറ്റുകൾ ഉണ്ടെന്നു വിനീതപൂർവ്വം സമ്മതിക്കയുംചെയ്യുന്നു. എന്നാൽ അതിനെ ചൂണ്ടിക്കാട്ടിത്തന്നു് ആ അബദ്ധത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കണമെന്ന സന്മനോഭാവം പ്രദർശിപ്പിക്കുന്നുമില്ല. ആ നിലയ്ക്കു് അങ്ങനെ ഒരു മിനക്കെട്ടവേലയ്ക്കു് ഏല്പെടാനും പോകുന്നില്ല. സാഹിത്യത്തിൽ ഉത്തിഷ്ഠമാനനായി തീരുവാൻ ഈ യുവഹൃത്താഗ്രഹിക്കുന്നുവെങ്കിൽ, ആ പ്രസ്താവനകൊണ്ടു് അങ്ങനെതന്നെ ഊഹിക്കണം, പദാർത്ഥങ്ങളെസംബന്ധിച്ച സനിഷ്കർഷമായ വിവേചനം അനുപേക്ഷണീയമാണെന്നകാര്യം വിസ്മരിക്കരുതു്. ആ അനുസ്മരിപ്പിക്കലോടുകൂടി അദ്ദേഹത്തിന്റെ ഭാവിയിലെ ശോഭനീയതദർശിക്കുവാനാഗ്രഹിക്കുന്നു.

സി. എം. പി.

# റബ്ബർ കർഷകരുടെ ശ്രദ്ധയ്ക്കു്

ഇന്ത്യാഗവർമ്മെന്റിന്റെ വ്യവസായ—വിഭവവകുപ്പു് 1947- ഫെബ്രുവരി 1-ാംനു- ബഹുമാനപ്പെട്ട സി. രാജഗോപാലാചാരിയുടെ അദ്ധ്യക്ഷതയിൽ ന്യൂഡൽഹിയിൽ വിളിച്ചുകൂട്ടിയ കോൺഫറൻസിലെ ആലോചനകളുടെ ഫലമായി ഗ്രൂപ്പ് ഒന്നാംനമ്പർ റബ്ബർ ഷീറ്റിന്റെ വില F. O. B. കൊച്ചിൻ റാത്തൽ ഒന്നിനു് 78 സെൻറായി തൽക്കാലത്തേക്കു് ക്ലിപ്തപ്പെടുത്തുന്നതിനും, കേന്ദ്രനിയമസഭയിൽ അവതരിപ്പിച്ച റബ്ബർബിൽ നടപ്പിലാകുന്നതുവരെ ഈ വില നിരക്കു തുടർന്നുകൊണ്ടു പോകുന്നതിനും റബ്ബർ കർഷകരുടെയും റബ്ബർ സാധന നിർമ്മാണവ്യവസായികളുടെയും പ്രതിനിധികൾ പരസ്പരം സമ്മതിച്ചിരിക്കുന്നു.

റബ്ബർ കർഷകർക്കു വിവിധതരം റബ്ബറുകൾക്കു് താഴെ കാണിക്കുന്ന വില നിരക്കുകൾ (F. O. B. കൊച്ചിൻ) ലഭിക്കുവാൻ അർഹതയുണ്ടു്:

| | | | | | |
|---|---|---|---|---|---|
| ആർ. എം. ഏ. | ഗ്രൂപ്പ് നമ്പർ | I | രൂപാ 78/- | 100 റാത്തലിനു് | F. O. B. Cochin |
| ,, | ,, | II | 77/10 | ,, | ,, |
| ,, | ,, | III | 75/3 | ,, | ,, |
| ,, | ,, | V | 73/7 | ,, | ,, |
| ,, | ,, | VI | 67/ | ,, | ,, |
| ,, | ,, | VII | 62/2 | ,, | ,, |

(ആർ. എം. ഏ. ഗ്രൂപ്പ് നമ്പർ IV വൻതോതിൽ ഉല്പാദിപ്പിക്കാത്തതുകൊണ്ടും, ഇവയ്ക്കു് ന്യായമായ വിലയ്ക്കു ആവശ്യക്കാർ ഉള്ളതുകൊണ്ടും, ഇവയുടെ വില ക്ലിപ്തപ്പെടുത്താതെ കർഷകരുടെയും വ്യവസായികളുടെയും തീരുമാനത്തിനായി വിടുകയാണ് ചെയ്തിരിക്കുന്നതു്.)

മുകളിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള കാലഘട്ടത്തിലേക്കു മേൽ കൊടുത്തിട്ടുള്ള വിലകൾ ലഭിക്കുന്നതിനു റബർകർഷകർക്കു് അർഹതയുണ്ടെന്നും, വ്യാപാരികൾക്കും വ്യവസായികൾക്കും ഈ തോതനുസരിച്ചുള്ള നിരക്കിൽ താഴ്ന്നവിലയ്ക്കു റബർവിൽക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കുകയില്ലെന്നും റബ്ബർ കർഷകരെ അറിയിച്ചുകൊള്ളുന്നു. റബറിന്റെ വിലയിടിവുമൂലം റബ്ബർ കർഷകർക്കു നേരിട്ട ഗുരുതരമായ പ്രയാസങ്ങളും വിഷമതകളും അഖിലേന്ത്യാ റബർ കർഷകസംഘം ഇന്ത്യാഗവർമ്മെന്റിന്റെ സമക്ഷം പല മെമ്മോറാണ്ഡങ്ങളും സമർപ്പിക്കേണ്ടതായി വന്നു. തൽഫലമായി മുൻപ്രസ്താവിച്ച കോൺഫ്റൻസ ഗവർമ്മെൻറു വിളിച്ചുകൂട്ടുകയാണുണ്ടായതു്. ഈ വിധമുള്ള ദുർഘടസന്ധികളെയും വിപത്തുകളേയും ഭാവിയിൽ വിജയകരമായി നേരിടുവാൻ റബ്ബർ കർഷകർക്കു അവരുടെ സംഘടിതപരിശ്രമം മൂലമേ സാധിക്കുകയുള്ളു. ഈ വിധം പ്രയാസങ്ങളെ സംഘടിച്ചു് വിജയകരമായി നേരിടുവാൻ വേണ്ടി കഴിയുന്നത്ര വേഗം അഖിലേന്ത്യാ റബർകർഷകസംഘത്തിലെ അംഗമായി സദയം ചേരണമെന്നു നിങ്ങളോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഫെബ്രുവരി 1-ാംനു- മുതൽ മെമ്പർഷിപ്പ്ഫീസ് ഏക്കർഒന്നിനു ഒരണയായി കുറച്ചിരിക്കുന്നു. അംഗമായി ചേരുന്നതിനുള്ള അപേക്ഷാഫാറം ആവശ്യാനുസരണം അയച്ചുതരുന്നതാണ്.

നിങ്ങളുടെ സഹകരണം ഈ കാര്യത്തിൽ ലഭിക്കുമെന്നാശിക്കുന്നു.

എ. വി. ജോർജ്ജ്, സെക്രട്ടറി,
അഖിലേന്ത്യാ റബ്ബർകർഷക സംഘം കോട്ടയം.

കോട്ടയം
8—2—47.

A.A.

# ഫ്യുവൽ വൈഷമ്യം

—o—

## ഗ്രേററ്ബ്രിട്ടനിൽ

—o—

### വ്യവസായശാലകൾക്കുള്ള ഇലക്ട്രിക്ക സപ്ലൈ കറയും

ലണ്ടൻ, ഫെ: 8-ഇപ്പോഴത്തെ ഫ്യുവൽ (കല്ക്കരി തുടങ്ങിയ ഇന്ധനവസ്തുക്കൾ) വൈഷമ്യത്തെ അഭിമുഖീകരിക്കുന്നതിനായി ആട്ടത്തയാഴ്ചയിൽ വ്യവസായശാലകൾക്കുള്ള ഇലക്ട്രിക്സപ്ലൈ നിശ്ശേഷം നിൎത്തലാക്കുന്നതാണെന്ന് ഇന്നലെ രാത്രിയിൽ പാർലമെൻററിൽ പ്രസ്താവനയുണ്ടായി. വീട്ടുകളിലേക്കുള്ള സപ്ലൈയും കുറയ്ക്കുന്നതാണ് എന്ന് റായിട്ടരുടെ പ്രത്യേകലേഖകൻ എഴുതുന്നു. ഈ നടപടി അനേകലക്ഷം വേലക്കാരെ പ്രതികൂലമായി ബാധിക്കുന്നതാണ്. നീണ്ടുനില്ക്കുന്ന അധികഠിനമായ തണുപ്പ്, ബ്രിട്ടീഷ്ഖനികളിൽനിന്നുള്ള കല്ക്കരിയുടെ കുറവ് എന്നിവയാണ് ഈ ഇലക്ട്രിക്ക് സപ്ലൈ വൈഷമ്യമുളവാക്കിയിരിക്കുന്നത്. യുദ്ധകാലത്തു യുദ്ധയത്നത്തെ ബാധിച്ചിരുന്ന പല വിഷമസന്ധികളെയും ഇതു് അതിശയിക്കുന്നു. കയററുമതിയ്ക്കുള്ള സാധനങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന അനേകം ഫാക്ടറികളിലെ പ്രവൎത്തനം തല്ക്കാലത്തേയ്ക്കു സ്തംഭിക്കുന്നതാണ്. ഖനികളിലെ കൽക്കരി ഉല്പാദനം ൪൦ ശതമാനം കുറഞ്ഞിരിക്കയാണെന്നുള്ളതിനപുറമേ മഞ്ഞുനിമിത്തം ടാൻസ്പോർട്ടും വിഘ്നപ്പെട്ടുകൊണ്ടിരിക്കയാണ്. ലേബർഗവൺമെൻറിന്റെ അന്തസ്സും നിലവീണ്ടെടുക്കവാനുള്ള രാജ്യത്തിന്റെ യത്നവും ഒന്നുപോലെ അപകടാവസ്ഥയിലെത്തിയിരിക്കുന്നതായി വൎണ്ണിക്കപ്പെടുന്നു.

### ബി. ബി. സി. പ്രോഗ്രാം കുറവു ചെയ്യുന്നു

ഫ്യുവൽ ക്ഷാമംമൂലമുള്ള സംഭവവികാസങ്ങളിൽ ഒന്ന് ഇന്നു മുതൽ ബി. ബി. സി. അതിൻെറ ഹോം പ്രോഗ്രാമി (ബ്രിട്ടനുള്ള പ്രോഗ്രാം) ൽ രണ്ടെണ്ണം ഒരു മണിക്കൂറായി കുറയ്ക്കുന്നുവെന്നുള്ളതാണ്. കാലത്തും ഉച്ചതിരിഞ്ഞുമുള്ള ടാൻസ്മിഷൻ റദ്ദാക്കുന്നതാണ്. അനേകം തിയേററുകളിൽ മാററിനികളും റദ്ദാക്കേണ്ടിവന്നേയ്ക്കും.

# കാൺഗ്രസ്സ് പ്ര: സമിതി

—o—

## മാർച്ച് ൫-ാംനു- സമ്മേളിക്കും

ന്യൂഡെൽഹി ഫെബ്രുവരി ൯—കാൺഗ്രസ്സ്പ്രവൎത്തകസമിതി മാർച്ച് ൫-ാം തീയതിയും തുടൎന്നുള്ള ദിവസങ്ങളിലും ന്യൂഡൽഹിയിൽ സമ്മേളിക്കുന്നതാണെന്നു കാൺഗ്രസ്സു ജനറൽസെക്രട്ടറി വിജ്ഞാപനംചെയ്തിരിക്കുന്നു. (എ. പി)

—o—

## പാലസ്റ്റൈനിൽനിന്നു പിന്മാറണം

—o—

ലണ്ടൻ, ഫെബ്ര: 8—ബ്രിട്ടീഷ് ഇൻഡിപെൻഡൻറ് ലേബർകക്ഷി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഗവൺമെൻറ് അതിൻെറ മാൻഡേററ് ഉപേക്ഷിച്ച് പാലസ്റ്റൈനിൽനിന്നു പട്ടാളത്തെയും അധികാരവും പിൻവലിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### അറബികളുടെ അസംതൃപ്തി

പാലസ്റ്റൈനുള്ള ബ്രിട്ടൻെറ പുതിയ പദ്ധതി അറബികൾ നിരസിച്ചേക്കുമെന്നുള്ളതിനു സൂചനയുണ്ട്. തിങ്കളാഴ്ച ബ്രിട്ടനെ ഏല്പിക്കാൻ അറബിലീഗ് ഒരു കുറിപ്പു തയ്യാറാക്കിവരുന്നു.

—o—

## ഷിൻവെലിനെ മാററണമെന്നു് ലിബറൽകക്ഷി

അടിയന്തിരമായ ററ്റിക്കാഴ്ചയിൽ ഉപദേശകന്മാരുടെ സഹകരിക്കാത്തപക്ഷം പത്തു ദിവസത്തിനകം പരിപൂൎണ്ണമായ നാശത്തിൽ രാജ്യം എത്തിച്ചേരുമെന്നു താക്കീതുചെയ്ത ഫ്യുവൽ ആൻറു പവർ വകുപ്പുമന്ത്രിയായ മി. ഇമ്മാനുവൽ ഷിൻവെലിനെ ആ ഉദ്യോഗത്തിൽനിന്നു നീക്കംചെയ്യണമെന്നു് ലിബറൽകക്ഷിയംഗങ്ങൾ പാസ്സാക്കിയ ഒരു പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

—o—

# ഭോപാൽ-നെഹ്റു സംയുക്തപ്രസ്താവന

## "ചൎച്ചകൾ സൗഹാൎദ്ദപരവും സംതൃപ്തികരവുമായിരുന്നു"

### നെഗോഷ്യേററിംഗ്കമ്മിററികളുടെ സംയുക്തയോഗം—സീററുവിതരണനിർദ്ദേശങ്ങളും പ്രാതിനിധ്യരീതിയും മാർച്ച് 1-ന് കൂടുന്ന അടുത്ത സംയുക്തയോഗത്തിൽ ആലോചിക്കപ്പെടും

(എ. പി. ഐ.)

ന്യൂഡൽഹി, ഫെ: ൯—നരേന്ദ്രമണ്ഡലം ചാൻസലറായ ഭോപാൽ നവാബും പണ്ഡിത ജവഹരിലാൽ നെഹ്റുവും ചേൎന്നു താഴെക്കാണുന്ന സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

നരേന്ദ്രമണ്ഡലം ഏൎപ്പെടുത്തിയ നാട്ടുരാജ്യനെഗോഷ്യേററിംഗ് കമ്മിററിയും കാൺസംബ്ലിയുടെനെഗോഷ്യേററിംഗ് കമ്മിററിയും ഇന്നലെയും ഇന്നും സംയുക്തയോഗങ്ങൾ നടത്തി. ചൎച്ചകൾക്കിടയിൽ, മന്ത്രിസഭാമിഷൻെറ മേ: ൧൬-ാംതീയതിയിലെ പ്രസ്താവന കാൺസംബ്ലിയുടെ പ്രമേയം, നാട്ടുവാഴികളുടെ കാൺഫറൻസു പാസ്സാക്കിയ പ്രമേയങ്ങൾ എന്നിവയെപ്പററി പരാമൎശനം നടന്നു. ചർച്ചകൾ സൗഹാൎദ്ദപരവും സംതൃപ്തികരവുമായിരുന്നു. കാൺസംബ്ലിയിലെ നാട്ടുരാജ്യപ്രാതിനിധ്യമെന്ന പ്രശ്നം ആലോചനയ്ക്കെടുക്കുവാൻ പൊതുവെ യോജിച്ച ഒരു അധിഷ്ഠാനത്തിൽ തീരുമാനിച്ചു. അതനുസരിച്ചു കാൺസംബ്ലിയുടേയും നരേന്ദ്രമണ്ഡലത്തിൻെറയും സെക്രട്ടേറിയററുകൾ ഒന്നിച്ചു നാട്ടുരാജ്യങ്ങൾക്കുള്ള ൯൩ സീററുകൾ പകുത്തുകൊടുക്കുന്നതിനുള്ള വിശദനിർദ്ദേശങ്ങൾ രൂപീകരിക്കുവാൻ അവയോടു ആവശ്യപ്പെടുകയുണ്ടായി. രണ്ടു് നെഗോഷ്യേററിംഗ് കമ്മിററയുടെയും അടുത്ത സംയുക്തയോഗത്തിൽ ഈ നിർദ്ദേശങ്ങൾ പൎയ്യാലോചനയ്ക്കു സമർപ്പിക്കേണ്ടതാണ്. സ്ഥാനങ്ങൾ വീതിക്കുന്ന കാൎയ്യവും നാട്ടുരാജ്യപ്രതിനിധികളെ നിശ്ചയിക്കേണ്ട രീതിയും ആ സംയുക്തയോഗം ആലോചിക്കുന്നതാണ്. അടുത്ത സംയുക്തയോഗം മാർച്ച് ൧-ാംനു-യായിരിക്കും.

#### യോഗവിവരങ്ങൾ

രാജാക്കന്മാരുടെയും കാൺസംബ്ലിയുടെയും 'നെഗോഷ്യേററിംഗ്കമ്മിററികൾ നടത്തിയ യോഗങ്ങൾ ഇന്നു സമാപിച്ചു. ഇന്നുകാലത്തെ യോഗത്തിൽ യോജിച്ചുള്ള ഒരു താല്ക്കാലികപ്രവൎത്തനപദ്ധതിയിൽ കമ്മിററികൾ എത്തിച്ചേൎന്നതായി അറിയുന്നു. നാട്ടുരാജ്യപ്രതിനിധികൾ മന്ത്രിസഭാമിഷൻ പദ്ധതിയുടെ അധിഷ്ഠാനത്തിൽ പുറപ്പെടുവിക്കുന്ന അവകാശവാദങ്ങളുടെ സാരാംശം സമ്മതിക്കപ്പെടുന്നതായിട്ടാണറിയുന്നതു്. മേ ൧൬-ാംനു-യിലെ ബ്രിട്ടീഷ്മന്ത്രിസഭാമിഷൻ പദ്ധതിയെ അതിൻെറ അന്തർഭാവങ്ങളോടുകൂടി തങ്ങൾ സ്വീകരിക്കുന്നതായി ബ്രിട്ടീഷിന്ത്യൻപ്രതിനിധികളുടെ പക്ഷത്തുനിന്നു വ്യക്തമാക്കപ്പെട്ടതായും അറിയുന്നു. യൂണിയനിലേക്കുള്ള നാട്ടുരാജ്യങ്ങളുടെ പ്രവേശം കൂടിയാലോചനകളുടെ അധിഷ്ഠാനത്തിലായിരിക്കുമെന്നും ഓരോ നാട്ടുരാജ്യത്തിൻെറ വിഷയത്തിലും അതു സ്വമനസ്സാലെയുള്ളതായിരിക്കണമെന്നും പരസ്പരം സമ്മതിക്കപ്പെട്ടതായും അറിയുന്നു. തികച്ചും സ്വമനസ്സാലെയും പരസ്പരം യോജിച്ചും അല്ലാതെ പ്രദേശങ്ങളുടെ ഇന്നത്തെ നിലയിൽ മാററമോ അതിൎത്തിവ്യത്യാസമോ വരുത്തുന്നതല്ല. മിഷൻ പദ്ധതിയനുസരിച്ചു സ്റ്റേററുകൾ, യൂണിയനു തങ്ങൾ നൽകുന്നതോ യൂണിയനേ ഏല്പിക്കുന്നതോ ആയ അധികാരങ്ങൾ ഒഴിച്ചുള്ള സകല അധികാരങ്ങളും വച്ചുകൊണ്ടിരിക്കുന്നതാണെന്നും സ്റ്റേററുകൾ അപ്രകാരം യൂണിയനിൽ നിക്ഷേപിക്കുന്ന കൃത്യങ്ങൾ യൂണിയൻ നിൎവ്വഹിക്കുന്നതാണെന്നും ഉള്ള കാൎയ്യവും പരസ്പരം സമ്മതിക്കപ്പെട്ടു. ആഭ്യന്തരഘടനയും ഭരണവ്യവസ്ഥയും സംബന്ധിച്ചു ഓരോ സ്റ്റേററിൻെറയും സ്വയംഭരണത്തിൻെറ അധിഷ്ഠാനത്തിലാണ് മിഷൻ പദ്ധതിയെന്നുള്ളതും പരസ്പരസമ്മതമായി. പുതിയ ഭരണവ്യവസ്ഥ നിലവിൽ വരുന്നതോടുകൂടി അധീശാധികാരം അവസാനിക്കുന്നു എന്നുള്ളതും വകവയ്ക്കപ്പെട്ടു. ബ്രിട്ടീഷു അധീശാധികാരം തിരോഭവിച്ചു കഴിഞ്ഞാൽ അധീശാധികാരമെന്ന നിലയിൽ ആൎക്കെങ്കിലും അധികാരം ചെലുത്തണമെന്ന വാദവുമുണ്ടായിരുന്നില്ല.

ഭാവിയിലെ യൂണിയൻ സെൻററിൻെറ അധികാരം അധീശാധികാരത്തിൻെറ സ്വഭാവത്തിലുള്ളതായിരിക്കയില്ല. അതു യൂണിയൻ ഭരണവ്യവസ്ഥ പ്രകാരം നൽകപ്പെടുന്ന തായിരിക്കും. പ്രത്യേക നാട്ടുരാജ്യങ്ങളുമായോ മററു സമിതികളുമായോ സംഘടനകളുമായോ ആലോചനകൾ നടത്തുകയും വിവരങ്ങൾ ഗ്രഹിക്കുകയും ചെയ്യുന്നതിനു തടസ്സമൊന്നുമില്ലെങ്കിലും, മിഷൻപദ്ധതിയനുസരിച്ചു് ഏൎപ്പെടുത്തപ്പെട്ടുള്ള നെഗോഷ്യേററിംഗ്കമ്മിററിയാണ് ഇന്നത്തെ ഘടനയനുസരിച്ചു നാട്ടുരാജ്യങ്ങൾക്കുവേണ്ടി പ്രവൎത്തിക്കുവാനവകാശമുള്ള ഔപചാരികമായ ഏകസമിതിയെന്നും സ്വീകരിക്കപ്പെട്ടു.

കാൺസംബ്ലി ഏൎപ്പെടുത്തിയിട്ടുള്ള കമ്മിററികളിൽ വിവിധനാട്ടുരാജ്യപ്രതിനിധികളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ചും ചൎച്ചകൾനടന്നു. പത്തുലക്ഷത്തിനു് ഒന്നു് എന്നകണക്കിൽ ആകെ ൯൩ സീററുകൾ എന്ന മിഷൻപദ്ധതി അനുസരിക്കപ്പെടും. ജനസംഖ്യ പത്തുലക്ഷത്തിൽ കുറവായ സ്റ്റേററുകളുടെ വിഷയത്തിൽ ഗ്രൂപ്പിംഗും ശരിപ്പെടുത്തലും വേണ്ടിവരുമെന്നുള്ളതും വ്യക്തമാണ്.

—o—

## ഒറീസാപ്രധാനമന്ത്രി രാജിവയ്ക്കുമെന്നു്

—o—

കട്ടക്ക്, ഫെബ്: ൯—സംസ്ഥാനത്തെ പ്ലാനിംഗ്സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസംമൂലം പ്രധാനമന്ത്രി മി: ഹരികൃഷ്ണമേത്താബ് തൻെറകക്ഷിയ്ക്കു തൻെറ രാജി സമർപ്പിച്ചിരിക്കുന്നതായി അറിയുന്നു. ഫെബ്രുവരി ൧൧-ാംനു- രാജിക്കാൎയ്യം കക്ഷിയുടെ ആലോചനയ്ക്കു വച്ചിരിക്കയാണ്.

—o—

## ഗസ്റ്റഫർആലിഖാനു അനുവാദം നിരസിച്ചു

ലാഹൂർ, ഫെബ്രുവരി ൮—ഇടക്കാലഗവൺമെൻറിലെ ആരോഗ്യമന്ത്രിയായ മി: ഗസ്റ്റഫർആലിഖാന് പഞ്ചാബിൽ തടങ്കലിൽ ഇരിക്കുന്ന ചില ലീഗുകാരെ കാണുവാൻ പഞ്ചാബ്ഗവൺമെൻറ അനുവാദം നിരസിച്ചിരിക്കുന്നു.

ഇവിടത്തെ ബോർസ്റ്റാസ് ജയിലിൽ ചൗധരി അബ്ദുൽകരീം പ്രൊഫസർ ഇനായുള്ളാഖാൻ മൗലാനാ ഇബ്രാഹിം ആലി എന്നിവരുൾപ്പെടെ തടങ്കലിൽ ഇരിക്കുന്ന നൂർ മുസ്ലിംലീഗുപ്രവൎത്തകർ ജയിലധികൃതരുടെ പെരുമാററത്തിൽ പ്രതിഷേധിച്ച് ഇന്നുകാലത്തുമുതൽ നിരാഹാരവ്രതമാരംഭിച്ചിരിക്കുന്നതായി ലീഗ് ആഫീസിനു ലഭിച്ച വാൎത്തകൊണ്ടറിയുന്നു.

—o—

# ഇൻഡ്യ സന്നദ്ധയാകുമ്പോൾ

## യാതൊരുശക്തികൾ ഇൻഡ്യയെലക്ഷ്യത്തിൽനിന്നു അകററിനിൎത്താൻ സാധിക്കുന്നതല്ലെന്നു ഗാന്ധിജി

ധൎമ്മപുരം (നവഖലി) ഫെബ്ര: ൭—"ഇന്ത്യ സന്നദ്ധയായിക്കഴിയുമ്പോൾ ബ്രിട്ടീഷുകാർക്കാവട്ടെ, രാജാക്കന്മാൎക്കാവട്ടെ ഏതെങ്കിലും ശക്തികളുടെ കൂട്ടുകെട്ടിനാവട്ടെ, ഇന്ത്യയെ ലക്ഷ്യത്തിൽ നിന്നു തടഞ്ഞുനിൎത്താൻ സാധിക്കുന്നതല്ല" എന്നാണ് ഗാന്ധിജി ഇവിടത്തെ പ്രാൎത്ഥനായോഗത്തിലെ പ്രസംഗാവസരത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന അനേകം ചോദ്യങ്ങൾക്കു മറുപടി പറഞ്ഞകൂട്ടത്തിൽ പ്രസ്താവിച്ചതു്.

സ്വാതന്ത്ര്യം പ്രഖ്യാപിക്കണമെന്നാഗ്രഹിക്കുന്ന ഏതെങ്കിലും പ്രവിശ്യയ്ക്കു ഏതുവിധ ഭരണഘടനയായിരിക്കും ഗാന്ധിജി ഉപദേശിക്കുന്നതെന്ന ചോദ്യത്തിനു "സ്വാതന്ത്ര്യം ഇന്ത്യയ്ക്കു മുഴുവൻ ഒന്നുതന്നെയായിരിക്കും" എന്നായിരുന്നു ഗാന്ധിജിയുടെ മറുപടി.

വേറൊരു ചോദ്യത്തിനു ഗാന്ധിജി ഇപ്രകാരം മറുപടിപറഞ്ഞു:—൧൯൨൫-ൽ ഞാൻ പറഞ്ഞതുതന്നെ ഇപ്പോഴും പറയുന്നു. ഒരു ക്ലിപ്തവയസ്സിനുമേൽ പ്രായമുള്ളവരും സ്റ്റേററിനു ഏതെങ്കിലും ശരീരപ്രയത്നം സംഭാവന ചെയ്യാൻ കഴിയുന്നവരുമായ സകലരും വോട്ടിനർഹതയുള്ളവരായിരിക്കും. അപ്രകാരമാകുമ്പോൾ ഒരു വെറും വേലക്കാരൻ നിഷ്പ്രയാസം ഒരു വോട്ടറായിത്തീരും. നേരേമറിച്ച് ഒരു ലക്ഷപ്രഭുവിനോ അഭിഭാഷകനോ വ്യാപാരിക്കോ ഒക്കെ അതു വിഷമമായിരിക്കും. എന്തെന്നാൽ അവർ സ്റ്റേററിനുവേണ്ടി ശരീരപ്രയത്നം ഒന്നും നൽകിപ്പോരുന്നവരല്ല.

നാട്ടുരാജ്യങ്ങളെപ്പററിയുള്ള ഒരു ചോദ്യത്തിന് ഗാന്ധിജി ഇപ്രകാരം മറുപടി പറഞ്ഞു:—ഞാൻ ഒരു വെറും സാധു 'കർഷകൻ.' എന്നാൽ അനേകംകോടിയിൽപെട്ട ഒരുവൻ. രാജാക്കന്മാർ പേരുകൊണ്ടു് നൂറാ പേർ വരും. എന്നാൽ യഥാൎത്ഥത്തിൽ നൂറിൽ കുറയും. അവരുടെ സംഖ്യ എന്തുതന്നെയായിക്കൊള്ളട്ടെ, ഒരു പ്രബുദ്ധ ഇൻഡ്യയിൽ അവൎക്ക പേരുമാത്രമേയുള്ളെങ്കിലും യഥാൎത്ഥ നടപടിയിൽ കർഷകസേവകരായി മാത്രമേ നിലവിലിരിക്കുവാൻ സാധിക്കയുള്ളു. കർഷകൎക്കെതിരായി രാജാക്കന്മാരെ വിനിയോഗിക്കുന്ന നേരുകേടു ബ്രിട്ടീഷുകാർ കാണിക്കുമെന്നുള്ള ഭീതി എന്നെ ബാധിച്ചിട്ടില. പക്ഷേ ഇൻഡ്യ എന്തിനു് ബ്രിട്ടീഷുമന്ത്രിസഭയെ ആശ്രയിക്കണം? (എ-പി)

—o—

(പത്താംപേജിൽനിന്നും തുടർച്ച)

ക്കുലോം കുറവാണ്. തിരുവിതാംകൂറിൽ വൻതരം വ്യവസായങ്ങൾ സമാരംഭിക്കാൻ വിദേശികളെ പ്രേരിപ്പിക്കുന്ന പല പ്രധാനകാരണങ്ങളിൽ ഒന്നിതാണ്. ഇത്രയും കാര്യങ്ങളിൽനിന്നു ഈ വ്യവസായം ഇന്ത്യയിൽ മറ്റെവിടത്തെക്കാളും എത്രകണ്ടു അഭിവൃദ്ധികരമായി ഇവിടെ നടത്താൻ സാധിക്കുമെന്നു അല്പം ചിന്തിച്ചാൽ മനസ്സിലാകും.

തിരുവിതാംകൂറിൽ പെൻസിൽ വ്യവസായം ഇന്നു സാമാന്യം പുരോഗതിയെ പ്രാപിച്ചിട്ടുണ്ട്. എന്നാൽ വിദേശിപെൻസിലുകളുമായി തുലനംചെയ്യുമ്പോൾ ക്വാളിറ്റി ഗുണത്തിൽ അവയുമായി കിടനില്ക്കാൻ നമുക്കു സാധിക്കുന്നില്ല എന്നുള്ളതു ഒരു പരമാർത്ഥവസ്തുതയാണ്. അതിനുള്ള കാരണങ്ങൾ പ്രധാനമായി അവശ്യമായ യന്ത്രസാമഗ്രികളുടെ അഭാവവും, പ്രസ്തുത വ്യവസായവുമായി നമുക്കുള്ള പരിചയക്കുറവും പാകതക്കുറവും മാത്രമാണ്. ഇത്രയും സാരമായ കുറവുകൾ ഉണ്ടായിരുന്നിട്ടും മൂന്നു നാലു വർഷങ്ങൾക്കുള്ളിൽ അതിശയാർഹമായ പുരോഗതിയോടുകൂടി കാഴ്ചയിലും ഉപയോഗത്തിനും സാമാന്യം തൃപ്തികരമായ നിലയിലുള്ള പെൻസിലുകൾ ഇപ്പോൾ ഉണ്ടാക്കിവരുന്നു എന്നുള്ളതു നമുക്കു ഏറ്റവും അഭിമാനകരമാണ്. സയൻസിൻെറ ഉപജ്ഞാതാക്കളായ പാശ്ചാത്യർക്കുപോലും അവശ്യമായ എല്ലാ യന്ത്രോപകരണങ്ങളും വളരെക്കാലത്തെ പരിചയവും ഉണ്ടായിരുന്നിട്ടും ആദ്യമായി തുടങ്ങിയ കാലത്തു പെൻസിലുകൾ ഉല്പാദിപ്പിക്കാൻ സാധിച്ചതു് വളരെ കാലങ്ങൾക്കു ശേഷമാണ്. ഈ വ്യവസായത്തിൽ സ്വല്പകാലംകൊണ്ടു നമുക്കു കൈവന്ന അഭിവൃദ്ധി മേല്പറഞ്ഞ പാശ്ചാത്യരുടേതുമായി തുലനംചെയ്തു നോക്കുമ്പോൾ നമ്മുടെ കഴിവിൻെറ പരിമിതിയെപ്പറ്റി നമുക്കു ഏറ്റവും അഭിമാനിക്കാൻ വകയുണ്ട്. ശരിയായ യന്ത്രോപകരണങ്ങളുടെ സഹായത്തോടുകൂടി നാം പ്രവർത്തിക്കുന്ന പക്ഷം ഇതിൻെറ ഭാവി ഏറ്റവും മികച്ചതായിരിക്കുമെന്നു് സംശയലേശമെന്യേ പറയാൻ കഴിയും.

മറ്റെല്ലാററിലുമെന്നപോലെ പെൻസിൽ വ്യവസായത്തിലും ഇന്നു് ഏറ്റവും മികച്ചുനില്ക്കുന്ന അമേരിക്കയെത്തന്നെ എടുത്തു നോക്കുമ്പോൾ ചില കാര്യങ്ങൾ പ്രസ്പഷ്ടമാകും. ഇന്നവർ ഉപയോഗിക്കുന്ന ചില പ്രധാന സംസ്കൃതസാധനങ്ങൾ അവർ സിലോണിൽനിന്നാണു കൊണ്ടുപോകുന്നതു്. ഒരിൻഡ്യാക്കാരൻെറ ശരാശരി വരുമാനത്തിൻെറ ഏതാണ്ടു 8 ഇരട്ടി വരുന്നതാണ് ഒരമേരിക്കക്കാരൻെറ വരുമാനം. ഇതുകൊണ്ടുതന്നെ അവരുടെയും നമ്മുടെയും കൂലിനിരക്കിൻെറ വ്യത്യാസം കണ്ടുപിടിക്കാവുന്നതേയുള്ളു. അസംസ്കൃതസാധനങ്ങൾ വെളിയിൽനിന്നും കൊണ്ടുചെന്നു് കൂടുതൽ കൂലികൊടുത്തു നിർമ്മിക്കുന്ന സാധനങ്ങൾ കപ്പൽക്കൂലിയും ഒരു വലിയ തീരുവയുംകൂടി കൊടുത്തതിനു ശേഷമാണ് നമ്മുടെ കയ്യിൽ കിട്ടുന്നതു്. ഇത്രയൊക്കെ ചിലവുകൾക്കു ശേഷവും ഈ കുറഞ്ഞ വിലയ്ക്കു് നമ്മുടെ കമ്പോളങ്ങളിൽ അവർ എങ്ങിനെ വില്ക്കുന്നു എന്നുള്ളതിനെപ്പററി ചിന്തിക്കുമ്പോൾ, അവരുടെ ആധുനികവും വിപുലവുമായ യന്ത്രസാമഗ്രികളുടെ ഉപയോഗമാണ് ഇതിനു സഹായകരമായിരിക്കുന്നതെന്നു സ്പഷ്ടമാകും. ഈ നിലയ്ക്കു അപ്രകാരമുള്ള യന്ത്രോപകരണങ്ങളുടെ സഹായത്തോടുകൂടി, നമ്മുടെ പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ചു് നാം നിർമ്മിക്കുകയാണെങ്കിൽ, അസംസ്കൃതസാധനങ്ങൾ കൊണ്ടുവരിക, കൂടുതൽ കൂലി കൊടുക്കുക, ഇറക്കുമതി ചെയ്യുക, തീരുവകൊടുക്കുക തുടങ്ങി അവയ്ക്കുണ്ടാകുന്ന അധികച്ചിലവുകൾ മുഴുവനും നമുക്കു വിലയിൽ കുറവുചെയ്തു വില്ക്കാൻ സാധിക്കും. അങ്ങിനെ ഏതൊരു വിദേശിയോടും ഈ വ്യവസായത്തിൽ നമുക്കു മത്സരിക്കാൻ കഴിയും.

ഭാഗ്യവശാൽ ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിയ്ക്കുവേണ്ടി അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ദേശീയ ഗവൺമെൻറാണ് ഇന്നു ഇൻഡ്യയിൽ അധികാരത്തിലിരിക്കുന്നതു് എന്നുള്ളതുതന്നെ ഇൻഡ്യയുടെ വ്യവസായീകരണത്തി

# ഇടക്കാലഗവമ്മെൻറിൽ ലീഗിൻെറ നില വ്യക്തമാക്കണം

## വൈസ്രായിക്കു് ൻ ഗവ: മെമ്പർമ്മാരുടെ കത്തു്

ന്യൂഡൽഹി, ഫെ: ൭ മുസ്ലിംലീഗിൻെറ കറാച്ചിപ്രമേയത്തെത്തുടർന്നുള്ള കാര്യനില വൈസ്രായിയും ബ്രിട്ടീഷ്ഗവമ്മെൻറും വ്യക്തമാക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു ഇടക്കാലഗവമ്മെൻറിലെ ൯ അംഗങ്ങൾ ഒപ്പിട്ട ഒരു കത്തു് വൈസ്രായിക്കയച്ചിട്ടുള്ളതായി ഇൻഡ്യൻ എക്സ്പ്രസ്സ് പ്രത്യേകലേഖകൻ റിപ്പോർട്ടുചെയ്യുന്നു. പണ്ഡിറ്റ്നെഹ്രു, സർദാർ പട്ടേൽ, മൗലാനാ ആസാദ്, ഡാ: രാജേന്ദ്രപ്രസാദ്, മി: സി. രാജഗോപാലാചാരി, മി: ജഗജ്ജീവൻറാം, സർദാർ ബലദേവ്സിംഗ്, മി: സി. എച്ച്. ബാബാ, ഡാ: ജാൺമത്തായി എന്നിവരാണ് കത്തയച്ചിരിക്കുന്നതു്. കത്തു കിട്ടിയതായും വിവരം ബ്രിട്ടീഷ്ഗവമ്മെൻറിനെ അറിയിച്ചിട്ടുള്ളതായും വൈസ്രായി മറുപടി നൽകിയിരിക്കുന്നു. തിങ്കളാഴ്ച ബ്രിട്ടൻെറ മറുപടി പ്രതീക്ഷിക്കപ്പെടുന്നത്രെ. രണ്ടു മുഖ്യ വാദങ്ങളാണ് കത്തിൽ ഉന്നയിച്ചിട്ടുള്ളതെന്നാണറിയുന്നതു്. കേന്ദ്രനിയമസഭയിലെ ലീഗംഗങ്ങൾ ഒരു പ്രതിപക്ഷമെന്നപോലെ പെരുമാറുകയും അതേസമയം ലീഗുപ്രതിനിധികൾ ഗവമ്മെൻറിൻെറ അംഗങ്ങളായിരിക്കയും ചെയ്യുന്നതിലെ പരസ്പരവൈരുദ്ധ്യമാണ് ഒന്നാമത്തേതു്. രണ്ടാമത്തെ വാദം ലീഗിൻെറ കറാച്ചി പ്രമേയത്തിൻെറ യഥാർത്ഥഫലത്തെ ആസ്പദമാക്കിയുള്ളതാണ്. കറാച്ചി പ്രമേയത്തിൻെറ ഫലം ബാംബെ പ്രമേയം ഊർജ്ജിതത്തിലിരിക്കുന്നു എന്നുള്ളതാണെന്നും പ്രത്യക്ഷസമരം വിധിക്കുന്നതാണ് ആ പ്രമേയമെന്നും പ്രത്യക്ഷസമരം നടത്തുന്ന ഒരു സംഘടനയുടെ പ്രതിനിധികൾ ഗവമ്മെൻറിൽ അംഗങ്ങളായിരിക്കുകയെന്നതും തുല്യഗൗരവമുള്ള ഒരു വിഷയമാണെന്നുമാണ് വാദിക്കപ്പെട്ടിരിക്കുന്നതു്. സംയുക്തമായ ഉത്തരവാദിത്വമുള്ള ഒരു ക്യാബിനററിൽ ലീഗംഗങ്ങളുടെ ഈവിധമുള്ള നിലയെപ്പററി വൈസ്രായിക്കും ബ്രിട്ടീഷു ഗവമ്മെൻറിനും പറവാനുള്ളതെന്തെന്നാണ് കത്തു യഥാർത്ഥത്തിൽ ആവശ്യപ്പെടുന്നതു്.

—o—

### മി: മിത്രപുരം അലക്സാണ്ടരുടെ പ്രസ്താവന

—o—

തിരുവനന്തപുരം, ഫെ: ൬—യും. എസ്സിലെ ആക്നെസ് സ്റ്റേറ്റ കാളേജിൽ മുമ്പു ഫിലാസഫി പ്രൊഫസറായിരുന്ന മി: മിത്രപുരം കെ. അലക്സാണ്ടർ ലോകമൊട്ടുക്കുള്ള രാഷ്ട്രീയവികാസങ്ങളെപ്പററി എം. പി. ക്കു മാത്രമായി നൽകിയ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു. സാമാന്യമനുഷ്യൻെറ ഈ നൂററാണ്ടിൽ സ്വാതന്ത്ര്യപ്രക്ഷോഭണങ്ങളുടെ ഒരു മഹാപ്രവാഹം നമ്മുടെ ഈ സുവിസ്തൃതമായ ഭൂമിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അധഃപതനത്തിൻെറയും കഷ്ടതകളുടെയും ആഴത്തിൽനിന്നു ലോകത്തിലെ അവശന്മാർ അത്യന്തം ഊർജ്ജിതത്തോടുകൂടി തങ്ങളുടെ സ്ഥാനമുറപ്പിക്കാൻ കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്നു. ദാരിദ്ര്യം, വിശപ്പ്, അഴുക്ക്, രോഗം, അജ്ഞത എന്നിവയോടുള്ള മഹാസമരം നടന്നുകൊണ്ടിരിക്കുന്നു. ലോകവ്യാപ്തമായ ഈ സമരത്തിൽ സകലവിധ ഏകശാസനങ്ങളും പിൻതിരിപ്പിൻ തത്വങ്ങളും ഭയങ്കരമായ എതിർപ്പു നേരിടേണ്ടിവരും. സാമാന്യജനങ്ങൾ പ്രവർത്തനശ്ശക്തി ശരിക്കു അറിഞ്ഞുതുടങ്ങിയിരിക്കുന്നു. നിത്യമെന്നപോലെ അവർക്കു വിജയം കരഗതമായിക്കൊണ്ടിരിക്കുന്നു. ഈ സമരത്തിൽ വിനാശകശക്തികളെ ക്ഷമയും വിവേകപൂർണ്ണമായ രാജ്യതന്ത്രജ്ഞതയുംകൊണ്ടു മാത്രമേ ഒഴിവാക്കാൻ സാധിക്കയുള്ളൂ.

വിപ്ലവപരമായ ഈ രാഷ്ട്രീയപരിവർത്തനത്തിൻെറ ഒരു പരീക്ഷണരംഗമാണ ബ്രിട്ടൻ. രാജാവു വ്യവസ്ഥാപിതമേധാവിയായുള്ള ഒരു പാർലമെൻററി ഭരണസമ്പ്രദായം ഉറപ്പിച്ചുകൊണ്ടു വരുന്നതിൽ ഇംഗ്ലണ്ടു ഒരു വലിയ സ്ഥാനംതന്നെ നേടിക്കഴിഞ്ഞിട്ടുണ്ട്. ബ്രിട്ടീഷിൻഡ്യയ്ക്കുള്ളിലാണെങ്കിൽ ഒരു ഇന്ത്യൻ റിപബ്ലിക്ക് സ്ഥാപിക്കണമെന്ന ജനഹിതത്തിനു ബ്രിട്ടീഷ് ഗവമ്മെൻറു വഴങ്ങുന്ന രംഗമാണ് നിസ്സന്ദേഹം കാണപ്പെടുന്നതു്.

ചാരുമുള്ള വന്ദിച്ച മാററങ്ങളോടു ഒത്തിണങ്ങുന്നതുകൊണ്ടു മാത്രമേ നാട്ടുരാജ്യങ്ങൾക്കും സുഖസമാധാനങ്ങൾ ഉണ്ടാകയുള്ളൂ. രാജാക്കന്മാരുടെ പരമാധികാരത്തിൻകീഴിൽഉള്ള ഉത്തരവാദഭരണം ആണ് ഇന്നത്തെ മുദ്രാവാക്യമായിത്തീർന്നിട്ടുള്ളതു്. ജനഹിതവുമായി സഹകരിക്കുന്നതിൽ കൊച്ചിരാജ്യം ഒരു നല്ല ദൃഷ്ടാന്തമാണ് കാണിച്ചിരിക്കുന്നതു്.

(എം. പി.)

### സൌത്തു്സീസ് പ്രദേശങ്ങൾക്കു ഒരു ഭരണവ്യവസ്ഥ

കാൻബെറാ, ഫെ: ൬—ജനസംഖ്യ ൨൫൦൦൦൦൦ വരുന്ന സൗത്തു്സീസ് (ദക്ഷിണസമുദ്രപ്രദേശങ്ങൾ) പ്രദേശങ്ങൾക്ക് ഒരു സൌത്തുവെൽഫെയർ കമ്മിഷനുള്ള ഭരണവ്യവസ്ഥ ബ്രിട്ടൻ, ആസ്ത്രേലിയാ, ന്യൂസിലൻറ്, യു. എസ്, ഫ്രാൻസ്, നെതർലൻസ് എന്നീരാജ്യങ്ങളുടെ പ്രതിനിധികൾചേർന്നു നടത്തിയ ഒരു സമ്മേളനത്തിൽ അംഗീകരിച്ചിരിക്കുന്നു. ഈ ജനസംഖ്യയിൽ ൧൧൫൦൦൦൦ ആസ്ത്രേലിയൻഭരണത്തിൻകീഴിലാണ്. നാട്ടുകാരുടെ സാമ്പത്തികവും സാമൂഹ്യവുമായ അവകാശങ്ങളെയും ക്ഷേമത്തെയും പുരോഗമിപ്പിക്കുവാനുള്ള നടപടികളെപ്പററി ആലോചിക്കയും അവ ക്രോഡീകരിക്കയും ശുപാർശചെയ്യുകയും ചെയ്യുന്നതിനുള്ള അധികാരവും ചുമതലയും ഈ സൗത്തുസീസ് റീജിയനൽ അഡൈ്വസറി കമ്മീഷനു ഈ ഭരണവ്യവസ്ഥകൊണ്ടു് അനുവദിക്കുന്നു.

(റായിട്ടർ)

ൻ് ഏററവും പ്രോത്സാഹകമാണ്.

ഇതു് ഇന്നത്തെപ്പോലെ ഒരു കുടിൽ വ്യവസായമായോ ചെറിയതോതിലോ നടത്തുന്നതു ലാഭകരമായിരിക്കുകയില്ല. അതിനുള്ള കാരണം, കൂലിച്ചിലവു കൂടുതലാകുമെന്നുള്ളതിനു പുറമേ യന്ത്രസഹായം കുറയുന്നതുമൂലം പെൻസിലിൻെറ നല്പിനു് (Quality) സാരമായ കുറവും അധികമായ വെയിസ്ററും (waste) ഉണ്ടാകുന്നു എന്നുള്ളതാണ്. കൂടാതെ പലതവണയുണ്ടാക്കുന്ന പെൻസിലുകൾക്കു്, ശരിയായ യന്ത്രസഹായമില്ലാത്തതുമൂലം ആകൃതിയിലും ഉപയോഗത്തിലും ഐകരൂപ്യമില്ലാതായിത്തീരുകയും ചെയ്യുന്നു. ഈ വ്യവസായത്തിൻെറ വിജയം ഏററവും കുറഞ്ഞ കൂലിച്ചിലവിൽ എത്രയധികം നല്ലതരം പെൻസിലുകൾ വെയിസ്ററു കുറച്ചു നിർമ്മിക്കുന്നുവോ അതിലാണ സ്ഥിതിചെയ്യുന്നതു്. അതിനു് ഏററവും ആധുനികവും, വളരെ സൂക്ഷ്മവുമായ വൻതരം യന്ത്രോപകരണങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നു. അസംസ്കൃതസാധനങ്ങളുടെ സുലഭതകൊണ്ടു് അനുഗ്രഹീതമായ നമ്മുടെ ഈ രാജ്യത്തു്—മേല്പറഞ്ഞതരത്തിലുള്ള യന്ത്രോപകരണങ്ങളുടെ സഹായത്തോടുകൂടി ഈ വ്യവസായം ആരെങ്കിലും നടത്തുന്നതായാൽ വിലയിലും മേന്മയിലും ഏതൊരു വിദേശിപെൻസിലുകളോടും മത്സരിച്ചു് നല്ല ലാഭത്തോടുകൂടി വില്ക്കാൻ സാധിക്കും.

ഇന്നു് ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന കഴിവുള്ള വ്യക്തികൾ ആരെങ്കിലും ഇതിൽ മുൻകൈയെടുത്തു പ്രവർത്തിച്ചു് ഇതിനെ ഒരു ശാശ്വതവ്യവസായമാക്കി, അവർക്കും രാജ്യത്തിനും പൊതുവിൽ ഉപകാരപ്രദമാക്കുന്നതിനു ശ്രമിക്കുമെങ്കിൽ അതു തീർച്ചയായും ഏററവും സ്വാഗതാർഹമായിരിക്കും.

—o—

## രാജാക്കന്മാർക്കു്

—o—

### വെങ്കിട്ടരാമശാസ്ത്രിയുടെ ഉപദേശം

മദ്രാസ് ഫെബ്രുവരി ൭—മിഷൻപദ്ധതിയനുസരിച്ചുതന്നെ അധികാരങ്ങൾ പരിമിതമായിരിക്കുന്ന യൂണിയൻകേന്ദ്രഗവമ്മെൻറിനെ കൂടുതൽ ദുർബലമാക്കാൻ നാട്ടുരാജ്യ നെഗോഷ്യേററിംഗ്കമ്മിററി ശ്രമിക്കയില്ലെന്നു താൻ ആശിക്കുന്നതായി അഖിലേന്ത്യാ ലിബറൽഫെഡറേഷൻപ്രസിഡൻറ മി. ടി. ആർ. വെങ്കിടരാമശാസ്ത്രി ഒരു പ്രസ്താവനയിൽ പറയുന്നു. അദ്ദേഹം ഇപ്രകാരം തുടർന്നു:—"സാർവ്വരാഷ്ട്രീകരംഗത്തു ഇന്ത്യയ്ക്കുള്ള സ്ഥാനവും ഇന്ത്യയിലും വെളിയിലും നന്മചെയ്യാനുള്ള ഇന്ത്യയുടെ കഴിവും യൂണിയൻകേന്ദ്രത്തിൻെറ അധികാരപരിധിയെആണ് ആശ്രയിച്ചിരിക്കുന്നതു്. സംഭവവികാസങ്ങളനുസരിച്ചു പ്രവർത്തിക്കുവാനുള്ള സന്നദ്ധത നാട്ടുരാജ്യവക്താക്കൾ മന്ത്രിസഭാമിഷനോടു പ്രകടമാക്കി. പക്ഷെ നരേന്ദ്രന്മാർ ഈയിടെ ചെയ്ത തീരുമാനം അതിനു വിപരീതമായിട്ടുള്ളതാണ്. ലീഗ്കാൺസംബ്ളിയിൽ ചേരുന്നില്ലെങ്കിൽ നാട്ടുരാജ്യങ്ങളും ചേരുകയില്ലെന്നു ഈയിടെ പാർലമെൻറിൽ പറഞ്ഞുകേട്ടു. ഇപ്പോൾ ലീഗ് എന്തെങ്കിലും തീരുമാനിക്കുന്നതിനുമുൻപുതന്നെ രാജാക്കന്മാർ അവരുടെ അതൃപ്തി പ്രകടമാക്കിയിരിക്കുന്നു. ഗൂഢാലോചനകളൊന്നും ഞാൻ ഇതിൽ ശങ്കിക്കുന്നില്ല. പക്ഷെ രണ്ടു കൂട്ടരുടെയും തീരുമാനത്തിനു അന്യോന്യപ്രേരകശക്തിയുണ്ടെന്നു എനിക്കു തോന്നുന്നു."

—o—

## സമാധാനഉടമ്പടി ഒപ്പുവയ്ക്കൽ

—o—

പാരീസ് ഫെബ്ര: ൬—വലിയ നാലു ശക്തികളുടെയും പണ്ടു ശത്രുക്കളായിരുന്ന ൫ ഉപരാജ്യങ്ങളുടെയും പ്രതിനിധികൾ ഫ്രഞ്ചു വിദേശകാര്യാലയത്തിൽവച്ചു ഫെബ്രുവരി ൧൦-ാംനു- സമാധാന ഉടമ്പടികൾ ഒപ്പുവയ്ക്കുവാനുള്ള ചടങ്ങുകളുടെ അരങ്ങേററം രഹസ്യമായി നടന്നുകൊണ്ടിരിക്കുന്നു. അന്നേദിവസം കൃത്യം ൧൧-മണിക്കു തുടങ്ങി വൈകുന്നേരം ൬-൩൦-നു സമാപിക്കേണ്ട ഈ ഒപ്പുവയ്ക്കൽ ഒരേഒരു ഡസ്കിൽവച്ചാണ നടക്കുവാനുള്ളതു്.

—o—

## പാലസ്റൈറനിൽ സ്ത്രീകളെ മാററിത്തുടങ്ങി

—o—

യരുശലേം, ഫെ: ൭— പാലസ്റ്റൈനിൽ ൨൦൦൦ സ്ത്രീകളുടെയും കുട്ടികളുടെയും അവിടെ താമസിക്കേണ്ട ആവശ്യമില്ലാത്ത മററുള്ളവരുടെയും ഒഴിച്ചുമാററൽ ഇന്നു ൻ മണിക്കു യരുശലേം, ഹൈഫ, ടെലവീവ്, ജാഫ എന്നീ സ്ഥലങ്ങളിൽ ഒരേസമയത്തു് ആരംഭിച്ചിരിക്കുന്നു.

### നയപ്രഖ്യാപനമുണ്ടാകും

ലണ്ടൻ, ഫെ: ൭— പാലസ്റ്റൈൻ നയം സംബന്ധിച്ചു ബ്രിട്ടീഷ്ഗവമ്മെൻറ് അടുത്ത ൪൮ മണിക്കൂറിനകം ഒരു തീരുമാനംചെയ്യുമെന്നറിയുന്നു.

—o—

## ഇന്ത്യക്കാരുടെ ക്ഷേമം നോക്കാൻ!

—o—

### സ്മട്ട്സ് അഡൈ്വസറി ബോർഡുണ്ടാക്കുന്നു

കേപ്ടൗൺ ഫെബ്രുവരി ൭—ഇന്ത്യൻ സമുദായത്തിൻെറ ക്ഷേമംസംബന്ധിച്ച എല്ലാകാര്യങ്ങളേയുംപററി ഗവമ്മെൻറിനെ ഉപദേശിക്കുവാനായി ഒരു ഇന്ത്യൻഅഡൈ്വസറിബോർഡിനെ നിയമിക്കുവാൻ യൂണിയൻഗവമ്മെൻറ് തീരുമാനിച്ചിരിക്കുന്നതായി പ്രധാനമന്ത്രി സ്മട്ട്സ് ഇന്ത്യൻകാര്യത്തെപ്പററി ചർച്ചചെയ്യാനെത്തിയ നാററാൾ മുനിസിപ്പൽ അസോസ്യേഷൻ ഡെലിഗേഷനോടു പ്രസ്താവിച്ചു.

# ചിരട്ട

## അതിന്റെ വ്യവസായ പ്രാധാന്യം

—o—

ചിരട്ടകൊണ്ട് ചില വ്യവസായങ്ങൾ ആരംഭിക്കുന്നതിന്, കൊച്ചിയിൽ എറണാകുളത്തു പുതുതായി സ്ഥാപിച്ചിരിക്കുന്ന Cochin Chemical Industries Ltd എന്ന കമ്പനിയുടെ, ഒരു കാര്യവിവരപത്രിക ഈ പംക്തികളിൽ കുറച്ചു ദിവസത്തിനു മുൻപ് ചേർത്തിരുന്നല്ലോ. ഈ അവസരത്തിൽ ഇദംപ്രഥമമായി കേരളത്തിൽ എന്നു മാത്രമല്ല ഇന്ത്യയിൽ തന്നെ, സമാരംഭിക്കുന്ന ഈ വ്യവസായത്തെപ്പറ്റി ഇന്നാട്ടുകാർ സാമാന്യമായിട്ടെങ്കിലും അറിഞ്ഞിരിക്കുന്നതു യുക്തമാണ്.

ചിരട്ട നമ്മുടെ രാജ്യത്തു തീ എരിക്കുന്നതിനായിട്ടാണല്ലോ സാധാരണ ഉപയോഗിച്ചുവരുന്നത്. കൂടാതെ സ്വർണ്ണവേലക്കാരും കൊല്ലന്മാരും അവരുടെ ചിരട്ട ചൂളകളിൽ എരിച്ചു സ്വർണ്ണം, ഇരുമ്പ് മുതലായ ലോഹങ്ങളെ നീറ്റുന്നതിന് ഉപയോഗിച്ചുവരുന്നു. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ ശുദ്ധിചെയ്ത ചിരട്ടക്കരി ചില രസതന്ത്രപ്രധാനമായ ആവശ്യങ്ങൾക്കു അത്യന്താപേക്ഷിതമായിട്ടാണ് തീർന്നിരിക്കുന്നത്. അന്നാട്ടുകാർ ഇവിടെനിന്നും ചിരട്ടക്കരി കപ്പലിൽ കയറ്റിക്കൊണ്ടുപോയി, അവിടങ്ങളിലുള്ള യന്ത്രശാലകളിൽ ശുദ്ധിചെയ്തു ഉപയോഗിക്കുന്നതുകൂടാതെ തിരിച്ചു ഇന്ത്യയിൽ കൊണ്ടുവന്നു വളരെ ലാഭത്തിൽ വിൽക്കുകയും ചെയ്യുന്നു.

കുറെക്കൊല്ലങ്ങൾക്കു മുൻപ് തിരുവിതാംകൂർ കൊച്ചി മുതലായ രാജ്യങ്ങളിൽ നിന്നും ചില വ്യവസായതല്പരന്മാർ ചിരട്ട ഉത്സ്സ്ഥലത്തു ഇട്ടു എരിച്ചുകിട്ടുന്ന കരി യൂറോപ്യൻ രാജ്യങ്ങളിലേക്കു അയച്ചുകൊണ്ടിരുന്നു. ഈ കരിയ്ക്കു താരതമ്യേന കൂടുതൽ വില കിട്ടിവരുന്നതിനാൽ അതൊരു വ്യവസായമായിത്തന്നെ ഇപ്പോഴും തുടരുന്നു. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ ശുദ്ധിചെയ്യുന്ന ചിരട്ടയെ ഇവിടങ്ങളിൽ ശുദ്ധിചെയ്തു രസതന്ത്രപ്രധാനമാക്കുവാൻ കഴിയുമോ എന്നു ഇവിടത്തെ ശാസ്ത്രജ്ഞന്മാർ ഗവേഷണം ചെയ്തുകൊണ്ടുമിരുന്നു. ഇപ്പോൾ ആ ഗവേഷണങ്ങൾ പൂർത്തിയായി കഴിഞ്ഞിരിക്കയാണ്. അവരുടെ ഗവേഷണങ്ങളുടെ ഫലമായി ചിരട്ടക്കരി ശുദ്ധിചെയ്യുന്നതിനു പുറമേ, ചിരട്ട എരിയുന്ന അവസരത്തിൽ പുറപ്പെടുന്ന വാതകങ്ങളെ പ്രത്യേകം ഘനീഭവിപ്പിച്ചു അഡാറിആസിഡ് അഡാറോൺ, കാർബാളിക് ആസിഡ് മുതലായ വിവിധങ്ങളായ അമൂല്യവസ്തുക്കളേയും വേർതിരിച്ചു എടുക്കുവാൻ സാധിക്കുമെന്നും കണ്ടിരിക്കുന്നു.

ശുദ്ധിചെയ്ത ചിരട്ടക്കരിയെ ആക്ടീവ് കാർബൺ എന്നാണ് പറയുന്നത്. മേൽപറഞ്ഞ സാധനങ്ങൾ ശുദ്ധിചെയ്ത കരികൂടാതെ ഇവിടെ നിർമ്മിക്കുവാൻ കഴിയുന്നതിനാലും ഏറ്റവും തിരക്കുമതി മുതലായ ഭീമമായ പുറമെയുള്ള ചിലവുകൾ ചുമത്തേണ്ട ആവശ്യമില്ലാത്തതിനാലും ആക്ടീവ് കാർബൺ ഇവിടെ നമുക്കു വെളിയിൽനിന്നും വാങ്ങുന്നതിനേക്കാളും ലാഭത്തിൽ കിട്ടുവാൻ സാധിക്കുമെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ ഇങ്ങനെയുള്ള വ്യവസായം ചിരട്ട സുലഭമായി ലഭിക്കുന്ന കേരളത്തിൽ നടപ്പാക്കിയാൽ അതിന് ശോഭനമായ ഭാവി ഉണ്ടെന്നുള്ളതു നിശ്ചയമാണ്. ആക്ടീവ് കാർബൺ പ്രധാനമായി സസ്യഎണ്ണകൾ ശുദ്ധിചെയ്യുന്നതിന് അവശ്യം വേണ്ട ഒരു സാധനമാണ്. ഇന്ത്യയിൽ ഇപ്പോൾ ആണ്ടൊന്നുക്കു നാലു ലക്ഷം ടൺ ഡസ്യഎണ്ണകൾ നിർമ്മിച്ചുവരുന്നു. അതിലേക്കു 1500 ടൺ ശുദ്ധിചെയ്ത കരിയും ആവശ്യമുണ്ട്. ഇതുകൂടാതെ പഞ്ചസാര ശുദ്ധിചെയ്യുന്നതിനു കരി ആവശ്യമാണ്. അഡാറിക് ആസിഡ് റബ്ബർ നിർമ്മാണത്തിനും വസ്ത്രങ്ങൾ വർണ്ണങ്ങൾ ചേർത്ത് മോടിപിടിപ്പിക്കുന്നതിനും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. അഡാറോൺ, മെനയിൽ അസ്റ്റോൾ ഇവകൾ ചായങ്ങൾ, വാർണ്ണീഷ് മുതലായവ ഉണ്ടാക്കുന്നതിനും മുഖ്യമായ സാധനങ്ങളാണ്. മെത്തനാൾ (Methnol) ഔഷധനിർമ്മാണത്തിനും പ്ലാസ്റ്റിക സാധനങ്ങൾ പ്ലൈവുഡ് സാധനങ്ങൾ മുതലായ ആധുനികവ്യവസായങ്ങൾക്കും അത്യന്താപേക്ഷിതമാണ്. കാർബാളിക് ആസിഡിന്റെ ഉപയോഗം എന്താണെന്നു ഇക്കാലത്തു ആരേയും പറഞ്ഞു മനസ്സിലാക്കേണ്ടതായിട്ടില്ലല്ലോ. പ്രത്യേകിച്ചു ഇതിൽനിന്നു കിട്ടുന്ന ആസിഡ് മറ്റേതിനേക്കാൾ ശക്തിയും, ഗുണവും ഉള്ളതായിരിക്കും.

ഇങ്ങനെ ചിരട്ടയിൽ നിന്നും ലഭിക്കുന്നതായ എല്ലാ പദാർത്ഥങ്ങളും വളരെ ഉപയോഗപ്രദമാണെന്നു കാണാം. സാധാരണ തീ എരിക്കുന്നതിന് ഉപയോഗിച്ചിരുന്ന ചിരട്ട ഇപ്പോൾ പല വിലയേറിയ പദാർത്ഥങ്ങളേയും ഉണ്ടാക്കുന്നതായി നമുക്കു കാണാൻ കഴിഞ്ഞിരിക്കുന്നു. ചിരട്ടയെപ്പോലെ അനേകം സാധനങ്ങൾ ഇന്ത്യയിൽ ആരുടേയും ശ്രദ്ധയിൽ പെടാതെ നശിച്ചുപോകുന്നുണ്ട്. അങ്ങനെ നശിക്കാതെ അവയെ ശാസ്ത്രീയമായി ഹരിശോധിച്ചു വ്യവസായരൂപത്തിൽ കൊണ്ടുവന്നു ജനലക്ഷങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നവരാണ് യഥാർത്ഥരാജ്യസ്നേഹികൾ. അവർ എപ്പോഴും പ്രശംസാർഹരുമാണ്.

—o—

# തിരുവിതാംകൂറും പെൻസിൽവ്യവസായവും

( K. R. P. )

പെൻസിൽ വ്യവസായവും, തിരുവിതാംകൂറുമെന്നല്ല, തെക്കേഇന്ത്യയുമായിത്തന്നെയും യാതൊരുപിടിപാടുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ നിന്നു പ്രസ്തുത വ്യവസായത്തിന്റെ സാദ്ധ്യതയേയും അനുദിനമെന്നോണമുള്ള സമൃദ്ധിയേയും കണ്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ എത്തിച്ചേർന്ന നമ്മുടെ നാട്ടുകാർക്ക് അതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതു ഏറ്റവും പ്രയോജനപ്രദമായിരിക്കുമെന്നുള്ളതിനാൽ പ്രസ്തുത വ്യവസായത്തെക്കുറിച്ചുള്ള ചില പ്രധാനസംഗതികൾ ചുവടേ ചേർക്കുന്നു.

ഉദ്ദേശം മുപ്പതുകൊല്ലം മുമ്പുവരെ മാർക്കറ്റിൽ സാധാരണയായി കിട്ടിവന്നിരുന്നതു വൂൾഫ്, ഹിമാലയൻ, കടമാക്ക്, പൂച്ചെടിപെൻസിൽ എന്നു വിളിച്ചുവന്ന വെള്ളത്തടിയിൽ ഉണ്ടാക്കിയ പെയിന്റില്ലാത്ത പെൻസിൽ, മുതലായവമാത്രമായിരുന്നു. ഉപയോഗത്തിന്, മുനഒടിയുക, പോറുക, കൂടുതൽ തേയുക, കരിപോലെ എഴുതുക തുടങ്ങിയുള്ള വൈകല്യങ്ങളോടു കൂടിയവയായിരുന്നു അവയെല്ലാംതന്നെ. കാഴ്ചയിൽ വളരെ ഭംഗിയുള്ളതും ഏറ്റവും നല്ലതായി നാം കരുതിവന്നതുമായ 'ആനമാർക്ക്' തുടങ്ങിയ പെൻസിലുകൾ സുഗമമായി കിട്ടാൻ തുടങ്ങിയതു ഈ ചെറിയകാലയളവിനുള്ളിൽ മാത്രമാണ്.

നമ്മുടെ നിത്യജീവിതത്തിൽ പെൻസിൽ എത്രമാത്രം ഉപയോഗപ്രദവും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാണെന്നുള്ളതിനു നമ്മുടെ അനുഭവങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയിൽ മുപ്പതുശതമാനവും ഒരിനത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ പെൻസിൽ ഉപയോഗിക്കുന്നവരാണ്. ശരാശരി ഒരാൾക്കു ഒരു മാസത്തേക്കു ഒരു പെൻസിൽ എന്ന നിരക്കിനായാൽ തന്നെയും ൧൨ കോടിയിൽ ചില്വാനം അതായതു ഏകദേശം ൧൦ ലക്ഷം ഗ്രോസ (ഫ ഗ്രോ—ഫർർ) പെൻസിൽ പ്രതിമാസം ഇന്ത്യക്കാവശ്യമുണ്ട്. ഇന്ന് ഇന്ത്യയിലുള്ള പെൻസിൽഫാക്ടറികളിലെല്ലാംകൂടി ഒരുമാസത്തിൽ പരമാവധി ഉല്പാദിപ്പിക്കുന്നതു ഏതാണ്ടു മുപ്പതിനായിരം ഗ്രോസുമാത്രമാണ്. അതായതു ആകെ ആവശ്യമുള്ളതിന്റെ ഒന്നരശതമാനം മാത്രം.

൧൯൨൮-വരെ ആകെ ഇന്ത്യയിലുണ്ടായിട്ടുള്ള ജി. സി. ലാ & കമ്പനി, എഫ്. എൻ. ഗുപ്ത & കമ്പനി, സ്റ്റാർ ഓഫ് ഇന്ത്യ എന്നീ മൂ പെൻസിൽഫാക്ടറികളിൽ തെക്കേ ഇന്ത്യയിലുള്ളതു മദ്രാസിലെ സ്റ്റാർ ഓഫ് ഇന്ത്യാമാത്രമാണ്. ഈ കമ്പനിക്ക് ഏതാണ്ടു മുപ്പതുകൊല്ലത്തെ പ്രായമുണ്ട് എന്നു പറയുമ്പോൾതന്നെ ൧൯൧൪-ലെ ഒന്നാംലോകമഹായുദ്ധത്തോടുകൂടി ഇതു പ്രവർത്തനമാരംഭിച്ചിരുന്നു എന്നുള്ളതു വ്യക്തമാണ്. ഈ ഫാക്ടറി ഇന്നും നിലനില്ക്കുന്നു എന്നുള്ളതു പ്രത്യേകം ശ്രദ്ധേയമത്രേ. ഇത്ര പഴക്കവും നമ്മോടടുപ്പവും ഉണ്ടായിരുന്നിട്ടുപോലും പ്രസ്തുതഫാക്ടറിയേയോ അവരുടെ പെൻസിലിനെയോപ്പറ്റി നമുക്കുള്ള പരിചയം ജർമ്മനി, ജപ്പാൻ തുടങ്ങിയുള്ളിടത്തുനിന്നും വന്നുകൊണ്ടിരുന്ന ആന, കുട, മുതലായ പെൻസിലുകളെപ്പറ്റിയുള്ള അറിവിന്റേയും പരിചയത്തിന്റേയും ആയിരത്തിലൊരംശംപോലും ഉണ്ടായിരുന്നോ എന്നു സംശയമാണ്. ഈ അജ്ഞതയ്ക്കുള്ള പ്രധാനകാരണം അവരുടെ ഉല്പാദനസംഖ്യ ആകെയുള്ള ആവശ്യത്തിന്റെ അരശതമാനംപോലും വരാത്തതായിരുന്നു എന്നുള്ളതുമാത്രമാണ്.

ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ ആവിർഭാവത്തോടുകൂടി ഇറക്കുമതി കുറഞ്ഞ് മറ്റുപല സാധനങ്ങൾക്കെന്നപോലെ പെൻസിലിനും ദൗർല്ലഭ്യം നേരിടാൻ തുടങ്ങിയ ഘട്ടത്തിലാണ് ഭാഗ്യവശാൽ തിരുവിതാംകൂറിൽ ഇദംപ്രഥമമായി വ്യാവസായികമായ തോതിൽ കുണ്ടറയിലെ പെൻസിൽഫാക്ടറി പെൻസിൽനിർമ്മാണമാരംഭിച്ചതു. ഈ സ്ഥാപനം യുദ്ധകാലത്തായിരുന്നു (൧൯൪൦-ൽ) പ്രവർത്തനം ആരംഭിച്ചതെങ്കിലും, ഇതുസംബന്ധമായുള്ള അന്വേഷണങ്ങളും പ്രാരംഭപരിപാടികളും യുദ്ധാരംഭത്തിനു എത്രയോ മുമ്പുതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. ഏറ്റവും നല്ല പെൻസിൽ ഒരു നല്ല ലാഭത്തോടുകൂടി അരച്ചക്രത്തിനു മാർക്കറ്റിൽ വിൽക്കാമെന്നുള്ള ഉറച്ച വിശ്വാസത്തോടുകൂടിയായിരുന്നു പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണറിയുന്നത്.

ഇന്ത്യയിൽ മറ്റെവിടത്തെക്കാളും ഈ വ്യവസായത്തിന്റെ വിജയത്തിനു കൂടുതൽ സാദ്ധ്യതകൾ തിരുവിതാംകൂറിനുണ്ട്. പെൻസിൽ എന്നു പറയുന്നതു തന്നെ തടി, ലെഡ് (മുന) എന്നീ ഘടകങ്ങൾ ചേർന്നതാണല്ലോ. ലെഡിന്റെ നിർമ്മാണത്തിനു അത്യന്താപേക്ഷിതങ്ങളായിട്ടുള്ള അസംസ്കൃതസാധനങ്ങൾ ഗ്രാഫൈറ്റ് (ഈയമണ്ണ്) കളിമണ്ണ് എന്നിവകളാണ്. നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽനിന്നും കിട്ടുന്ന ഈയമണ്ണ് ഇന്ത്യയിൽ മറ്റെവിടെനിന്നും കിട്ടുന്നതിനെക്കാളും ഏറ്റവും മേന്മതേറിയതാണെന്നു പല ഗവേഷണകേന്ദ്രങ്ങളും സർട്ടിഫൈ ചെയ്തിട്ടുണ്ട്. കളിമണ്ണാണെങ്കിൽ ഏതുതരത്തിലുള്ളതും ഇത്ര സുലഭമായി ഇവിടത്തെപ്പോലെ മറ്റെങ്ങുംതന്നെ കിട്ടുകയില്ല, ഇതു സുവിദിതമായ ഒരു വെറും പരമാർത്ഥം മാത്രമാണ്. അടുത്ത പ്രധാനാംശമാണ് തടി. പെൻസിൽനിർമ്മാണത്തിനുപയുക്തമായ അനേകതരം തടികൾ നമ്മുടെ വനങ്ങളിൽ സുലഭങ്ങളാണ്.

അസംസ്കൃതസാധനങ്ങളുടെ കാര്യം ഇങ്ങനെയാണ്. അടുത്ത ജീവപ്രധാനമായ അംശം കൂലിച്ചിലവാണല്ലോ? മേന്മ പറയുമ്പോൾ എന്തുകാരണംകൊണ്ടോ എന്തോ—ഇവിടത്തെ കൂലിനിരക്കു മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു

(ശേഷം ഒൻപതാം പേജിൽ)

## ടാക്കീസ്

കൊല്ലം ലക്ഷ്മീടാക്കീസിൽ

മഹത്തായ 5-ാംവാരം

### വാല്മീകി

ഞായറാഴ്ച, മാറ്റിനി 3-30-ന്

പുതിയ ന്യൂസ് റീൽ കാണുക

അമ്പലപ്പുഴ ഗോപീടാക്കീസിൽ

മഹത്തായ 6-ാംവാരം

എം. കെ. ത്യാഗരാജഭാഗവതർ, റ്റി. ആർ. രാജകുമാരി, എൻ. സി. വസന്തകോകിലം, കൃഷ്ണൻ, മധുരം, അഭിനയിച്ച

### ഹരിദാസ്

ആലപ്പുഴ ശ്രീകൃഷ്ണടാക്കീസിൽ

പി. യു. ചിന്നപ്പാ, റ്റി. ആർ. മഹാലിംഗം, എസ്. എസ്. കൊക്കോ, ജയഗൗരി, രാജകാന്തം അഭിനയിച്ച

### ദയാളൻ

എന്ന തമിഴ് ചിത്രം

ചവറ ദേവടാക്കീസിൽ

ശ്രീ: ജി. സുബ്ബലക്ഷ്മി എസ്. ആർ. ജാനകി, ചെറുകളത്തൂർ ശാമാ, വി. എസ്. മണി മുതലായവരഭിനയിച്ച

### സുഭദ്രാർജ്ജുന

എന്ന പുരാണചിത്രം.

കൊല്ലം S. M. P. പാലസ്സിൽ

ബി. ആർ. പന്തലു, എസ്. വി. സുബ്ബയ്യാ, രാമചന്ദ്രൻ, രാജമ്മ മുതലായവർ അഭിനയിച്ച

എന്ന തമിഴ് ചിത്രം

### വിജയലക്ഷ്മി

കരുനാഗപ്പള്ളി

ശ്രീ വിദ്യാധിരാജ് ടാക്കീസിൽ

### ഭക്തഗൗരി

തമിഴ് പുരാണചിത്രം

അടുത്ത പടം 'കുന്ദലകേശി'

## വില്പാനുണ്ട്

### ചാമ്പലും നല്ലതരം പൊട്ടാഷും

കരുവാറ്റായിലുള്ള ഹർസ്സപുരം എസ്റ്റേറ്റിൽ കുറെ ടൺ ചാമ്പലും പൊട്ടാഷും വില്പനയ്ക്കുണ്ട്. വള്ളത്തിൽ സാധനങ്ങൾ കൊണ്ടുപോകാം.

അപേക്ഷിക്കുക:-

### ഹർസ്സാ ലിമിറ്റഡ്

### കോട്ടയം

## റ്റി. എം. എസ്. മുഹദീൻ,

## പാലസ്റോഡ്, തിരുനക്കര, കോട്ടയം.

ഞങ്ങളുടെ പക്കൽ റംഗൂൺവെള്ള, ഇമിറ്റേഷൻകട്ടിംഗ്, റോസ് ചുമപ്പ് മോതിരക്കല്ലുകൾ, ഇനാമൽഫോട്ടോകല്ലുകൾ, ഫാൻസി കല്ലുകൾ, വെള്ളി ഇനാമൽ വളകൾ, സ്വർണ്ണാഭരണപ്പെട്ടകൾ, സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള പണിസാധനങ്ങൾ മുതലായവ മൊത്തമായും ചില്ലറയായും വില്പനയ്ക്കുണ്ട്. ആർഡർ അനുസരിച്ച് വി. പി-യായും സാധനങ്ങൾ അയയ്ക്കുന്നതാണ്.

A.A. വിലവിവരത്തിന് ഉടൻ എഴുതുക.

## പരസ്യം

—o—

B. II

കൊല്ലം ജില്ലാക്കോർട്ടിൽ
൧൧൨൨ അസ്സൽ ൩൯.

വാദികൾ—൧, പരവൂർ കോങ്ങാൽചേരിയിൽ പനമൂട്ടവീടായ തുണ്ടത്തിൽവീട്ടിൽനിന്നും വാഴവിളവീട്ടിൽ കണക്ക ഗോവിന്ദപ്പിള്ള കുട്ടൻപിള്ള. ൨, ടി പകുതിയിൽ കുറുമണ്ടചേരിയിൽ ക്ലാവറവീട്ടിൽനിന്നും കൂനയിൽചേരിയിൽ ക്ലാവറ വീട്ടിൽ നാരായണനാശാൻ നാരായണനാശാൻ.

പ്രതികൾ—൧, പരവൂർപകുതിയിൽ കുറുമണ്ടചേരിയിൽ ചിത്തച്ചേരിൽ രാമൻ പത്മനാഭന്. ൨, ടിയിൽ കൃഷ്ണൻ അനന്തൻ. ൩, ടിയിൽ പിള്ള രാമൻ. ൪, ടിയിൽ വെളുമ്പി കുഞ്ചാളി. ൫. ടിയിൽ കേശവൻ ശ്രീനിവാസൻ. ൬, ടിയിൽ കുഞ്ഞമ്മിണി വനജാക്ഷി. ൭, ടിയിൽ കുഞ്ചാളി കൊച്ചപ്പി. ൮, പരവൂർപകുതിയിൽ കോങ്ങാൽചേരിയിൽ പടിഞ്ഞാറേവീട്ടിൽനിന്നും ടി പകുതിയിൽ കുറുമണ്ടച്ചേരിയിൽ കാവിളക ഴക്കേതിൽ താമസം കണക്ക ശങ്കരപ്പിള്ള പരമേശ്വരൻ പിള്ള. ൯, ടി പകുതിയിൽ കോങ്ങാൽ ചേരയിൽ പനമൂട്ടവീടായ തുണ്ടത്തിൽ വീട്ടിൽ കണക്ക പത്മനാഭപിള്ള നീലകണ്ഠപ്പിള്ള. ൧൦, ടി പകുതിയിൽ കുറുമണ്ടൽ ചേരിയിൽ കൊല്ലരഴികത്തുവീടായ ചാക്യൻറഴികത്തുവീട്ടിൽ കണക്ക ശങ്കരക്കുറുപ്പ് കേശവക്കുറുപ്പ്.

ടി പ്രതികളേയും പരവൂർപകുതിയിൽ കുറുമണ്ട, പൊഴിക്കര, കോങ്ങാൽ ഈ കരകളിലുള്ള സകലമാനജനങ്ങളേയും തെര്യപ്പെടുത്തുന്നത്.

മേൽവിവരിച്ച പ്രതികൾക്കും കരകളിലുള്ള എല്ലാപേക്കും ഒരുപോലെ അവകാശപ്പെട്ടതായ പരവൂർ പുറകുങ്ങൽ ഭഗവതിക്ഷേത്രത്തിലെ ഭരണം ൧൦൯൪-ലെ ഉടമ്പടിവ്യവസ്ഥയനുസരിച്ച് നടത്തിക്കുന്നതിനു അനുവദിച്ചുത്തരവുണ്ടാകണമെന്നും മറും വാദികൾ ബോധിപ്പിച്ചിരിക്കുന്ന അന്യായസംഗതി ഇതിനാൽ സകല ജനങ്ങളേയും തെര്യപ്പെടുത്തിയിരിക്കുന്നതിനാൽ അതേപ്പറ്റി വല്ല ആക്ഷേപവും ബോധിപ്പിക്കണമെന്നുള്ളവർ നേരിട്ടോ അവരവക്കുവേണ്ടി മുറപ്രകാരം ഏല്പെട്ടതപ്പെടുന്ന അഡ്വോക്കേററന്മാർമുഖേനയോ ൧൧൨൨-ാമാണ്ട കുംഭമാസം ൩-ാം തീയതി പകൽ ൧൧ മണിക്കു ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

കൊല്ലം, ൧൧൨൨ ധനു ൨-ാംനു-

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

പെരുമ്പാവൂർ മുൻസിഫ്കോർട്ടിൽ
൧൧൧൫-ാമാണ്ട് സി ൫൩.

വാദി:—ലിക്വിഡേഷനില് രിക്കുന്നതിരുവിതാംകൂർ നാഷണൽ ആൻറ ക്വയിലോൺബാങ്കുക്ലിപ്തം. ലിക്വിഡേറററ് കെ. എൻ. ശിവശങ്കരൻ.

പ്രതി:—പൂഞ്ഞാർപകുതി ടി കരയിൽ മേയ്ക്കാട്ട വക്കി ദേവസ്സി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

കാലഹരണമില്ലെന്നു ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് സിവിൽ പലവക ഈ. പി. ൫൫൨-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് കുംഭമാസം ൨-ാം തീയതി വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

൧൧൨൨-ാമാണ്ട് മകരമാസം 4-ാംനു-

—o—

## വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്സ്

—o—

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൦൯-ൽ സിവിൽ ൮൮-ാംനമ്പ്ര

ലേലക്കാരൻ—പാണാവള്ളിപകുതി ചേലാട്ടുഭാഗംമുറി മൈലിടയിൽവീട്ടിൽ കൃഷ്ണൻനായർ ദാമോദരൻനായർ.

പ്രതികൾ—൨, പാണാവള്ളിപകുതി ചേലാട്ടുഭാഗംമുറിയിൽ മുളക്കപ്പറമ്പിൽനിന്നും മാളേക്കൽ താമസിക്കും ഗോവിന്ദപ്പിള്ള നീലകണ്ഠപ്പിള്ള. ൩, ടിയിൽ ഗോവിന്ദപ്പിള്ള വാസുപിള്ള. ൫, ടിയിൽ ശങ്കരപ്പിള്ള വിക്രമൻപിള്ള. ൬, ടിയിൽ ശങ്കരപ്പിള്ള നാരായണപിള്ള. ൭, ടിയിൽ ശങ്കരപ്പിള്ള ദാമോദരൻപിള്ള. ൮, ടിയിൽ കുട്ടിയമ്മ കാർത്ത്യായനിയമ്മ. ൯, ടിയിൽ കാർത്ത്യായനിയമ്മ തങ്കമ്മ. ൧൦, ടിമുറിയിൽ മുളക്കപ്പറമ്പുവീട്ടിൽ താമസിക്കും ശങ്കരപ്പിള്ള രാഘവൻപിള്ള. ൧൧, ടിയിൽ ലക്ഷ്മിഅമ്മ കൊച്ചുകുഞ്ഞിയമ്മ. ൧൨, ടിയിൽ കൊച്ചുകുഞ്ഞിയമ്മ ജാനകിഅമ്മ. ൧൩, ടിയിൽ ശങ്കരപ്പിള്ള ഗോപിനാഥൻപിള്ള. ൧൪, ടിയിൽ ശങ്കരപ്പിള്ള മണി. ൧൫, ടിയിൽ ശങ്കരപ്പിള്ള ബാലകൃഷ്ണപിള്ള. ൧൬, ടിയിൽ ശങ്കരപ്പിള്ള തങ്കപ്പൻപിള്ള. (൧൫-ം ൧൬-ം പ്രതികളുടെ രക്ഷകർത്താവു് ചേർത്തലമുൻസിഫ്കോർട്ടിൽ ക്ലാർക്ക് കെ. രാമൻപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

ടി നമ്പരിൽ സന്നതിൽകൊണ്ട വസ്തു ഒഴിപ്പിച്ചുകൊടുക്കണമെന്ന് ലേലക്കാരൻ അപേക്ഷിച്ചതനുസരിച്ചു ൧൧൨൨-ാമാണ്ട കുംഭമാസം ൨൩-ാംനു- സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമ്യനു ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട മകരമാസം ൧൪-ാംനു-.

—o—

## പ്രതിസമൻസ്

—o—

മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൯ സി നമ്പ്ര ൧൫൫

വാദി—മാവേലിക്കര പകുതിയിൽ പുതിയകാവു മുറിയിൽ കളിക്കൽ പീഠികയിൽ മത്തായി മാത്തൻ.

By വക്കീൽ കെ. ജി. മാമ്മൻ

പ്രതികൾ:—൧. ടി പകുതിയിൽ മണക്കാട്ടുമുറിയിൽ കോലേരിൽനിന്നും മാവേലിക്കരമുറിയിൽ വെളുത്തേടത്തുപറമ്പിൽ പീററർ ഫ്രണാൻറീസ്, ൨. ടിയിൽ ചാർലി ഫ്രണാൻറീസ്സ്, ൩.. ടിയിൽ നാൻസി ഫ്രണാൻറീസ്സ്, ൪. ടിയിൽ ജെയിൻ ഫ്രണാൻറീസ്സ്, ൫. ടിയിൽ മേർലി ഫ്രണാൻറീസ്സ്, ൬. ടിയിൽ ബൊറോൺഡയസ്സ്, ൭. ടിയിൽ ലിസ്സിംഡയസ്സ് (മൈനർ) രക്ഷകർത്താവു് ൬-ാം പ്രതി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

അന്യായപ്പട്ടികയിൽപെട്ട സർവ്വേ ൧൧൯/൨ ഏ നമ്പർ ൩൦ സെൻറുള്ള നമ്പോത്തിൽ വാലുപുരയിടത്തിന്മേലുള്ള ഒററി ഒഴിഞ്ഞു കൊടുക്കണമെന്നും, നഷ്ടവും ആദായവും കൊടുപ്പിക്കണമെന്നും, പ്രതികളുടെമേൽ വാദി ബോധിപ്പിച്ചിരിക്കുന്ന ടി നമ്പ്ര വ്യവഹാരത്തെപ്പററി പ്രതികൾക്കു തക്കമുണ്ടെങ്കിൽ ൧൧൨൨ കുംഭം ൨-ാംനു-പകൽ ൧൧ മണിക്കു ടി കോടതി മുമ്പാകെ പ്രതികൾ നേരിട്ടോ വക്കീൽമുഖേനയോ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതാണ്. അല്ലാത്തപക്ഷം പ്രതികളെക്കൂടാതെ കേസു തീരുമാനിക്കുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ മകരമാസം ൪-ാംനു-

—o—

## പരസ്യം

—o—

കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ
1121—ൽ സിവിൽ നമ്പ്ര 535

വാദി അകലക്കുന്നം പകുതിയിൽ മററക്കരകരയിൽ മേക്കാട്ടു് താന്നിക്കൽ ഔസേപ്പുമത്തായി.

3-ാംപ്രതി—പുലിയന്നൂർ പകുതിയിൽ കിഴവങ്കുളം കരയിൽ തെക്കേമുറിയിൽനിന്നും നിരപ്പേൽപുരയിടത്തിൽ താമസിക്കും മത്തായി (ഇരട്ടപ്പേർ അറിവില്ല)

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പർ അന്യായസംഗതിക്ക് ൩-ാം പ്രതിക്ക് പലപ്രാവശ്യവും സമനയച്ചതിൽ മനഃപൂർവ്വം മടക്കിഅയച്ചിരിക്കുന്നതിനാൽ മേൽനമ്പർ അന്യായം സമൻനടത്തിവരുന്നതിന് 1122 കുംഭം 2-ാംനു-വിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം പ്രതിനേരിട്ടോ നിയമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമോ ഹാജരായി തക്കം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസു തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

17—6—122

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

ആററിങ്ങൽ മുൻസിഫ്കോർട്ടിൽ
വിധിനടത്താൻവന്നിട്ടുള്ള
കൊല്ലം മുൻസിഫ്കോർട്ടിൽ
൧൧൦൯-ാമാണ്ട് സിവിൽ ൧൮൧൮.

വാദി:—കൊല്ലം കമ്പോളത്തിൽ പുകയിലവ്യാപാരം വേലായുധൻപിള്ള രാമൻപിള്ള.

പ്രതി.—1 ചിറയിൻകീഴ് അധികാരത്തിൽ ടി ദേശത്ത് കൊല്ലശ്ശേരിവീട്ടിൽ മാർത്താണ്ഡൻ മാധവൻ. ൨. ടിയിൽ കൊച്ചുകുഞ്ചു,

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

കാലഹരണമില്ലെന്നു സ്ഥാപിച്ചു ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് ഈ. പി. ൧൪൮-ാംനമ്പർ ഹർജി സംഗതി ആയിരത്തിഒരുന്നൂററിഇരുപത്തിരണ്ടാമാണ്ട് കുംഭമാസം ൨ ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
(ഹെഡ്ഗുമസ്തം ഒപ്പ്.)

൧൧൨൨-ാമാണ്ട് മകരമാസം ൧൫-ാംനു-

—o—

## പരസ്യം

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
൧൧൯-ൽ സിവിൽ നമ്പർ ൬൩൨

വാദി—രാമങ്കരിപ്പകുതിയിൽ ടി മുറിയിൽ ചേന്നാട്ടുശേരി വടക്കേവീട്ടിൽ ചാക്കോ ചാക്കോ.

പ്രതികൾ—൨ കോട്ടയം ജില്ലാക്കോടതിയിൽ വ്യവഹരിക്കും അഡ്വക്കേററ് എൻ. ഗോവിന്ദമേനോൻ, ൩. കരുനാഗപ്പള്ളിതാലൂക്കിൽ തഴവാപകുതിയിൽ ടി മുറിയിൽ അരയത്തുമഠത്തിൽ കണ്ണമ്പള്ളി വല്യത്തുവീട്ടിൽ ലക്ഷ്മിപ്പിള്ളയമ്മ ദേവകിപ്പിള്ളയമ്മ, ൭. രാമങ്കരിപകുതിയിൽ ടി മുറിയിൽ കാരാഞ്ചേരിൽ നിന്നും ഇപ്പോൾ പുഴവാതു മുറിയിൽ ഉഴവുനടയ്ക്കൽ താമസം രാമൻപിള്ള കേശവപിള്ള, ൮. രാമങ്കരി പകുതിയിൽ പതിയനാടെനിന്നും കൊല്ലം ബോട്ടുജട്ടിയിൽ താമസം രാമൻപിള്ള രാമകൃഷ്ണപിള്ള.

ടി നമ്പരിൽ ടി പ്രതികളെ
തെര്യപ്പെടുത്തുന്നത്

ടി പ്രതികൾക്കു ഈ കോടതിയിൽ നിന്നും പരസ്യനോട്ടീസ്സ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതും വീണ്ടും ൧൧൨൨ കുംഭമാസം ൫ ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതും ടി പ്രതികൾക്ക് ആക്ഷേപമുള്ളപക്ഷം അന്നേദിവസം പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതികളെ കൂടാതെ തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

൧൨൨-മകരം ൧൫-ാംനു-

—o—

## പരസ്യനോട്ടീസ്

സിവിൽ നടപടിനിയമത്തിൻെറ
ആഡർ 21—റൂൾ 64.
വകുപ്പ്.

മാവേലിക്കര മുൻസിഫ്—കോർട്ടിൽ
110-മാണ്ട് 571-ാംനമ്പർ
ആദ്യവ്യവഹാരം
1121—ൽ വിധിനടത്തു
ഹർജി നമ്പർ 105

വാദി—കുരട്ടിശേരിപകുതിയിൽ വിഷ്ണുപർശേരിക്കരമുറിയിൽ ഓററയിൽ ഇരവിമംഗലത്തു ഇല്ലത്തു ത്രിവിക്രമരു നാരായണരുനമ്പൂതിരി.

2. പ്രതി—മാന്നാർ കുരട്ടിശേരി പകുതിയിൽ വിഷ്ണുവർശേരിക്കര മുറിയിൽനടുവിലേത്തുവീട്ടിൽ ശങ്കരപ്പിള്ളകൃഷ്ണപിള്ള.

2-ാംപ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു 1122-ാമാണ്ട കുംഭമാസം 5-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

1122-മാണ്ട മകരമാസം 29 ാംനു-

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

ആലപ്പുഴ പ്രി. മു. കോർട്ടിൽ
൧൧൦൬-ാമാണ്ട് സിവിൽ നമ്പ്ര ൭൬.

വാദി: —കൊല്ലംപകുതിയിൽ വലിയകടച്ചേരിയിൽ വയ്യാമുക്കവീട്ടിൽ അനന്തനാശ്ശാൻ കൃഷ്ണപട്ടരു.

പ്രതി: – കൈനകരിപകുതിയിൽപൊങ്ങമുറിയിൽ പൂപള്ളിൽനിന്നും ആലപ്പുഴ ഇരുമ്പുപാലത്തിനു വടക്കുവശം താമസിക്കും പൂപ്പള്ളിൽ ഔസേപ്പു ചെറിയാനെ തെര്യപ്പെടുത്തുന്നത്.

പ്രതിക്കു വാറണ്ടയയ്ക്കാൻ ഉത്തരവുണ്ടാകണമെന്നു വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൮-ാമാണ്ട് ഈ. പി. ൧൩൦൬-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് കുംഭമാസം ൬-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

൧൧൨൨-ാമാണ്ട് മകരമാസം ൧൨ ാംനു-

—o—

## സിവിൽപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു കക്ഷിചേക്കാൻ നോട്ടീസ്സ്

ചേർത്തലമുൻസിഫ്കോർട്ടിൽ
൧൧൧൦-ാമാണ്ട സി. നമ്പ്ര ൧൪൧൩

ഹർജിക്കാർ—വൈക്കം കട്ടുത്തുരുത്തി പകുതിയിൽ മാന്നാർകരയിൽ ആല്യാമൂട്ടിൽനിന്നും തറയിൽ പാക്കും മരക്കാരുബ്യുകാരിമുതൽപേർ

പ്രതികൾ—൩ ടി മാന്നാർകരയിൽ ആല്യാമൂട്ടിൽ കുഞ്ഞാമഹമ്മദ് ൪ ടിയിൽ അടിമകുഞ്ഞാ

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

കൂട്ടതൽ വാദികളായി കക്ഷിചേർത്തു ഉത്തരവുണ്ടാകണമെന്നുംമററും ഹർജിക്കാർ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട സിവിൽപലവക ൨൩൫൭-നമ്പ്ര ഹർജി സംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൫-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ പന്ത്രണ്ടുമണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽബോധിപ്പിച്ചുകൊള്ളണം. അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട മകരമാസം ൧൦-ാംനു-

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

ചങ്ങനാശ്ശേരി മുൻസിഫ് കോർട്ടിൽ
൧൧൯-ാമാണ്ട സി. നമ്പർ ൨൭൯

വാദി:—ചങ്ങനാശ്ശേരി പകുതിയിൽ പെരുന്നയിൽ കിഴക്കുംമുറിയിൽ കളത്തിൽവീട്ടിൽ ലക്ഷ്മിഅമ്മ തങ്കമ്മ.

പ്രതികൾ:—൧. കോട്ടയംതാലൂക്കിൽ വിജയപുരംപകുതിയിൽ ആമമാന്തുർകരയിൽ നന്ത്യാട്ടുവീട്ടിൽ കൃഷ്ണപിള്ള നാരായണൻനായർ. ൨. ടിയിൽ കൃഷ്ണപിള്ള ഗോവിന്ദൻനായർ. ൩. ടിയിൽ കൃഷ്ണപിള്ള കുമാരമോഹനൻനായർ. ൪. ടിയിൽ പാർവ്വതിയമ്മ കൊച്ചുപെണ്ണമ്മ. ൫. ടിയിൽ കൊച്ചുപെണ്ണമ്മ പാറുക്കുട്ടിയമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് ഇ. പി. ൩൦-ാം നമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൩-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-മകരം-൧൭

—o—

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

തിരുവല്ലാ മുൻസിഫ് കോർട്ടിൽ
൧൧൯-ാമാണ്ട്-സ്മാൾ-൩൧൭

വാദി—:തിരുവിതാംകൂർ നാഷണൽ കായിലോൺബാങ്ക് ക്ലിപ്തം.

പ്രതി:—ചെറിയനാട്ടുപകുതിയിൽ ചെറിയനാട്ട് കിഴക്കുംമുറിയിൽ വാണിയൽ ചക്കാലയിൽ ഗീവറുഗീസ് കുഞ്ഞേറിയൻ.

ടിപ്രതിയെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് വിധിനടത്തു ൨൫൩-ാം നമ്പർ ഹർജിസംഗതി ൧൧൨൨ ാമാണ്ട് കുംഭമാസം ൩-ാംതീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨൨-൫-൧൨

—o—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൾ ഡിസ്ട്രിക്ട് മുൻസിഫ് കോടതിയിൽ
൧൧൦-ൽ സിവിൽ നമ്പ്ര ൨൨൧

വാദിദാർ—ഇടപ്പള്ളി വലിയരാജാവ് അവർകൾ.

അഡ്വക്കേറ്റ് ജി. ഗോപാലൻകർത്താവ്

൫-ാംപ്രതി—കൊച്ചികണയന്നൂർ താലൂക്ക് മട്ടാഞ്ചേരി വില്ലേജ് രാമേശ്വരം മുറിയിൽ വലിയവീട്ടിൽ വി. പി. കുഞ്ഞുപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ഈ നമ്പ്ര വിധിനടത്തുന്നതിനു വാദിക്കണമെന്നും മറ്റും വാദിദാർ ബോധിപ്പിച്ച ഹർജിസംഗതി ൧൧൨൨ കുംഭം ൨-ാംനു-ക്ക് വിചാരണവച്ചിരിക്കുന്നതിനാൽ ടി ഹർജിക്ക് എതിരായി വല്ല ആക്ഷേപവുമുണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്ക് ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ മകരം ൧൦-ാംനു-

—o—

Notice Order XXI Rule 20

കൊല്ലം പ്രി-മുൻസിഫ് കോർട്ടിൽ വിധിനടത്തുന്ന ആലപ്പുഴ മുൻസിഫ് കോർട്ടിൽ
1108 സിവിൽ 1497

വാദി—പുളിംകുന്നുപകുതിയിൽ ടി മുറിയിൽ പുത്തൻപുരയ്ക്കൽ കുഞ്ചേറിയ കുഞ്ചേറിയാ.

പ്രതി—തിരുവനന്തപുരം പാൽകുളങ്ങര പെരുന്താന്നിമുറിയിൽ അരുമന അമ്മവീട്ടിൽ ശ്രീനാരായണൻതമ്പി ചെമ്പകരാമൻ പരമേശ്വരൻ (ഇപ്പോൾ ആലപ്പുഴ മുല്ലയ്ക്കൽപടിഞ്ഞാറെനടയിൽ താമസം)

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്ര വിധിനടത്താൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നുംമറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-ാം മാണ്ട EP. 436-ാം നമ്പ്ര ഹർജിസംഗതി 122-ാമാണ്ട കുംഭമാസം 1-ാംനു വിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം കക്ഷിയോ വക്കീലോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ ഒപ്പ്)

122 മകരം 29-ാംനു-

—o—

## പരസ്യം

—o—

സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ
116-ാംമാണ്ട 713

വാദി:—കുന്നത്തുനാട്ടുപകുതി പുന്നോക്കോട്ടുകരയിൽ നെട്ടൂരുത്തി ഹരിദാസൻ എന്നു സ്ഥാനപ്പേരുള്ള പൊന്നോർക്കോട്ടമനയ്ക്കൽ തുപ്പൻ തുപ്പൻ നമ്പൂരിപ്പാട്.

പ്രതി—25. വെങ്ങോലപകുതി ടികര തുമ്മാരുകുടിയിൽ പാക്കം കഴക്കമ്പലംപകുതി ചൂരക്കോട്ടുകര ചക്കശ്ശേരി തെക്കേവീട്ടിൽ നാരായണൻ വാസുദേവൻ പിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ സംഗതിക്ക് പ്രതികൾക്കു വാറണ്ടയയ്ക്കുവാൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന 1122-ാമാണ്ട് ഇ. പി. 32-ാംനമ്പർ ഹർജിസംഗതി 1122-ാമാണ്ട കുംഭമാസം 1-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്.)

1122-ാമാണ്ട് മകരമാസം 14-ാംനു-

—o—

## പ്രതിസമൻ

തിരുവല്ലാ മുൻസിഫ് കോർട്ടിൽ
൧൨൧ സി. ൨൧൩.

വാദി—ഏഴുമറ്റൂർ തെള്ളിയൂർ മുറിയിൽ അരയ്ക്കുനാമല പുതുപ്പറമ്പിൽ ഗീവറുഗീസ് മത്തായി.

൫-ാംപ്രതി—ടി മുറിയിൽ തൈപ്പറമ്പിൽ കുമാരക്കുറുപ്പ് പരമേശ്വരക്കുറുപ്പ്.

ടി നമ്പ്രിൽ ടി പ്രതിക്ക് പല പ്രാവശ്യവും സമൻ അയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൨ കുംഭം ൧-ാംനു-പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കാത്തപക്ഷം ടി പ്രതിയെക്കൂടാതെ കേസു തീരുമാനിക്കുന്നതാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ ധനു ൨൩ ാംനു-

—o—

## പരസ്യം

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ
൧൧൦-ാമാണ്ട സി. ൧൧൩

വാദി·—വയ്ക്കംതാലൂക്ക കടുത്തുരുത്തി പകുതി അയാംകുടികരയിൽ പട്ടമന മനയ്ക്കൽ ജയന്തൻ ശങ്കരൻതമ്പൂരിപ്പാട്.

പ്രതികൾ:—൧ ആലുവാപകുതി ടികര പാലപ്പിള്ള ത്തുതാമസിക്കും ചന്തയിൽ പാറയ്ക്കൽ പവ്യാനോസ്സ് മകൻ മാത്യു എന്നു വിളിക്കുന്ന മത്തായി. ൨. ടിയിൽ താമസം ആലുവാ സെൻറ്മേരീസ് സ്ക്കൂളിൽ അദ്ധ്യാപകുജോലി, പോൾ എന്നുകൂടി വിളിക്കുന്ന പവ്യാനോസ്സ്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ സംഗതിക്ക് പ്രതികൾക്കു വാറണ്ടയയ്ക്കാൻ അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് E. P ൪൪-ാം നമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൧-ാംതീയതി വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-മകരം-൧൪

—o—

## പ്രതിസമൻസ്

ആലപ്പുഴ പ്രി: മുൻസിഫ് കോർട്ടിൽ
121—സ്മാൾ—143

വാദി:—ആലപ്പുഴ പകുതിയിൽ ടി മുറിയിൽ തൈപ്പറമ്പിൽ സൂര്യനാരായണപിള്ള കൃഷ്ണസ്വാമിപ്പിള്ള മു. പേർ 2

പ്രതി: —മാൻതാണ്ഡത്തു കരിപ്പുകട്ടികച്ചവടം ഇരവിപുത്തൂർ കടയിൽ എസ്സ്. എം. സെയ്തുമാഹമ്മദുകണ്ണു

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽ നമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിന് ഉത്തരം പറവാനായി 1122-മകരം 30-ാംനു- അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് നിങ്ങൾ നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെ കൂടാതെ ടി കേസ്സ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്.)

1122-മകരം 17-ാംതീയതി

—o—

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

മൂവാറ്റുപുഴ മുൻസിഫ് കോർട്ടിൽ
൧൧൯-ാമാണ്ട സ്മാൾ ൧൨൭

വാദി— പിറവം പകുതി ടി കരയിൽ കോമല്ലിൽവീട്ടിൽ ശങ്കരൻ രാമൻനായർ

പ്രതി—൧. ടി കരയിൽ ചാലാശ്ശേരിൽ ഭവനത്തുനിന്നും ഇപ്പോൾ വയ്ക്കംതാലൂക്ക മണകുന്നം പകുതി കണ്ടനാട്ടുമുറിയിൽ കലയിക്കാട്ടുവീട്ടിൽ താമസിക്കും രാമൻ നീലകണ്ഠപ്പണിക്കർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വിധിനടത്തുവാൻ അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും മറ്റും വാദിബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് ഈ പി. ൧൧൦-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൨-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ട് മകരമാസം ൧൨ നു-

## എതൃകക്ഷിക്കു നോട്ടീസ്സ്

—o—

കോട്ടയം മുൻസിഫ് കോർട്ടിൽ
൧൧൫-ാംമാണ്ട സിവിൽ നമ്പ്ര ൫൭൧

വാദി:— കോട്ടയം ബാങ്ക് ക്ലിപ്തം.

പ്രതി:—കോട്ടയംപകുതിയിൽ തിരുനക്കര കരയിൽ കിഴക്കേതിൽവീട്ടിൽ രാമൻപിള്ള വേലായുധൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

വാറണ്ടയക്കാൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് സിവിൽ ൫-ാംനമ്പർ ഹർജി സംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൨-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ട് മകരം ൩

—o—

## പ്രതിസമൻസ്

—o—

കൊല്ലം പ്രിൻസപ്പാൾ മുൻസിഫ് കോർട്ടിൽ
൧൨൨ സി ൫൩.

വാദി:—ആലപ്പുഴ പുത്തനങ്ങാടിയിൽ വ്യാപാരം മുല്ലക്കൽ മുറിയിൽ രാജഗോപാലമന്ദിരത്തിൽ ബാലനാറെഡ്യാർ രാജഗോപാലറെഡ്യാർ.

പ്രതി—൨. പുനലൂർ കമ്പോളത്തിൽ തടിയും ജൗളിയും വ്യാപാരം പി. എസ്സ്. അയ്യാപ്പനാടാരുടെ ജവുളിക്കടയിൽ പാർട്ടനറും മാനേജരുമായ സി. പത്മനാഭപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്ക് ഈ കോടതയിൽനിന്നും സമൻസയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൨ കുംഭം ൨-ാംനു- പകൽ ൧൧ മണിക്ക് കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റോ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ മകരം ൩-ാംനു-

—o—

## പരസ്യം

—o—

വസ്തുഒഴിപ്പിക്കുന്നസംഗതിക്ക് നോട്ടീസ്

സിവിൽ നടപടി നിയമത്തിൻെറ ആഡർ ൨൧ റൂൾ ൩൩, ൩൪, ൩൫, ൩൬.

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ
൧൧൦ ാമാണ്ട് ൧൦൯-ാംനമ്പർ ആദ്യവ്യവഹാരം
൧൧൨൨-ാമാണ്ട് വിധിനടത്തുന്ന അപേക്ഷനമ്പർ. ൧൧

വാദി—കുന്നത്തുനാട്ടുപകുതി പെരിങ്ങാലകരയിൽ പാറക്കാട്ടുകുടി കൈക്കപീടികയിൽ കച്ചവടം കാരുകുന്നത്തു പരിയത്തു് കാതിരു്.

പ്രതി—൧൨. കുന്നത്തുനാട്ടുപകുതി പെരിങ്ങാലകരയിൽ തേലയ്ക്കാട്ടുകുടി പുത്തൻപുരയിൽ പാക്കം കാരുകുന്നത്തു പരിയത്തുഉമ്മ അയിശുമ്മ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ കൊണ്ട വസ്തു ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു വാദി—അപേക്ഷിച്ചതനുസരിച്ച് ൧൧൨൨-ാമാണ്ട് കുംഭമാസം ൫-ാംനു- സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിന് ആമ്യൻ ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

നോ: വി: ൧-൬-൧൧൨൨.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ട് മകരമാസം ൧൪-ാംനു-

—o—

ചെറുകഥ

# കാമുകന്റെ ലോകം

വി. കെ. ബാലഗോപാലൻ

നഗരത്തിലെ ഒരു ചെറിയ പാലം. പാലത്തിന്റെ അടിയിലൂടെ ഒരു കനാൽ പടിഞ്ഞാട്ടൊഴുകുന്നു. കനാലിന്റെ വടക്കേകരയിൽ റോഡരുകിലായി ഒരു വീട്ടുമുണ്ട്.

കുറെനേരമായി ഒരു ചെറുപ്പക്കാരൻ ആ പാലത്തിൽനിന്ന് ചുററിക്കറങ്ങുന്നു. ഇന്നലെയും അയാളെ അവിടെ കണ്ടതാണ്. ഇന്നലെയെന്നല്ല ഒരാഴ്ചകൊണ്ട് അയാളെ ആ പാലത്തിനു മുകളിൽ കാണുന്നു.

ആ നില്പിന് ഒരർത്ഥമില്ലെന്നു വിചാരിക്കാൻ നിവൃത്തിയില്ല. അങ്ങിനെയിരിക്കുമ്പോൾ, അയാൾ പാലത്തിന്റെ കൈവരിയിൽ പിടിച്ചുകൊണ്ട് പടിഞ്ഞാറ് ആ വീട്ടിലേക്കു നോക്കുന്നു. അല്പം മുമ്പ് അയാൾ കൈവിരലുകൾകൊണ്ട് ഏതോ ആംഗ്യംകാണിച്ചു. ഒരു യാത്രക്കാരൻ അതിലെ കടന്നുപോയപ്പോൾ, അയാൾ പാലംവിട്ട് താഴെയിറങ്ങി റോഡരുകിലെ പൈപ്പിൽ കാലും മുഖവും കഴുകി വീണ്ടും അവിടെത്തന്നെ വന്നു നിലയായിരിക്കുകയാണ്.

അയാൾ ഇപ്പോൾ ഒരു വെള്ളക്കൈലേസുയർത്തി ഏതോ ആംഗ്യം കാണിച്ചു. അയാൾ നടക്കുകയായി. നടത്തം പതുക്കെയാണ്. ഇടക്കിടയ്ക്ക് തിരിഞ്ഞുനോക്കുന്നുമുണ്ട്.

ആ വീടിന്റെ മുൻവശത്തെ വരാന്തയിൽ, തെക്കേഅററത്ത് ഒരാൾ നിൽക്കുന്നു. അവൾ റോഡിലേക്കു നോക്കിക്കൊണ്ടു നിൽക്കുകയാണ്. കയ്യിൽ ഒരു പുസ്തകവും ഉണ്ട്.

അടുത്തദിവസവും സ്ക്കൂളില്ല. ഇന്നും ആ ചെറുപ്പക്കാരനെ പാലത്തിനു മുകളിൽ കണ്ടു. ഇന്ന് നില്പിന്റെ മട്ടൊന്ന് മാറിയാണ്. ഒരു സൈക്കിളിലാണ് അയാൾ വന്നിരിക്കുന്നത്. ആ വീട്ടിന്റെ മുൻവശത്തുടെ നാലഞ്ചുപ്രാവശ്യം അയാൾ അങ്ങോട്ടും ഇങ്ങോട്ടും പോയി. ഒന്നുരണ്ടുതവണ തുടരെ ബെല്ലടിച്ചു. കുറെനേരം പാലത്തിന്റെ ഇരുമ്പഴിയിൽ കാലുമറപ്പിച്ച് അയാൾ വിശ്രമിച്ചു.

സൈക്കിളിൽ ഇരുന്നുകൊണ്ടുതന്നെ ആ ചെറുപ്പക്കാരൻ ഒരു സിഗററു കത്തിച്ചു. കുറെക്കഴിഞ്ഞ് കൈലേസുയർത്തി വിശി, വണ്ടിവിട്ടുപോവുകയും ചെയ്തു.

അടുത്തൊരുദിവസം സായന്തനമാണ്. ആ ചെറുപ്പക്കാരൻ സാധാരണ വരാറുള്ള സമയം കഴിഞ്ഞു.

വരാന്തയിൽ അവൾ ഉണ്ട്. ഇന്ന് പുസ്തകം കയ്യിലില്ല. തലമുടി പിന്നിക്കൊണ്ട്, അവൾ വരാന്തയിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്. ഇടയ്ക്കിടക്ക്, ആകാംക്ഷയോടെ പാലത്തിന്റെ മുകളിലേക്ക് നോക്കുന്നുമുണ്ട്.

ഒരു സൈക്കിൾയാത്രക്കാരൻ പാലംകയറി കടന്നുപോയി. അയാൾ ഒന്നു ബെല്ലടിച്ചിരുന്നു. അവൾ പെട്ടെന്ന് തലയുയർത്തി നോക്കി.

അവൾക്ക് ക്ഷമകെട്ടുന്നതുപോലെ തോന്നും. ആ മുഖഭാവം അങ്ങിനെയാണ്.

ഒരു പ്രായംകൂടിയ സ്ത്രീ, അവളുടെ അമ്മയായിരിക്കാം, വരാന്തയിൽവന്ന് അവളോട് ഏതോ ചോദിച്ചു. അവൾ കാര്യമായി എന്തോ മറുപടിയുംപറഞ്ഞു. ആ സ്ത്രീ പോയി.

ആ യുവതി വരാന്തയിൽനിന്ന് മുററത്തേക്കിറങ്ങി. ഏതോ ഓർത്തുകൊണ്ട്, ഒരു റോസാച്ചെടിയുടെ അരികിൽ കുറെ നേരം നിന്നു. അതുകഴിഞ്ഞ് അവൾ ഒരു റോസാപ്പൂ പറിച്ചു. അത് പിന്നിയ തലമുടിയുടെ അററത്ത് കൊരുത്തു.

ആ യുവതി തൈമാവിന്റെ അരികിലേക്ക് നീങ്ങിനിന്ന്, ബ്ളൗസിന്റെ ഉള്ളിൽനിന്നും ഒരു കടലാസെടുത്ത് വായിക്കാൻതുടങ്ങി. ആ കടലാസ് വീണ്ടും ബ്ളൗസിന്റെ ഉള്ളിൽതന്നെ വച്ചു.

പെട്ടെന്ന് അവളുടെ മുഖം വികസിച്ചു. ഒരു സൈക്കിൾ പാലത്തിനു മുകളിൽ വന്നുനിന്നു.

* * *

ഒരു കഥയുണ്ട്, എനിക്കു മനസ്സിലായി. പക്ഷേ അത് രഹസ്യമാണ്. അതു് രൂപംവച്ചുവന്നതേയുള്ളു. വളർന്നുകഴിഞ്ഞിട്ടില്ല; എങ്കിലും തീച്ചയായും അതു വളരും.

ആ വികാസംനോക്കി കാണാൻ ഒരു കൊതിതോന്നുന്നെങ്കിൽ അതു സഹജമാണ്.

പട്ടണത്തിന്റെ മറെറാരുഭാഗത്തുവച്ച്, ആ ചെറുപ്പക്കാരനെ ഞാൻ കണ്ടു. കയ്യിൽ ഒരു റോസാപ്പൂവുമുണ്ടായിരുന്നു. അയാൾ അത് മണപ്പിക്കുന്നുണ്ടായിരുന്നു.

അവളുടെ കയ്യിലും അന്ന് അത്തരമൊരു പൂ കണ്ടിരുന്നു. കൂടെ കൂടെ അവളും അത് അധരത്തിൽ ചേർക്കുന്നുണ്ടായിരുന്നു.

ഇപ്പോൾ ആ ചെറുപ്പക്കാരന് വായിക്കാൻ ഒരു തുണ്ടുകടലാസും കിട്ടിയിട്ടുണ്ട്. പാലത്തിന്റെ മുകളിൽ ഇരുന്നുകൊണ്ട് അയാൾ അത് പലപ്രാവശ്യം വായിച്ചുതീർത്തു. വായിച്ചുകഴിഞ്ഞു, അതു് സൂക്ഷിക്കുന്നതു് മടക്കി വച്ചിരിക്കുന്ന ഷർട്ടിന്റെ കൈചുരുളുകൾക്കുള്ളിലാണ്:

നഗരത്തിലെ അധികം ജനസഞ്ചാരമില്ലാത്തവഴികളിലെല്ലാം ആ ചെറുപ്പക്കാരനെ കാണുന്നുണ്ട്. ഒററക്കാണ്. ആരും കൂട്ടുകാരില്ല. അങ്ങ് ചുററിനടക്കുകയാണെന്ന് തോന്നും. ഗൌരവമേറിയ ഏതൊ ആലോചിക്കുന്ന മട്ടാണ് എപ്പോഴും. ഇടക്കിടെ അറിയാതെ തന്നെ, അയാൾ ചിരിച്ചുപോകുന്നുമുണ്ട്. ചിലപ്പോൾ ഒരാനന്ദോന്മാദമാണ് ആ മുഖത്തു കാണാനുള്ളതു്.

സന്ധ്യയായാൽ അയാളെ പാർക്കിൽ കാണാം. പാട്ടു കേൾക്കുന്നതിന് വല്ലാത്ത കമ്പമുണ്ടെന്നു തോന്നുന്നു.

* * *

ഞാൻ അയാളെ സൂക്ഷിക്കാൻതുടങ്ങി. എനിക്കൊന്നുപരിചയപ്പെടണമെന്നുണ്ട്. പക്ഷേ, തരം കിട്ടുന്നില്ല. വെറുതേ അങ്ങു വലിഞ്ഞുകേറി പരിചയപ്പെടാൻ എനിക്കിഷ്ടമില്ല. യാദൃച്ഛികമായി അതു സംഭവിക്കാനാണ് ഞാൻ കാത്തിരിക്കുന്നതു്.

അയാളോട് ആർക്കും മതിപ്പുതോന്നും. ആ നടത്തംതന്നെ ആകർഷണീയമാണ്. വെളുത്ത വസ്ത്രങ്ങൾ ധരിക്കുന്നു. അടുത്തുകൂടി കടന്നുപോയാൽ ഒരു പരിമളവും അനുഭവപ്പെടുന്നുണ്ട്.

* * *

അടുത്തൊരു സായാഹ്നമാണ്. ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞു, അയാൾ പാലത്തിൽ വന്നിട്ട്. പടിഞ്ഞാറ് ആ വീട്ടിലേക്കു നോക്കിനിൽക്കുകയാണ്. പോക്കററിൽനിന്നും കൈലേസ് എടുത്തു ചുംബിക്കുന്ന മാതിരി മുഖം തുടച്ചു.

ആ പറമ്പിൽ അവളുണ്ട്. കൂടെ ഒരു കുട്ടിയും. അവൾ കുട്ടിയോടു, കൊഞ്ചി കൊഞ്ചി ഏതോ പറയുന്നു. കുറെ കഴിഞ്ഞ്, അവൾ കുട്ടിയെ വാരിയെടുത്ത് ഒന്നുരണ്ടു തവണ ചുംബിച്ചു.

ഇപ്പോൾ അവളെ കാണാനില്ല.

അയാളോടു സംസാരിക്കണമെന്നു തീർച്ചയാക്കിക്കൊണ്ട് ഞാൻ പാലം കയറിച്ചെന്നു. പക്ഷേ, അയാൾ വേഗം വണ്ടി വിട്ടുപോയി.

അന്നുരാത്രി ഞങ്ങൾ പാർക്കിൽവച്ച് കണ്ടുമുട്ടി: ഞാൻ അയാൾ ഇരുന്ന ബെഞ്ചിൽ സ്ഥലം പിടിച്ചു. അയാളുടെ കയ്യിൽ ഒരു പുസ്തകവും ഉണ്ട്. എനിക്കു സംസാരിക്കാൻ വഴിയായി.

'എന്താ പുസ്തകം'

അയാൾ പുസ്തകം എന്റെ കയ്യിൽ തന്നു. അതു്—യുടെ കവിതകളാണ്.

'—ഒരു നല്ല കവിയാണ്' ഞാൻ പറഞ്ഞു.

'അതിനു സംശയമെന്തു്' അയാൾ എനിക്കഭിമുഖമായിരുന്നു. 'ഈ പുസ്തകം ഞാൻ ഒൻപതാമത്തെ പ്രാവശ്യമാണ് വായിക്കുന്നതു്. ഭ്രാന്തു പിടിപ്പിക്കുന്ന ഒരു മാദകതയാണ് ഇതിലോരോ വരികൾക്കും.'

ഞങ്ങൾ ദീർഘനേരം സംസാരിച്ചു. എന്തു പറഞ്ഞാലും അയാൾ ചെന്നു ചേരുന്നതു് പ്രേമത്തിലാണ്.

അയാൾ പറയുന്നു:—

'ഒരു കാമുകന്റെ ജീവിതം, അതു് സങ്കല്പസുഖങ്ങളുടെ ഒരു വിലാസരംഗമാണ്; നിങ്ങൾ പ്രേമിച്ചിട്ടുണ്ടോ?'

'ഇല്ല'.

'എങ്കിൽ നിങ്ങൾക്കറിയാൻ സാധിക്കുകയില്ല. അനുഭവിച്ചുതന്നെ അറിയേണ്ട ഒന്നാണ് പ്രേമം'

പ്രേമം എന്നു പറയുമ്പോൾ അയാളുടെ മുഖത്തു ഒരു പ്രത്യേകതയാണ്. വല്ലാത്ത ചുറുചുറുക്കോടെയാണ് അയാൾ സംസാരിക്കുന്നതു്.

'മണിക്കൂറുകൾ നിങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ ഹൃദയം മുഴുവൻ സങ്കല്പങ്ങളും ഭാവനകളുമായിരിക്കും. സങ്കല്പങ്ങളിൽക്കൂടി നിങ്ങൾ മഹാസാമ്രാജ്യങ്ങൾ രചിക്കും. ഊണു കഴിക്കുന്ന കാര്യംപോലും നിങ്ങൾ മറന്നുപോകും. ജീവിതം നിങ്ങൾക്ക് ഉന്മാദമധുരമായ ഒരുത്സവമായിരിക്കും'

'ഞാൻ പ്രേമത്തിൽ വിശ്വസിക്കുന്നില്ല' ഞാൻ പറഞ്ഞു. 'അതു് നിങ്ങൾ പ്രേമിക്കാഞ്ഞിട്ടാണ്. ഒരു ദിവസം നിങ്ങൾക്കതനുഭവപ്പെടും. വളരെ യാദൃച്ഛികമായിട്ടായിരിക്കും അതു് സംഭവിക്കുന്നതു്. നിങ്ങൾ അറിയുകയില്ല' ഒരു പ്രഭാതത്തിൽ കാണാം, നിങ്ങൾ അറിയാതെ ചിരിക്കാൻ തുടങ്ങുന്നതു്, കാരണമില്ലാതെ നെടുവീർപ്പിട്ടുകൊണ്ടിരിക്കുന്നതു് നിങ്ങൾ വിചാരിക്കുകയോ, ഉദ്ദേശിക്കുകയോ ചെയ്യുന്ന ഒരു സ്ത്രീയോട് നിങ്ങൾക്ക് പ്രേമം ഉണ്ടാവുമെന്നു വരുകയില്ല. നിങ്ങൾ സ്വപ്നത്തിൽ പോലും ഉദ്ദേശിക്കാത്ത ഒരുവളായിരിക്കാം 'നിങ്ങളുടെ ആ മഹാസാമ്രാജ്യത്തിലേക്ക് കടന്നുവരുന്നതു്'

'നിങ്ങൾ ഒരു കാമുകനാണോ?' ഞാൻ ചോദിച്ചു.

'അല്ല'

'പിന്നെ'

'എനിക്കിതെല്ലാം അറിയാം'

'അതു് എങ്ങിനെ?'

'എന്റെ ഒരു സ്നേഹിതൻ ഒരു പ്രേമബന്ധത്തിലകപ്പെട്ടിരിക്കുകയാണ്. അയാളുടെ അനുഭവങ്ങളാണ്'

'ഓ' ഞാൻ അതു സമ്മതിച്ചു. അയാൾ അതു് രഹസ്യമായി വയ്ക്കാൻ ശ്രമിക്കുകയാണ്. ഞാനും അതു് അങ്ങിനെ വിട്ടു. പിന്നെയും കുറെ നേരത്തേക്കുകൂടി ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. പോകാൻനേരത്തു് ഞാൻ ചോദിച്ചു.—

'നിങ്ങളുടെ പേരെന്താ'

'കരുണൻ'

അതിനടുത്തദിവസം വൈകിട്ട് പാലത്തിൽ വച്ച് ഞാൻ കരുണനെ കണ്ടുമുട്ടി ഒന്ന് മന്ദഹസിച്ചിട്ട്, ധൃതിയിൽ എവിടെയോ പോകാനുള്ളതുപോലെ ഞാൻ നടന്നുകളഞ്ഞു.

അയാൾക്ക് എന്നോടുള്ള മതിപ്പ് വർദ്ധിച്ചിട്ടുമുണ്ട്.

രാവിലെ ഞാൻ വഴിമുക്കിലുള്ള തയ്യൽ കടയിലേക്ക് കയറിച്ചെന്നപ്പോൾ കരുണൻ അവിടെയുണ്ട്. കുട്ടികൾ സ്കൂളിലേക്കു പോകുന്നു.

കുറെനേരം ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു.

സ്ക്കൂളിലേക്ക് പോകാൻ അഞ്ചാറു പെൺകുട്ടികൾ ഒന്നിച്ച് അതിലെവന്നു. അതിൽ ഒരുത്തി ആകാംക്ഷയോടെ കടയിലേക്കു നോക്കി. അവരുടെ കണ്ണുകൾ പരസ്പരം ഇടഞ്ഞു.

ഇപ്പോൾ ഞങ്ങൾ സ്നേഹിതന്മാരായിത്തീർന്നിരിക്കുകയാണ്. കരുണൻ തന്നെ സംബന്ധിച്ച എല്ലാം എന്നോട് പറഞ്ഞുകഴിഞ്ഞു. പക്ഷേ ആ മൂടുപടംമാത്രം ഇതുവരെ മാററിയിട്ടില്ല. ഞാനും അതു് അയാളുടെ ഇഷ്ടത്തിന് വിട്ടിരിക്കുകയാണ്.

അടുത്ത ദിവസത്തെ ഞങ്ങളുടെ സംഭാഷണവിഷയം പ്രേമലേഖനങ്ങളായിരുന്നു. അയാൾ പറയുകയാണ്:— ഒരു സ്ത്രീയുടെ ഹൃദയം അവളോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ; തികച്ചും മനസ്സിലാക്കാൻ സാധിക്കാതെ വന്നേക്കാം. പക്ഷേ അവളുടെ ഒരെഴുത്തിൽനിന്ന് അവളുടെ ഹൃദയത്തിന്റെ അഗാധതയിലെ ചലനങ്ങൾപോലും നമുക്ക് കേൾക്കാൻ കഴിയും'

കരുണന്റെ കയ്യിൽ ഒരെഴുത്തുമുണ്ട്. അയാൾ തുടർന്നു:—'ഞാൻ പറഞ്ഞില്ലേ, എന്റെ സ്നേഹിതൻ ഒരു പ്രേമബന്ധത്തിലേർപ്പെട്ടിരിക്കുകയാണെന്ന്. ഈ എഴുത്ത് അയാളുടെ കാമുകിയുടേതാണ്. നിങ്ങൾ നോക്കു പ്രേമിക്കുന്ന ഒരു സ്ത്രീയുടെ ഹൃദയം—സ്ത്രീയുടെയെന്നല്ല പുരുഷന്റെയും, എത്ര ബാലിശങ്ങളായ ഭാവനകൾകൊണ്ട് നിറഞ്ഞിരിക്കുമെന്ന്. നിങ്ങൾക്ക് കേൾക്കാൻ ഇഷ്ടമുണ്ടെങ്കിൽ ഒന്നുരണ്ടു വാചകം ഞാൻ വായിച്ചു കേൾപ്പിക്കാം.'

'കൗതുകമുണ്ട്' ഞാൻ പറഞ്ഞു.

അയാൾ വായിച്ചുതുടങ്ങി. "ദിവസം അൻപതുവട്ടം കാണണമെന്ന് പറഞ്ഞിട്ട്, ഇപ്പോൾ ഒരുനേരമെങ്കിലും കാണാൻസാധിക്കുന്നില്ലല്ലോ. ഇപ്പോഴും കാറാം എന്റേതായിരിക്കാം."

മറെറാരു വാചകം കേൾക്കു.

"നാഴികക്കു നാല്പതുവട്ടം ഇങ്ങിനെ എന്നോട് പിണങ്ങിയാലോ."

വേറൊരുവാചകം നോക്കു മിസ്റ്റർ, അവളുടെ ഹൃദയം എത്ര ബാലിശങ്ങളായ ചിന്തകളിലാണ് കഴിയുന്നതെന്ന് നിങ്ങൾക്കു കാണാം.

'മുഖമ്പാരിക്കൽ പറഞ്ഞു ഞാൻ അമ്മയാകണമെന്ന്, ഇപ്പോൾ പറയുന്നു ഞാൻ കുഞ്ഞാകണമെന്ന്. എന്നാൽ ഞാൻ എന്തെല്ലാം വേഷങ്ങൾ എടുക്കണമെന്ന് ഒന്നു പറഞ്ഞേച്ചാൽ അതെല്ലാം ആയിക്കൊള്ളാമായിരുന്നു.'

'നിങ്ങൾക്ക് എങ്ങിനെ തോന്നുന്നു?'

'ഞാൻ കാമുകനല്ലല്ലോ' ഒരു തമാശയിൽ ഞാൻ ഉത്തരംപറഞ്ഞു.

'കാമുകനല്ലെങ്കിലും നിങ്ങൾക്കും ഒരു ഹൃദയമുണ്ടല്ലോ'.

തീർച്ചയായും'.

'എന്നാൽ ഒരു കാമുകനാകാതെതന്നെ ഈ എഴുത്തിൽക്കൂടി നിങ്ങൾക്കു ഒരു കാമുകന്റെ സാമ്രാജ്യത്തിലെ മധുരവികാരങ്ങളുമായി പരിചയപ്പെടാൻ കഴിയും.'

'അതു ശരിയായിരിക്കും' ഞാൻ സമ്മതിച്ചു.

'ഈ എഴുത്തിൽ വളരെ ഒന്നു രണ്ടുവാചകങ്ങൾകൂടിയുണ്ട്. കാമുകിയുടെ ഹൃദയത്തിൽ വെറും കളിമാത്രമല്ല കാര്യങ്ങളുമുണ്ടെന്നു നിങ്ങൾക്കു കാണാം.' നോക്കൂ. അവൾ എഴുതുകയാണ് 'പരസ്പരം മതിമറന്ന്, ജീവിതത്തിന്റെ സകല ഉന്മാദങ്ങളിലും കയറിയിറങ്ങി, നാമിരുവരും അങ്ങിനെ ചുററിത്തിരിയുകയാണെന്ന് ഒന്നു സങ്കല്പിക്കൂ......എങ്കിൽ! ഓ! എന്റെ അഭിലാഷങ്ങളും ആഗ്രഹങ്ങളും എന്താണെന്ന് എനിക്കുതന്നെ രൂപമില്ല. ............നമ്മെ വലയംചെയ്തിരിക്കുന്ന സകല ചങ്ങലകളും അറുത്തെറിഞ്ഞ്, തകർത്തുപൊട്ടിച്ചു, അങ്ങനെ സ്വതന്ത്രരായി, നാമിരുവരും ആകാരംപൂണ്ട ഒരു പ്രേമകഥയായി തടവില്ലാതെ, എങ്ങും ഒന്നു ചുററിക്കളിക്കാൻ കഴിഞ്ഞെങ്കിൽ! ഞാൻ പറയുന്നതു് എന്താണെന്നുതന്നെ എനിക്കു രൂപമില്ല. എന്നെ കളിയാക്കരുതു്. വീണ്ടും ലോലമായ ഭാവനകളിലേക്ക് അവൾ ഇറങ്ങുന്നു, മിസ്റ്റർ, ഇന്നലത്തെ എഴുത്തു-മുഴുവൻ സാഹിത്യമാണെന്നു എനിക്ക് എഴുതിത്തന്നിരുന്നല്ലോ. വല്ല തെററും ഉണ്ടെങ്കിൽ അതു പറഞ്ഞുതരാതെ ഞാൻ എഴുതുന്നതെല്ലാം സാഹിത്യമാണെന്നു പറഞ്ഞു കളിയാക്കിയാലോ!

'എന്തുപറയുന്നു മിസ്റ്റർ. കാമുകിയുടെ ഹൃദയം എങ്ങനെയിരിക്കുന്നു.

കുറെനേരത്തേക്കു കരുണൻ വിചാരങ്ങളിൽ ലയിച്ച് മൂകനായി ഇരുന്നു. പരിസരങ്ങളെപ്പോലും മറന്നിരിക്കുന്ന ഒരാത്മവിസ്മൃതി.

ഞങ്ങൾ അടുത്ത സ്നേഹിതന്മാരായി കഴിഞ്ഞു. എന്റെ സഹവാസം അയാൾ ഇപ്പോൾ സ്വയം ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്നു. പക്ഷേ, ഇനിയും ആ രഹസ്യം അയാൾ തുറക്കുന്നില്ല. അതൊരു രഹസ്യമായിത്തന്നെ സൂക്ഷിക്കുന്നതിൽ

(ശേഷം പതിനാലാംപേജിൽ)

## കാമുകന്റെ ലോകം

(പതിമൂന്നാംപേജിൽനിന്നും തുടർച്ച)

വല്ല സംതൃപ്തിയും ഉണ്ടായിരിക്കാം. എനിക്കും ആ ഒളിച്ചുകളിയിൽ കമ്പം തോന്നി.

പിറേറന്നു ഞാൻ കരുണനെ ഒരു പൂക്കടയുടെ മുമ്പിൽ വച്ചു കണ്ടു. അയാൾ ഒരു പൂമാലയ്ക്കു വില പറയുകയാണ്.

അതിനടുത്തൊരു ദിവസത്തെ ഞങ്ങളുടെ സംഭാഷണം കാമുകീകാമുകന്മാരുടെ പ്രഥമസമാഗമത്തെക്കുറിച്ചായിരുന്നു. ആവേശത്തോടുകൂടി അയാൾ ആ കഥ പറഞ്ഞു:—'കേട്ടോ മിസ്റ്റർ, എന്റെ സ്നേഹിതന്റെ അനുഭവങ്ങൾ വളരെ വിചിത്രങ്ങളാണ്. ഇന്നലെ രാത്രി കാമുകീകാമുകന്മാർ രഹഃസമ്മേളനം നടത്തിയിരിക്കുന്നു. എന്റെ സ്നേഹിതൻ പറഞ്ഞതാണ്, ആ ഒന്നാമത്തെ ചുംബനത്തിന്റെ സുഖം! ഇന്നലെരാത്രി എന്റെ സ്നേഹിതൻ ഉറങ്ങിയിട്ടില്ല. അയാൾ ആ സ്മരണയും അയവിറക്കി ഉറങ്ങാതെ കഴിച്ചിരിക്കുന്നു.

ഒരുകാര്യംകൂടി മിസ്റ്റർ, എന്റെ സ്നേഹിതൻ അവളോട് ഒരായിരം ചോദ്യങ്ങൾ ചോദിച്ചു. പക്ഷേ അവൾ ഒരക്ഷരം ഉരിയാടിയിട്ടില്ല. അവൾക്കു വാക്കുകൾ വരുന്നില്ല. ഒരു രോമാഞ്ചധാരയിൽ മുങ്ങി അവൾ അങ്ങു നിൽക്കുകയാണെന്നു മാത്രം. അവൾക്കു ശബ്ദം പൊന്തുന്നതേയില്ല.

എന്തൊരു സ്തംഭിപ്പിക്കുന്ന അനുഭവമാണെന്നു നോക്കൂ.

നിലാവിൽ അവളുടെ അധരം വിറച്ചുകൊണ്ടിരുന്നെന്ന്!........ആ ആദ്യത്തെ ചുംബനത്തിന്റെ തലപുകയ്ക്കുന്ന ലഹരിയിൽ, ഒരു വാടിയ മൃണാളവലയം പോലെ, അവൾ എന്റെ സ്നേഹിതന്റെ കൈത്തണ്ടിൽ തളർന്നു വീണെന്ന്!

"നിങ്ങൾക്ക് ഈ അനുഭവങ്ങൾ വിശ്വസിക്കാൻ കഴിയുകയില്ലായിരിക്കാം."

"ഞാൻ വിശ്വസിക്കാതിരിക്കുന്നില്ല" ഞാൻ പറഞ്ഞു.

"ഒരു കാമുകന്റെ ജീവിതം, അതൊരു തനിയാഥാർത്ഥ്യമല്ല. അഥവാ, യാഥാർത്ഥ്യമാണെങ്കിൽ തന്നെയും, ഒരു നിറം പിടിച്ച സ്വപ്നത്തിന്റെ അഴകും ആസ്വാദ്യതയും ആണ് അതിനുള്ളത്."

ആ യുവാവു ഒരുരക്കെ രക്തനായി കഴിഞ്ഞിരിക്കുകയാണ്. എന്തൊരു ഭ്രാന്താണോ, ഞാൻ അതിശയിച്ചു. എന്നെക്കാണുമ്പോഴെല്ലാം ആ കഥയല്ലാതെ മറെറാന്നും അയാൾക്കു പറയാനില്ല. അതുപറഞ്ഞുകൊണ്ടിരിക്കുമ്പോൾ അയാൾക്ക് എന്തൊരാവേശമാണെന്നോ! അയാൾ ഒരു വിചിത്രമായ ലോകത്താണ് കഴിയുന്നത്.

പാലത്തിന്റെ മുകളിൽ അയാൾ ഇപ്പോൾ അധികമധികം വരുന്നില്ല. വലിയ മറവു ഇനി ആവശ്യമാണ്.

അവൾക്കും ഒരു വലിയ പരിവർത്തനം വന്നുകഴിഞ്ഞിരിക്കുന്നു. ചുണ്ടിനു നിറം കൂറിയിട്ടുണ്ട്. എപ്പോഴും ഏകാന്തതയിലിരുന്നു ചിന്തിക്കുകയാണ്. അവളുടെ ജീവിതത്തിന്റെ പ്രയോജനം അവൾക്കു മനസ്സിലാവുന്നു.

തുടരെ ഒരാഴ്ചത്തേയ്ക്കു പിന്നെ ഞാൻ കരുണനെ കണ്ടിട്ടില്ല. ആയിടെ എങ്ങും അയാൾ പാർക്കിലും വന്നില്ല. പാലത്തിന്റെ മുകളിലും അയാൾ ഇല്ല. കരുണന്റെ പല പരിചയക്കാരും അയാളെക്കുറിച്ചു എന്നോടു ചോദിച്ചു. എങ്ങും അയാളില്ല.

അവൾ കൂടെക്കൂടെ, വരാന്തയിൽവന്നു റോഡിലേക്കു നോക്കിക്കൊണ്ടു അധികസമയം നില്ക്കുക പതിവാണ്. അവളുടെ മുഖം ക്ഷീണിച്ചിരിക്കുന്നുമുണ്ട്.

അങ്ങനെയിരിക്കെ ഒരുദിവസം പാർക്കിൽവച്ചു അയാളെ കണ്ടുമുട്ടി. വേഷമെല്ലാം മുഷിഞ്ഞിരിക്കുന്നു. മുഖവും ക്ഷീണിച്ചിട്ടുണ്ട്. തലമുടി ചീകുന്നതിലും വലിയ ശ്രദ്ധ കാണിച്ചിട്ടില്ല.

"എനിക്കു സ്ത്രീയിലുള്ള വിശ്വാസം കുറഞ്ഞു വരികയാണ്" സംഭാഷണമദ്ധ്യേ കരുണൻ പറഞ്ഞു.

'അതെന്തു'

'മറെറാന്നുകൊണ്ടുമല്ല. എന്റെ സ്നേഹിതന്റെ അനുഭവംകൊണ്ടുതന്നെ.'

'അവൾ നിങ്ങളുടെ സ്നേഹിതനെ ചതിച്ചോ?'

'എന്നു പറയാൻ പാടില്ല.'

'പിന്നെ'

'അജ്ഞാതങ്ങളായ ചില രഹസ്യങ്ങൾ എന്നു പറയുകയാണു നല്ലതു.

കരുണൻ അധികനേരം പാർക്കിൽ കഴിച്ചുകൂട്ടിയില്ല. നേരത്തേതന്നെ ഞങ്ങൾ തമ്മിൽ പിരിഞ്ഞു. അവരുടെയിടയിൽ ഏതോ കുഴപ്പം സംഭവിച്ചിട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. അതിനു കാരണം അവളാണെന്നു തോന്നുന്നു.

അങ്ങിനെയിരിക്കെ, കരുണനെ പെട്ടെന്നു പാലത്തിന്റെ മുകളിൽ കണ്ടു. അന്നു പാർക്കിലും ഞങ്ങൾ സമ്മേളിച്ചു. മുഖത്തെ ക്ഷീണവും മാറും മാറിയിട്ടുണ്ട്. അയാൾ വളരെ ഉത്സാഹത്തിലാണ്.

'സ്ത്രീയോടു നിങ്ങൾക്കുള്ള വിശ്വാസക്കുറവു നീങ്ങിയോ.'

'അതു വെറുമൊരു കലഹംമാത്രമായിരുന്നെന്നാണ് എന്റെ സ്നേഹിതൻ പറയുന്നതു. കാമുകരുടെ ലോകത്തിൽ അതു പതിവാണ്.'

'ആയിരിക്കാം.' ഒരു ഒഴുക്കൻ മട്ടിൽ ഞാൻ ശരിവച്ചു.

'എന്നാൽ സ്നേഹിതാ, ഒരു കാര്യം പ്രത്യേകം പറയാനുണ്ട്. ഈ കലഹമില്ലെങ്കിൽ പ്രേമത്തിനുതന്നെ അർത്ഥമില്ല. ഇന്നലെ രാത്രി വീണ്ടും അവർ കണ്ടുമുട്ടി. എന്റെ സ്നേഹിതന്റെ നെഞ്ചിൽ മുഖമമർത്തി ഒരു മണിക്കൂർ അവൾ കരഞ്ഞിരിക്കുന്നു. എത്ര ഉന്മാദകമായ അനുഭവമാണെന്നു നോക്കൂ.'

ദിവസങ്ങൾ അങ്ങിനെ നീങ്ങിക്കൊണ്ടിരുന്നു. പുതിയതായി വളരെയൊന്നും സംഭവിക്കുന്നില്ല. അയാൾ മതിമറന്നു കഴിയുകയാണ്. അവളും അങ്ങിനെയാണെന്ന് അയാളുടെ കഥപറച്ചിലിൽ നിന്നു മനസ്സിലാകുന്നുണ്ട്. ഭൂതഭാവികളെക്കുറിച്ചൊന്നുംതന്നെ അവർ ചിന്തിക്കുന്നില്ല. അതിശക്തമായി ചിറകടിച്ചുകൊണ്ടിരിക്കുന്ന ജീവനുള്ള വർത്തമാനത്തെക്കുറിച്ചുമാത്രമേ അവർ ചിന്തിക്കുന്നുള്ളു. ലഹരിപിടിച്ച ചിന്തകളും കത്തിപ്പിടിക്കുന്ന വികാരവും, മുന്നും പിന്നുമില്ലാത്ത ആവേശവും.........അങ്ങനെ രൂപമില്ലാത്ത ഒരു ആത്മവിസ്മൃതിയിൽ അവർ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്.

അങ്ങനെയിരിക്കെ, വളരെ അപ്രതീക്ഷിതമായിട്ടാണ്, അതു അനുഭവപ്പെട്ടതു.

ഒരുദിവസം പ്രഭാതത്തിൽ ഞാൻ കരുണനെ വഴിയിൽവച്ചു കണ്ടു. ആഹ്ളാദവും ആവേശവുമെല്ലാം മാറിയിരിക്കുന്നു. തല ചീകുന്നതേയില്ല. ചിരിക്കുന്നതുമില്ല.

ആ കഥയിലെവിടെയോ ഒരു വലിയ തകരാറു പററിയിരിക്കുന്നു.

"നിങ്ങൾക്കെന്തുപററി?" ഞാൻ അന്വേഷിച്ചു.

"ഒരു കാമുകന്റെ അനുഭവമാണ്."

"നിങ്ങൾക്കെന്തു അനുഭവമുണ്ടായി".

"വിശേഷിച്ചു ഒന്നും ഉണ്ടായില്ലെന്നു ധരിച്ചാൽ മതി". കുറേനേരത്തെ മൗനത്തിനുശേഷം നിരാശാപൂർണ്ണമായ ഒരു വികാരത്തോടെ അയാൾ തുടർന്നു—

"സ്ത്രീയും പുരുഷനും പരസ്പരം സ്നേഹിക്കാൻ പാടില്ല".

"അതെന്തു"

"ലോകം അത്രകണ്ടു വളർന്നിട്ടില്ല".

"എന്നുപറഞ്ഞാൽ"

"ഒന്നുമില്ല മിസ്റ്റർ, എനിക്കു തല വേദനിക്കുന്നു".

അയാൾ പോയി.

പിന്നെ കാണുമ്പോൾ അയാളുടെ സ്ഥിതി കുറേക്കൂടി പരിതാപകരമായിരുന്നു. രണ്ടുദിവസംകൊണ്ടു അയാൾ വല്ലാതെ ക്ഷീണിച്ചുപോയി. ഷർട്ടും അല്പം കീറിയിട്ടുണ്ട്.

"നിങ്ങൾ ആഹാരമൊന്നും കഴിക്കുന്നില്ലേ?"

"എന്തിനു?"

ഞാൻ അയാളെ ചായ കുടിക്കാൻ ക്ഷണിച്ചു. അയാൾ എന്റെ ക്ഷണം നിരസിച്ചു.

"ഞാനിങ്ങനെ കഴിയാനാണു ജനിച്ചിരിക്കുന്നതുതന്നെ" അയാളുടെ സമാധാനമാണ്.

"ലോകത്തു പ്രേമമെന്നൊന്നില്ല കരുണാ" ഞാൻ പറഞ്ഞു.

"എല്ലാം ഒരാവേശംമാത്രം"

'പ്രേമം ഉണ്ടോ ഇല്ലയോ. ജീവിതത്തിന്റെ ഏററവും മധുരിക്കുന്നതും ഏററവും കയ്ക്കുന്നതുമായ വശങ്ങൾ ഞാൻ ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു.'

'നിങ്ങളെല്ലാം മറന്നു കളയൂ'. ഞാൻ അയാളെ ഉപദേശിച്ചു.

'സാധിക്കുമോ എന്നു തോന്നുന്നില്ല'. ഗദ്ഗദത്തോടെയാണ് അയാൾ അങ്ങിനെ പറഞ്ഞതു.

"പിന്നെ ജീവിതകാലം മുഴുവൻ ഇതു വിചാരിച്ചു കഴിയാൻ പോവുകയാണോ"

"അതെനിക്കറിഞ്ഞുകൂടാ". പക്ഷേ, ഇപ്പോൾ ഇതു മാത്രമാണ് വിചാരം.

"ഇങ്ങിനെയാണെങ്കിൽ! ഞാൻ നിറുത്തി.

"മറെറാന്നും ഞാൻ കണക്കാക്കുന്നില്ല"



ബംഗാൾ പ്രധാനമന്ത്രി
ഹുസൈൻ സഹീദ് സുഹ്രാവർദി

അയാൾ ഒരു സിഗററുകൂടി കത്തിച്ചു. മണിക്കൂറിൽ അയാൾ അനേകം സിഗററു പുകച്ചു തീർക്കുന്നു.

"എനിക്കു നിങ്ങളേക്കുറിച്ചു വലിയ ഉൽക്കണ്ഠയുണ്ട്".

"വന്ദനം. നിങ്ങൾ എന്നെക്കുറിച്ചു ഉൽക്കണ്ഠപ്പെടുന്നു. പക്ഷേ, ഞാൻ വേറൊരാളെക്കുറിച്ചാണല്ലൊ ഉൽക്കണ്ഠപ്പെടുന്നതു".

"അതു സഹജമാണ്" ഞാൻ പറഞ്ഞു

"ഒരു നിസ്സഹായമായ പരിതഃസ്ഥിതിയിലാണ് ഞങ്ങൾ രണ്ടുപേരും അകപ്പെട്ടിരിക്കുന്നതു. എനിക്കവളെക്കുറിച്ചു ഓർക്കാൻതന്നെ വിഷമം തോന്നുന്നു......... ഒരു സ്ത്രീ ഇങ്ങിനെയും രൂപാന്തരപ്പെടാമോ".

"അതെന്താ"

"എന്തു പറയാനാണ്. ഇതിന്റെ പരിണാമം ഇത്ര ഭയാനകമായിരിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. അവൾ ഉണ്ണുന്നില്ല. അലങ്കരിക്കുന്നില്ല. വെറും കരച്ചിൽ മാത്രം".

"അതു കുറെ ദിവസത്തേക്കു മാത്രമാണ്".

ഈ കുറേദിവസം മതിയല്ലോ. അതുതന്നെ എത്ര ഭയങ്കരമായിരിക്കുന്നു."

"ഇതാരുടെ കുററമാണ്".

കുററം മററാരുടേതുമല്ല. ഞങ്ങളുടേതുതന്നെ. ഞാൻ അതൊന്നും ചിന്തിക്കാൻ പോകുന്നില്ല. എന്റെ വിചാരം അവളേക്കുറിച്ചുമാത്രമാണ്. ഒരു മനോഹരമായ ഭാവിയിൽ അവളെ കണ്ടാൽ മാത്രംമതി."

"അതങ്ങിനെ തന്നെയായിരിക്കുമെന്നു വിശ്വസിക്കൂ" ഞാൻ പറഞ്ഞു.

കുറേനേരം ഞങ്ങൾ മൗനമായിരുന്നു.

"പോകട്ടെ" അയാൾ എഴുനേററു.

"ഒന്നും അധികം ചിന്തിക്കരുതു. എല്ലാം മറക്കാൻ ശ്രമിക്കൂ"

"കഴിഞ്ഞെങ്കിൽ"

ഒരു നിഴലുപോലെ അയാൾ നടന്നകലുകയാണ്. നഗ്നയാഥാർത്ഥ്യങ്ങളുടെ മുമ്പിൽ ചങ്കുറപ്പിച്ചു നിൽക്കാതെ വിരണ്ടോടുന്ന ഒരു ജീവിതം. ഏകാന്തതയിലിരുന്നു കഴിഞ്ഞുപോയ ഭാവിയേക്കുറിച്ചോർത്തു നെടുവീർപ്പിടാനാണ് അയാൾ പോകുന്നതു.

* * * *

പിന്നെ ഞാൻ കരുണനെ കണ്ടിട്ടില്ല. അയാൾ എവിടെയോ പോയിരിക്കുമെന്നു വിചാരിക്കുന്നു. ഒരുകാര്യം തീർച്ചയാണ്. അയാൾ നാട്ടിലില്ല. അയാളുടെ സ്നേഹിതന്മാർക്കും ബന്ധുക്കൾക്കും ആർക്കുംതന്നെ അയാളെക്കുറിച്ചു ഒരു തുമ്പുമില്ല.

ഇപ്പോൾ അവളും അണിയുന്നും ഒരുങ്ങുന്നുമില്ല. അവൾ പൊട്ടിടുന്നതും നിറുത്തിയിരിക്കുകയാണ്.

കൂടെക്കൂടെ അവൾ ആ വരാന്തയുടെ അററത്തുവന്നു പാലത്തിന്റെ മുകളിലേക്കു നോക്കിക്കൊണ്ടു നിൽക്കും. ചിലപ്പോൾ വളരെ അധികസമയം അങ്ങിനെ നോക്കിനിൽക്കുക പതിവാണ്. ഇടയ്ക്കിടെ അവൾ കണ്ണുതുടയ്ക്കുന്നുമുണ്ട്.

ആ കഥയുടെ അവസാനം അങ്ങിനെയായിരുന്നു.

അവകാശം കഥാകൃത്തിനു)

—o—


# ഹിന്ദീ സ്വയം ശിക്ഷക്

**ഇതു പരസഹായംകൂടാതെ ഹിന്ദി പഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം**

വില രൂ. ൧. ണ. ൮.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

# ആനന്ദ-വിജ്ഞാപനം

55 വർഷങ്ങൾക്കുമുമ്പുതന്നെ ജാതി, മതം, ഹിംസ, പട്ടിണി, പ്രാർത്ഥന, ആരാധന മുതലായ അജ്ഞാനകർമ്മങ്ങളെയും, അനാചാരങ്ങളെയും, ഭൂതം, പ്രേതം പിശാചു, ചാത്തൻ, സ്വർഗ്ഗം, നരകം മുതലായ അന്ധവിശ്വാസങ്ങളെയും, ശ്രുതിയുക്തി, അനുഭവപൂർവം ഖണ്ഡിച്ചു അഹിംസ, ആലോചനജ്ഞാനം, പൗരുഷം, സമത്വം, രാജയോഗം ഇവയുടെ ആവശ്യകതയെയും. മനസ്സിന്റെ മാഹാത്മ്യത്തെയും വെളിപ്പെടുത്തി സർവ്വരെയും ആനന്ദിപ്പിച്ചു പത്തും പതിനഞ്ചും പതിപ്പുകളിൽ എത്തിച്ചേർന്നിരിക്കുന്ന 'ബ്രഹ്മാനന്ദസ്വാമി ശിവയോഗിസിദ്ധഗ്രന്ഥങ്ങൾ താഴെ കാണുന്ന വിലാസത്തിൽ കിട്ടുന്നതാണ്.

| | | | | | |
|---|---|---|---|---|---|
| ആനന്ദാദർശം | 2-8-0 | ആനന്ദസൂത്രം | 1-4-0 | ആനന്ദഗുരുഗീത | 0-4 0 |
| ആനന്ദാദർശം | 0-6-0 | (തമിഴിൽ) | 1-0-0 | സ്ത്രീവിദ്യാപോഷിണി | 0-3-6 |
| (ഇംഗ്ലീഷിൽ) | 0-8 0 | സിദ്ധാനുഭൂതി | 0-6-0 | ആനന്ദകല്പദ്രുമം | 0-3-0 |
| മോക്ഷപ്രദീപം | 1 8-0 | വിഗ്രഹാരാധന | 0-5-0 | ശിവയോഗരഹസ്യം | 0-3-0 |
| (ഹിന്ദിയിൽ) | 2-0-0 | ആനന്ദമതപരസ്യം | 0-4-0 | രാജയോഗപരസ്യം | 0-3-0 |
| ആനന്ദസോപാനം | 1-4-0 | ആനന്ദക്കുമ്മി | 0-4-0 | ആനന്ദഗാനം | 0-2-0 |
| ആനന്ദവിമാനം | 1-4-0 | | | | |

യോഗിനിദേവി, ആനന്ദമതാദ്ധ്യക്ഷ

## ബ്രഹ്മാനന്ദസ്വാമി ശിവയോഗി സിദ്ധാശ്രമം

ആലത്തൂർ പോസ്റ്റ്, S. മലബാർ.

ശാസ്ത്രവീഥി

# സ്വപ്നാവസ്ഥ

ആർ. രാമവർമ്മതമ്പുരാൻ ബി. ഏ. (ഓണേഴ്സ്)

(തുടർച്ച)

ശാസ്ത്രീയമായി സ്വപ്നത്തെപ്പററി മനസ്സിലാക്കുവാൻ നാം നമ്മുടെ മനോമണ്ഡലത്തെത്തന്നെ ഒന്നു ശരിയായി വിശകലനംചെയ്താൽ മതിയാവൂ. പലതരം നേരിയ നാഡികളുടെ സമാഹൃതമായുള്ള പ്രവർത്തനശക്തി അതിനാധാരമായിട്ടു നിലകൊള്ളുന്നുണ്ട്. ദ്വിവിധങ്ങളായ മണ്ഡലങ്ങളിലാണ് മനസ്സിന്റെ സ്ഥിതി.

മനുഷ്യനു മസ്തിഷ്കതന്തുക്കളെന്നും, മജ്ജാതന്തുക്കളെന്നും രണ്ടുതരം നാഡീവിശേഷങ്ങളുണ്ട്. മസ്തിഷ്കതന്തുക്കൾ വിഷയഗതമായി പ്രവർത്തിക്കുകയും ശാരീരികപ്രവർത്തനങ്ങളെ നിയന്ത്രിക്കുകയുംചെയ്യുമ്പോൾ മജ്ജാതന്തുക്കൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നു. രണ്ടാമതു പറഞ്ഞവയുടെ പ്രവർത്തനകേന്ദ്രം ഉടലിലുള്ള നാഡീതന്ത്രികംതന്നെയാണ്. മജ്ജാതന്തുക്കളെ നിയന്ത്രിക്കുന്ന ആന്തരീയഘടനയെയാണ് അവബോധമനസ്സെന്നു (Sub-Conscious Mind) പറയുന്നതു്. ഏതെങ്കിലും അപകടം പ്രത്യക്ഷമാകുന്ന അവസരത്തിലും ഉന്മാദനത്തിലും ഈ അവബോധമനസ്സിനു മസ്തിഷ്കപരിധിയെ അതിലംഘിക്കുവാൻ കഴിയുന്നതാണ്.

നമ്മുടെ ഇന്ദ്രിയങ്ങൾക്കതീതമായി, സർവ്വവ്യാപകമായ ഒരു യഥാർത്ഥലോകമുണ്ട്. നമ്മുടെ വ്യക്തിത്വസ്പർശം ഏല്ക്കാത്ത തത്വങ്ങളുടെ സമുച്ചയത്തെയാണ് യഥാർത്ഥലോകമെന്നപദംകൊണ്ടു ഞാൻ ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്. എന്തെന്നാൽ വ്യക്തിത്വം അതാതിന്റെകമായി നിലകൊള്ളുന്നതാണ്. ആ ലോകം സ്പർശനീയവും വ്യക്തവുമായ ഈ ലോകവുമായി ബന്ധപ്പെട്ട ഒരുതുല്യഭാവം പുലർത്തുന്നുണ്ട്. ഈ തുല്യഭാവത്തെ പ്രത്യക്ഷീകരിക്കുവാനും സ്വാധീനപ്പെടുത്തുവാനും മനോനിയന്ത്രണം അഭ്യസിച്ചിട്ടുള്ളവർക്കു സാധിക്കും. യോഗികളിലും ഇന്ദ്രജാലക്കാരിലുംമററുമുണ്ടെന്നു നാം വിശ്വസിക്കുന്ന ഈ കഴിവു്, അവബോധമനസ്സിന്റെമേൽ അവർക്കുള്ള അത്യധികമായ സ്വാധീനതകൊണ്ടു അവർ നേടിയിട്ടുള്ളതാണ്.

അതിസൂക്ഷ്മമായ പരമാണുമുതൽ അതിമഹത്തായ പദാർത്ഥങ്ങൾവരെ പ്രപഞ്ചത്തിലുള്ള സകല വസ്തുക്കളിലും ഒന്നുപോലെ വ്യാപിച്ചു പ്രവർത്തനം നടത്തുന്ന ഒരുജീവശക്തി മേൽപറയപ്പെട്ട രണ്ടു മണ്ഡലങ്ങളേയും ബന്ധിച്ചു് നമുക്കു തത്വങ്ങൾ മനസ്സിലാക്കിത്തരുന്നു. വസ്തുഗതമായി, പൃഷ്ഠഗതങ്ങളായ മസ്തിഷ്കനാഡികളിൽക്കൂടി അവബോധമനസ്സിന്റെ നിർദ്ദേശം കൈക്കൊണ്ടു് മനസ്സിനു പ്രവർത്തിക്കാൻ സാധിക്കുന്ന തരത്തിലാണ് നാഡികളുടെ ഘടനാരീതി സ്ഥിതിചെയ്യുന്നതു്. ചില സന്ദർഭങ്ങളിൽ ഏകകാലികമായിത്തന്നെ പ്രവർത്തിക്കത്തക്കവിധത്തിൽ മസ്തിഷ്കവും അവബോധമനസ്സും ബന്ധിക്കപ്പെട്ടിരിക്കുന്നു.

അവബോധമനസ്സ് അവിച്ഛിന്നമാണ്. അതിന്റെ മേൽ സാധാരണക്കാരനു ഒരധികാരവുമില്ല. വിസ്മൃതിയിലടിഞ്ഞിരിക്കുന്ന ഭൂതകാലസംഭവങ്ങൾ എല്ലാം അതിന്റെപരിധിയിൽ സ്ഥിതിചെയ്യുന്നുണ്ട്. അവബോധമനസ്സിൽ കടന്നെത്തണമെങ്കിൽ വല്ലാത്ത മനസ്സാന്നിദ്ധ്യം അത്യാവശ്യമാണ്. ഭാവികാലത്തെപ്പററിയുള്ള പ്രവചനങ്ങളും ഭൂതകാലത്തെപ്പററിയുള്ള അറിവുകളും അവിടെ തിരഞ്ഞാൽ കണ്ടെത്താൻ വിഷമമില്ല. ബുദ്ധിവ്യാപാരത്തിനപ്പുറം നില്ക്കുന്ന ആ സൂക്ഷ്മഫലകത്തിൽ എത്തിച്ചേരുവാൻ ഒരു സാമാന്യനു കഴിവില്ലാതെ പോകുന്നു. ഏതു പ്രശ്നത്തിനും ഉടനടി സമാധാനം നൽകാൻ അവബോധമനസ്സിനു സാധിക്കുമെന്നു് ചില ചില്ലറഅനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ നമുക്കു കാരണങ്ങൾ തേടാൻ സാധിക്കാതെ വരുന്നതുമൂലം നമ്മുടെ ബുദ്ധി അവബോധമനസ്സിന്റെ പ്രചോദനങ്ങളെ ഊഹാപോഹങ്ങളെന്നു പലപ്പോഴും പാടെ നിഷേധിക്കാറുണ്ട്. സ്വപ്നത്തിലും ഈ മനസ്സ് നിശ്ചലമായിരിക്കുന്നില്ല. അതിന്റെ പ്രവർത്തനം ഒരിക്കലും തടയപ്പെടുന്നുമില്ല. മസ്തിഷ്കനാഡികൾ ഒരാവരണമെന്നപോലെ ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്നതിനാൽ യാഥാർത്ഥ്യം നമ്മിൽനിന്നും മറക്കപ്പെട്ടുപോകുന്നു.

അന്തരിന്ദ്രിയങ്ങളും ബാഹ്യേന്ദ്രിയങ്ങളും വിഷയങ്ങളുമായി സംഘടിക്കുന്ന അവസ്ഥയേയാണ് ജാഗ്രദവസ്ഥയെന്നു പറയുന്നതു്. ബാഹ്യേന്ദ്രിയങ്ങൾ വിഷയങ്ങൾക്കു് അന്തരിന്ദ്രിയങ്ങളിലേക്കു കടന്നുചെല്ലുവാനുള്ള പ്രവേശനദ്വാരങ്ങൾ മാത്രമാണ്. സ്വപ്നാവസ്ഥയിൽ യാതൊരു വസ്തുവും ബാഹ്യേന്ദ്രിയങ്ങൾക്കു വിഷയമാകുന്നില്ലെന്നുള്ള തത്വത്തിൽനിന്നും അന്തരിന്ദ്രിയങ്ങളാണ് അനുഭവങ്ങളെരേഖപ്പെടുത്തുന്നതെന്നു് സ്പഷ്ടമാകുന്നുണ്ട്. ഉണർന്നിരിക്കുന്ന അവസ്ഥയിൽനിന്നു് അവബോധമനസ്സ് പല ഭാഗങ്ങൾ കൈക്കൊള്ളുന്നു. അവ വിഭിന്നങ്ങളായ സംസ്കാരങ്ങളായി മനസ്സിൽ പററിക്കൂടുന്നു. ഈ സംസ്കാരങ്ങൾ, സ്വപ്നാവസ്ഥയിൽ അന്തരിന്ദ്രിയങ്ങളുമായി സമ്മേളിച്ചു് പലതരം ചിത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. സ്ഥൂലശരീരത്തിൽ ജാഗ്രദവസ്ഥയിലിരിക്കുന്ന നമ്മുടെ മനസ്സ് സ്ഥൂലപദാർത്ഥങ്ങളുമായി താദാത്മ്യം സമ്പാദിക്കുമ്പോഴാണ് ബോധം ഉണ്ടാകുന്നതു്.

മേല്പറഞ്ഞതിൽ നിന്നും സ്ഥൂലവും സൂക്ഷ്മവുമായ സകല ലോകങ്ങളിലും ഉൾക്കൊള്ളുന്ന സാർവ്വകാലികമായ ഒരു ശക്തി ഉണ്ടെന്നു തെളിയുന്നു. ഈ ശക്തിയാണ് അതിബുദ്ധിമാനായ മനുഷ്യനിൽ ഏററവും സജീവമായി പ്രവർത്തനംനടത്തി പല വികാരങ്ങളും ഉണ്ടാക്കുന്നതു്. അവബോധമനസ്സ് പൂർണ്ണസുഷുപ്തിയിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും മസ്തിഷ്കത്തിലുള്ള വിജ്ഞാനകേന്ദ്രവുമായി അതു സമ്പർക്കം പുലർത്തുന്നില്ല. അതിനാൽ ഏതോ അനിർവ്വചനീയമായ ഒരു സുഖം അവിടെ നാം അനുഭവിക്കുന്നുണ്ട്. മസ്തിഷ്കവുമായി അവബോധമനസ്സ് ബന്ധപ്പെട്ടപ്പോൾ സ്വപ്നം നിദ്രചെയ്യുന്നവനുണ്ടാകുകയായി. അതിനെത്തുടർന്നു് ജ്ഞാനകേന്ദ്രങ്ങളായ സകല നാഡികളും ഉജ്വലമായി പ്രവർത്തിക്കുവാൻതുടങ്ങിയാൽ മനസ്സ് ഒരു ലോകത്തിൽനിന്നും ജാഗ്രദാവസ്ഥയിലെത്തുകയായി. സ്വപ്നലോകത്തിൽ അവബോധമനസ്സ് നൽകുന്ന ചില കാര്യങ്ങൾ ചിലപ്പോൾ യഥാർത്ഥ്യമായിത്തന്നെ സംഭവിക്കുന്നതു് അതിസൂക്ഷ്മമായി അതിനു പ്രവർത്തിക്കാനുള്ള കഴിവുമൂലമാണ്.

കാരണംകൂടാതെ അജ്ഞാതമായ ഒന്നിനെപ്പററിയും നമുക്കു വിശ്വസിക്കുവാൻ സാധിക്കുന്നില്ല. ബുദ്ധിക്കെവിടെയെല്ലാം ചെന്നെത്താൻ കഴിയുമോ അവിടെയെല്ലാം നമുക്കു കാരണവും കണ്ടെത്തുവാൻ കഴിയും. പക്ഷെ ഒന്നു ശരിയെന്നും, മറൊന്നു തെററെന്നും ധരിക്കുവാൻ ഒരുവന്റെ ബുദ്ധി അവനു നൽകുന്ന കാരണം തികച്ചും അവന്റേതുമാത്രമാണ്. ഓരോ വ്യക്തിയുടേയും മസ്തിഷ്കത്തിനെത്താവുന്ന പരിധിക്കുള്ളിലല്ലാതെ അതിനെ മറികടന്നുപോകുവാൻ അവനു സാധിക്കുന്നില്ല. അതിനാൽ ഒന്നിനെപ്പററി ഒരുവനുണ്ടാകുന്ന അഭിപ്രായം അന്യനു സ്വീകാര്യമാകുന്നില്ലെങ്കിൽ അതിലതിശയത്തിനവകാശമില്ല. കാരണം, ഓരോരുത്തരും അവനവന്റെ വ്യക്തിത്വത്താൽ നിയന്ത്രിക്കപ്പെട്ടുപോകുന്നു. എന്റെ വ്യക്തിത്വം മററുള്ളവരുടെ വ്യക്തിത്വത്തിൽനിന്നും വിഭിന്നമാണ്. അതുപോലെ എല്ലാവരുടേയും വ്യക്തിത്വം ഭിന്നഭിന്ന കോടികളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നതു്. വ്യക്തിത്വം സത്യത്തെ മറച്ചുകളയുന്നതിനാൽ പലതും നാം അവിശ്വസിക്കുകയും നിഷേധിക്കുകയും ചെയ്യേണ്ടിവരുന്നുണ്ട്. നമ്മുടെ വ്യക്തിത്വവുമായി അവയ്ക്കു് താദാത്മ്യം നേടാൻ കഴിയാതെ വരുന്നതുമൂലമാണ് അപ്രകാരം സംഭവിക്കുന്നതു്. അതാണ് ലോകത്തിൽ ഒരു തത്വത്തിന്റെ സ്ഥാനത്തു് മറെറാരു തത്വം ആവിർഭവിക്കുന്നതും ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകുന്നതും. അവബോധമനസ്സിൽ നമുക്കു നമ്മുടെ വ്യക്തിത്വത്തെ ബലികഴിക്കാതെ കടന്നെത്താൻ പാടുകയില്ല. ആ മനസ്സ് വ്യക്തിത്വത്തിന്റെ നിഷേധമാണ്. പരിപൂർണ്ണസുഷുപ്തിയിൽ ഈ തത്വത്തിന്റെ സാധുത്വം നമുക്കനുഭവിച്ചറിയുവാൻ സാധിക്കുന്നുണ്ട്.

നടന്നുകൊണ്ടിരിക്കുന്ന സംഭവത്തെപ്പററിയും, നടക്കാൻ പോകുന്ന സംഭവത്തെപ്പററിയും, എവിടെയോ നമ്മുടെ അറിവിലെത്താതെ നടന്നു കഴിഞ്ഞ കാര്യത്തെപ്പററിയും ബുദ്ധിയുടെ കേന്ദ്രമായ മസ്തിഷ്കം സ്വയമേവ നമുക്കൊരറിവും തരാൻ ശക്തമാകുന്നില്ല. ഈ അറിവുകൾ മസ്തിഷ്കഫലകത്തിൽ അവബോധമനസ്സിൽക്കൂടിയാണ് പ്രകാശിക്കേണ്ടതു്. ഒരനുഭവംകൂടി രേഖപ്പെടുത്താം. ഒരാൾ തന്റെ ആപ്തമിത്രമായ ഒരു മാന്യനെ അടുത്ത ദിവസം ചെന്നുകണ്ടു് ഒരു കാര്യം സാധിക്കണമെന്നാച്ചുകൊണ്ടു് ഉറങ്ങാൻ പോകുന്നു. സ്വപ്നത്തിൽ ആ സ്നേഹിതന്റെ വീട്ടിൽ താൻ ചെല്ലുന്നതായും, പരസ്പരം അതേപ്പററി സംസാരിച്ചു തിരിച്ചുപ്പെട്ടത്തിയതായും കാണുന്നു. അതേ സമയത്തിൽ ഉറങ്ങുകയായിരുന്ന ആ സ്നേഹിതന്റെ മുമ്പിൽ മായയായി പ്രത്യക്ഷപ്പെടുന്നു. സ്വപ്നത്തിൽ കണ്ട വിധത്തിൽ എല്ലാം സംസാരിക്കുന്നു. ഈ പരമാർത്ഥം പിറേറദിവസം രണ്ടുപേരും കണ്ടുമുട്ടുമ്പോഴാണ് മനസ്സിലാക്കുന്നതു്. ഇവിടെ അവരുടെ രണ്ടുപേരുടേയും അവബോധമനസ്സ് വ്യവച്ഛേദിക്കപ്പെടാതെ പരിപൂർണ്ണസമ്പർക്കത്തിലിരുന്നിരുന്നതിനാലാണ് ഈ അവസ്ഥാവിശേഷം സംജാതമായതു്. അവബോധമനസ്സുവഴി, ഏകാഗ്രതസിദ്ധിച്ചവർക്കു് പരസ്പരം വാർത്താവിനിമയം സാധിക്കുമെന്നു് ചില ശാസ്ത്രകാരന്മാർ സമ്മതിക്കുന്നുണ്ട്. അവബോധമനസ്സിന്റെ മേൽ സ്വാധീനശക്തിയില്ലെങ്കിലും തീക്ഷ്ണമായ വികാരമോ വിചാരമോ അന്യനെ സംബന്ധിച്ചുണ്ടായാൽ, ആ അന്യൻ അതെന്തെന്നു തന്റെ വ്യക്തിത്വത്തിന്റെ മാറവാൽ മനസ്സിലാക്കുന്നില്ലെങ്കിലും, അയാളുടെ മനസ്സിൽ അതു ചില പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്.

—o—

## വിശേഷവാർത്തകൾ

—o—

൧. പഴവർഗ്ഗങ്ങൾ, സസ്യങ്ങൾ ഇവ വ്യാപാരം നടത്തുന്നതിനു ലോകത്തിലുള്ള മാർക്കററുകളിൽ ഏററവും വലുതു ലണ്ടനിലെ 'കവൻറ ഗാർഡൻ' എന്ന മാർക്കററാണ്.

൨. സൂയെസ് തോടിന്റെ ആകെയുള്ള നീളം ൧൦൧ മൈൽ ആണ്. ഏററവും വീതികുറഞ്ഞഭാഗം ൧൯൬ അടി ൧൦ ഇഞ്ചുമാണ്.

൩. ആക്സ്ഫോർഡു സർവ്വകലാശാലയ്ക്കു ൨൨ കാളേജുകളും ൩ പ്രൈവററു ഹാളുമുണ്ട്. കേംബ്രിഡ്ജിനു ൧൭ കാളേജുകളും ഒരു ഹാളുമാണുള്ളതു്.

൪. ഐസ്ലൻഡിൽ ൩൦൦൦ മൈൽ റോഡുകളും ൪൦൦൦-ത്തിനുമേൽ മോട്ടോർവാഹനങ്ങളും ൩൩൦ പോസ്റ്റാഫീസുകളുമുണ്ടെങ്കിലും അവിടെ റെയിൽവേ ഇല്ല.

൫. ഇംഗ്ലണ്ട്, സ്കാട്ടലൻഡു, വെയിൽസ എന്നീ മൂന്നുരാജ്യങ്ങളിലെ ജനസംഖ്യയുടെ ൫൦ ശതമാനമായ ൩൧൦൦൦,൦൦൦ ജനങ്ങൾ ആഴ്ചയിൽ ഒരുതവണ സിനിമാപ്രദർശനത്തിനു പോകുന്നുണ്ട്.

൬. കഴിഞ്ഞ ൧൦൦ വർഷത്തിനിടയിൽ ൪൦൦൦൦ വിവിധമാതൃകകളിലുള്ള ലേബലുകളൊട്ടിച്ച തീപ്പെട്ടികൾ സ്വീഡൻ നിർമ്മിച്ചിട്ടുണ്ട്.

൭. ഫീൽഡ് മാർഷൽ മൊണ്ട്ഗോമറിയ്ക്കു ലഭിച്ചിട്ടുള്ള ബഹുമതിചിഹ്നങ്ങളുടെ ആകെത്തൂക്കം ഒരുസ്റ്റോൺ (൧൪ റാത്തൽ) ആണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

൮. പ്രസിദ്ധ ബ്രിട്ടീഷ് ക്രിക്കററ കളിക്കാരനായ വാൾട്ടർ ഹാമണ്ട് ൫൦൦൦൦ റൺ പൂർത്തിയാക്കിയിരിക്കുന്നു. ഫസ്റ്റ് ക്ലാസ് ക്രിക്കററിൽ ഈ ബഹുമതി നേടിയിട്ടുള്ള ഏഴാമത്തെ ബാററ്സ്മാനാണിദ്ദേഹം.

൯. ദന്തചികിത്സയിൽ പെനിസിലിൻ ഉപയോഗിക്കുന്നതായാൽ പല്ലുകൾ ഇളക്കി അവതന്നെ വീണ്ടും ഉറപ്പിച്ചുവളർത്താവുന്നതാണത്രേ.

—o—

മാധവസർസപാരില

(നറുനീണ്ടിസത്തു്)

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവർദ്ധകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാരില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും മൂത്രം എരിച്ചിൽ, മൂത്രതടസ്സം; സ്ത്രീപുരുഷന്മാർക്കുണ്ടാകാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും; രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ചു്; കുളർമയും സുഖവും സിദ്ധിക്കുന്നതിന്നു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും; വില ബോട്ടൽ 3 ക. മാത്രം. Catalogue free

സ്റ്റാക്കിസ്റ്റ്സ്; കോഴിക്കോട്ടു്; പി. കുട്ടൻബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജൻറന്മാരേയും സ്റ്റാക്കിസ്ററന്മാരേയും ആവശ്യമുണ്ടു്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

ഡെയിം സിബൽതോൺഡൈക്ക്



മഴവൻ ഉരുക്കുകൊണ്ടുള്ള കാർ



രാജകുമാരി കാണുന്ന ലണ്ടൻ



മുകളിൽ വലത്ത്—വെൽഷ് ഇൻഡസ്ട്രീസ് ഫെയർ എന്ന ലണ്ടൻ പ്രദർശനത്തിൽ പ്രദർശിപ്പിക്കപ്പെട്ട ഒരു കാറിൻെറ മോഡൽ ആണ മേൽ കാണിച്ചിരിക്കുന്നതു്. വെയിത്സിലെ ഉരുക്കുകൊണ്ടു നിർമ്മിച്ചിട്ടുള്ള ഒരു കാർ ആണു ഇതു്.

ഇടത്ത്—ലോകപ്രസിദ്ധയായ ഒരു ബ്രിട്ടീഷുനടിയാണ ഡെയിം സിബിൽതോൺഡൈക്ക്. നാടകം ഒരുതരം വെറും വിനോദം മാത്രമല്ലെന്നും വിശിഷ്ടമായ ഒരു കലയാണെന്നുമുള്ള ദൃഢവിശ്വാസമാണ മറേറതു ഗുണവിശേഷത്തെക്കാളും, ഡെയിംസിബിലിനെ അഖിലലോകപ്രശസ്തിയുള്ള ഒരു നടിയാക്കിയിട്ടുള്ളതു്. ഷേക്സ്പിയർമഹാകവിയുടെ നായികമാരുടെ ഭാഗം തന്മയത്വത്തോടുകൂടി അഭിനയിച്ചു അവരുടെ സ്വഭാവം യഥാർത്ഥരൂപത്തിൽ പ്രകാശിപ്പിക്കുന്നതിനു ഡെയിംസിബിലിനുള്ള കഴിവു അനുപമമാണ്. ഷേക്സ്പിയരുടെ ഹെൻറി നാലാമൻ എന്ന കഥയിൽ മിസ്സ്രസ് ക്വിക്ക്ലിയുടെ വേഷത്തിലാണ ഡെയിംസിബിൽ ചിത്രത്തിൽ കാണപ്പെടുന്നതു്.

താഴെ—ബക്കിംഗ്ഹാം കൊട്ടാരത്തിലുള്ള എലിസബത്തു കുമാരിയുടെ പള്ളിയറയിലെ ജനാലയിൽകൂടി ലണ്ടൻനഗരം കാണപ്പെടുന്നതു ഇങ്ങനെയാണ്. വലതുവശത്തു വിക്ടോറിയാമെമ്മോറിയലിനു താഴെയായി കാണുന്നതാണ "ബിഗ്ബെൻ" എന്ന നാഴികമണിമേട.

# മരണം

—ം—

(ടാഗോറിൻെറ ബംഗാളികവിതയുടെ ഭാഷാന്തരം)

കെ. ആർ. സുധേശൻനായർ

മരണമേ! നീ എൻെറ ശ്യാമസുന്ദരനു തുല്യനാണ്. നീ മേഘവർണ്ണനും മേഘസദൃശമായ ജടയോടുകൂടിയവനുമാണ്. നിൻെറ കരങ്ങൾ രക്തകമല സദൃശങ്ങളും, നിൻെറ അധരപുടങ്ങൾ രക്തവർണ്ണങ്ങളുമാണ്. നിൻെറ ദയാദൃഷ്ടി സർവ്വതാപങ്ങളെയും ഹരിക്കുന്നു. നീ സർവ്വജീവികൾക്കും മൃത്യുവാകുന്ന അമൃതത്തെ ദാനംചെയ്യുന്നു. നീ എൻെറ ശ്യാമസുന്ദരനു സമനാണ്.

മരണമേ! ശ്യാമസുന്ദരനെന്നു നിന്നെ ഞാനെന്നാണു സംബോധന ചെയ്യേണ്ടതു്. നിർദ്ദയനായ മാധവൻ എന്നെ എന്നേയ്ക്കുമായ് വിസ്മരിച്ചുകളഞ്ഞു. എന്നാലും നീ എന്നിൽ വൈമുഖ്യം പ്രകടിപ്പിക്കയില്ല. ആകുലയായ രാധയുടെ നേത്രയുഗങ്ങളിൽ നിന്നു് അശ്രുധാര അനർഗ്ഗളമായ് പ്രവഹിക്കുന്നു. എൻെറ മാധവൻ നീതന്നെ. എനിക്കു സഹായവും നീതന്നെ. നീ എൻെറ താപത്തെ നശിപ്പിച്ചാലും മരണമേ! നീ സമീപത്തേയ്ക്കു വരിക!

ആകാശത്തിലെ അന്ധകാരത്തിൽ ലോകം മുഴുകിയിരിക്കുന്നു. മിന്നൽപ്രകാശിക്കുന്നു. മേഘമാലകൾ ഘോരമായ് ഗർജ്ജിക്കുന്നു. സാലതാലവൃക്ഷങ്ങൾ പേടിച്ചു വിറയ്ക്കുന്നു. മാർഗ്ഗം അതിഘോരവും വിജനവുമായിരിക്കുന്നു. നിന്നെ ഏകാന്തതയിൽ കാണുന്നതിലേയ്ക്കു് ഞാൻ ഇതാവരുന്നു. നിൻെറ പ്രണയിനിയായ ഞാൻ എന്തിനു ഭയപ്പെടുന്നു? ഭയബാധകളെല്ലാംതന്നെ അഭയാമൃതത്തിലാഴ്ത്തി. എനിക്കു വഴികാണിക്കാം. ഭാനുസിംഹൻ പറയുന്നു. 'രാധേ! നിൻെറ ഹൃദയം ചഞ്ചലമാണ്. നീ ആലോചിച്ചു നോക്കു!'

നീ ആരു്? നീ ആരു്? എന്നോടുപറയുക. ഓരോ നിമിഷവും നീ എൻെറ ഹൃദയാന്തർഭാഗത്തിൽ ജാഗ്രതയായ് വസിക്കുന്നു. എൻെറ നേത്രങ്ങൾക്കുള്ളിൽ നീ സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. നിൻെറ അരുണനേത്രങ്ങൾ, എൻെറ മനങ്ങളിൽനിന്നു്, ഒരിക്കലും അന്തർദ്ധാനം ചെയ്യുന്നില്ല. നീ ആരു്? എന്നോടുപറയുക.

എൻെറ ഹൃദയകമലം നിൻെറ പാദങ്ങളിൽ കിടന്നുരുളുന്നു. എൻെറ നേത്രയുഗങ്ങൾ നിറയുന്നു. പ്രേമപൂർണ്ണമായ ശരീരം, നിന്നിൽ വിലയം പ്രാപിക്കുന്നതിനു, പുളകംകൊള്ളുന്നു. നീ ആരു്? എന്നോടുപറയുക!

നിൻെറ മുരളീനാദം അമൃതവും ഹാലാഹലവും നിറഞ്ഞതാണ്. ഹൃദയഭേദകവും ഹൃദയാപഹാരിയുമാണ്. അതിൻെറ, ശോകാത്മകമായ കാകളീനാദം ലോകമെങ്ങും നിറഞ്ഞുകഴിഞ്ഞു. എൻെറ പ്രാണൻ നിന്നെ സമീപിക്കാൻ വെമ്പുന്നു. നീ ആരു്? എന്നോടുപറയുക.

നിൻെറ മന്ദഹാസംകണ്ടു് മാധവമാസം ഓടിവരുന്നു. നിൻെറ മുരളീഗാനം കേട്ടു് കോകിലങ്ങൾ ഗാനംചെയ്യുന്നു. ദുഃഖിച്ച ഭ്രമരിയെപ്പോലെ ഭുവനങ്ങൾ മൂന്നാംവന്നു് നിൻെറ പാദകമലങ്ങളെ സ്പർശിക്കുന്നു. നീ ആരു്? എന്നോടു പറയുക!

വികസിതയൗവനകളായ ഗോപവധുക്കളും, പുളകംകൊള്ളുന്ന യമുനാനദിയും, മുകളിതങ്ങളായ ഉപവനങ്ങളും, നീലജലത്തിൽനിന്നു വീശുന്ന മന്ദമാരുതനും ഒരു നിമിഷത്തിൽ മനസ്സും പ്രാണനും ത്യജിക്കുന്നു. നീ ആരു്? എന്നോടു പറയുക!

എൻെറ തൃഷിതനയനങ്ങൾ നിൻെറ മുഖത്തിൽ വിഹരിക്കുന്നു. നിൻെറ മധുരസ്പർശത്തിനുവേണ്ടി രാധ കൊതിക്കുന്നു. നിൻെറ പ്രേമത്തിനുവേണ്ടി യത്നിച്ചുകൊണ്ടു് ഹൃദയവും പ്രാണനും അവൾ നിൻെറ പദതലത്തിൽ സമർപ്പിക്കുന്നു. നീ ആരു്? എന്നോടു പറയുക!

നീ ആരു്? നീ ആരു്? സകലരും ഈ ചോദ്യംതന്നെ ചോദിച്ചുകൊണ്ടു് നിത്യവും കണ്ണുനീർ തുടയ്ക്കുന്നു. ഭാനുകവി നിന്നോടു് അപേക്ഷിക്കുന്നു. 'എൻെറ സർവ്വ സംശയങ്ങളും ദൂരീകരിച്ചു് എൻെറ ജന്മത്തെ നിൻെറ പാദങ്ങളിൽ സമർപ്പിക്കുന്നതിനു് അനുവദിക്കുക?' നീ ആരു്? എന്നോടു പറയുക.

—ം—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon